സീറോമലബാർ
സമുദായശക്തീകരണവർഷം
2026

VEDAPRACHARA
MADHYASTHAN
വാല്യം 98
ലക്കം 09
2026 മാർച്ച്

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

2026 മാർച്ച്

# നാമഹേതുകതിരുനാൾ

(മാർച്ച് 19)



**അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവിന്
അതിരൂപതാകുടുംബത്തിന്റെ
പ്രാർഥനാശംസകൾ...**

## നവദൗത്യങ്ങൾക്ക് ആശംസകൾ..



**ഫാ. ജോസഫ് ഈറ്റോലിൽ**
(ഡിക്കാസ്റ്ററി ഫോർ
ഇന്റർറിലീജിയസ് ഡയലോഗ്,
വത്തിക്കാൻ)



**ഫാ. ജേക്കബ് ചക്കാത്ര**
(ഏഷ്യൻ കോണ്ടിനെന്റ്
സ്പിരിച്വൽ ഡയറക്ടർ,
ഇന്റർനാഷനൽ ഫെഡറേഷൻ
ഓഫ് കാത്തലിക് പറോക്കിയൽ
യൂത്ത് മൂവുമെന്റ്സ്)



‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

YOUR GRACE IS SUFFICIENT FOR ME

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശ്ശേരി അതിരൂപത

സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 09 ● മാർച്ച് 2026

# ഉള്ളടക്കം


നോമ്പുകാലസന്ദേശം: മാർപാപ്പാ.......05
സർക്കുലർ: കരുവള്ളിക്കാട് തീർഥാടനം (26 Ch. TCL 20) .......10
കെ.സി.ബി.സി. സർക്കുലർ: മദ്യ-ലഹരി വിരുദ്ധ ഞായർ.......12
കച്ചേരിക്കാര്യം.......18
17-ാമത് പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്.......31
സന്ദേശനിലയം.......33
ചെറുപുഷ്പ മിഷൻ ലീഗ്.......37
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ.......39
ഫാമിലി അപ്പോസ്തലേറ്റ്.......41
യുവദീപ്തി-എസ്.എം.വൈ.എം.......45
കാനാ.......47
കെ.സി.എസ്.എൽ.......49
ചാസ്സ്.......50
ചാസ്സ്-ഖാദി.......55
ജീവകാരുണ്യനിധി ട്രസ്റ്റ്.......56
ആതുരശുശ്രൂഷാമേഖല.......58
പ്രവാസി അപ്പോസ്തലേറ്റ്.......62
കത്തോലിക്കാ കോൺഗ്രസ്.......63
കേരള ലേബർ മൂവുമെന്റ്.......65
ആത്മതാകേന്ദ്രം.......67
ദളിത് കത്തോലിക്കാ മഹാജനസഭ.......68
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ.......69
വിൻസെൻഷ്യൻ വേദി.......71
കരിസ്മാറ്റിക് നവീകരണം.......73
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി.......74
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ്.......80



വേദപ്രചാര
**മദ്ധ്യസ്ഥൻ**
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

No.: 4178/K-5/KCBC/OL/DS 16.02.2026

# പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പായുടെ 2026-ലെ നോമ്പുകാലസന്ദേശം

## ശ്രവണത്തിന്റെയും ഉപവാസത്തിന്റെയും മാനസാന്തരത്തിന്റെയും സമയമായ നോമ്പുകാലം

പ്രിയ സഹോദരീസഹോദരന്മാരേ,

മാതൃസഹജമായ കരുതലാൽ പ്രചോദിതയായി ദൈവത്തിന്റെ രഹസ്യം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവാക്കി തീർക്കാനുള്ള ക്ഷണവുമായി സഭ നില്ക്കുന്ന സമയമാണ് നോമ്പുകാലം. അതിന്റെ ലക്ഷ്യം നമ്മുടെ വിശ്വാസത്തിന്റെ നവീകരണവും നമ്മുടെ ഹൃദയങ്ങൾ ദൈനംദിനജീവിതത്തിന്റെ ഉത്കണ്ഠകളാലും ശ്രദ്ധ വ്യതിചലിക്കലുകളാലും ഗ്രസിക്കപ്പെടാതിരിക്കുകയും ചെയ്യുക എന്നതത്രേ.

മാനസാന്തരത്തിന്റെ ഓരോ വഴിയും ആരംഭിക്കുന്നത് നമ്മുടെ ഹൃദയങ്ങൾ ദൈവവചനത്താൽ സ്പർശിക്കപ്പെടാൻ അനുവദിക്കുകയും ആ വചനത്തെ അനുഭാവമുള്ള ചൈതന്യത്താൽ സ്വാഗതം ചെയ്യുകയും ചെയ്യുമ്പോഴാണ്. വചനവും അതിന്റെ സ്വീകരണവും അതു വരുത്തിവെക്കുന്ന പരിവർത്തനവും തമ്മിൽ യഥാർഥ ബന്ധമുണ്ട്. ഇക്കാരണത്താൽ, തപസ്സുകാലതീർത്ഥാടനം കർത്താവിന്റെ സ്വരം ശ്രവിക്കാനും മിശിഹായെ അനുധാവനം ചെയ്യുന്നതിനുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത പരിഷ്കരിക്കാനുമുള്ള സ്വീകാര്യമായ അവസരമാണ്; അത് ജറുസലേമിലേക്കുള്ള വഴിയിൽ അവിടുത്തെ അനുഗമനം ചെയ്യുക എന്നതാണ്; അവിടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യം പൂർത്തീകരിക്കപ്പെടും.

### ശ്രവണം

ശ്രവിക്കുന്നതുവഴിയാണ് നാം വചനത്തിന് ഇടംനല്കുന്നത് എന്നതാണ് ഈ വർഷം ഒന്നാമത്തെ ചിന്തയായി ഞാൻ പങ്കുവയ്ക്കുന്നത്.

ഒരാളെ ശ്രവിക്കാനുള്ള സന്നദ്ധതയാണ് നാം ആരെങ്കിലുമായി ബന്ധത്തിൽ ആയിരിക്കാൻ താത്പര്യപ്പെടുന്നു എന്നതിന്റെ ആദ്യ ലക്ഷണം.

എരിഞ്ഞടങ്ങാത്ത മുൾപ്പടർപ്പിൽനിന്നു മോശയ്ക്ക് തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ട്, തന്നെ നിർവചിക്കുന്ന ലക്ഷണങ്ങളിൽ ഒന്ന് ശ്രവണമാണെന്ന് ദൈവം നമ്മെ പഠിപ്പിക്കുന്നു: ''ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ദുരിതം ഞാൻ കാണുകതന്നെ ചെയ്തിരിക്കുന്നു. അവരുടെ രോദനം ഞാൻ കേട്ടിരിക്കുന്നു'' (പുറ 3:7). അടിച്ചമർത്തപ്പെട്ടവരുടെ രോദനം കേൾക്കുന്നത് വിമോചനത്തിന്റെ കഥയുടെ ആരംഭമാണ്; അങ്ങനെയാണ് കർത്താവ് മോശയെ വിളിക്കുകയും അടിമത്തത്തിലേക്കു വലിച്ചിഴയ്ക്കപ്പെട്ട തന്റെ മക്കൾക്കു രക്ഷയുടെ വഴിതുറന്നുകൊടുക്കാൻ മോശയെ അയയ്ക്കുകയും ചെയ്യുന്നത്.

നമ്മുടെ ദൈവം നമ്മെയും കൂടെനിർത്താൻ താത്പര്യപ്പെടുന്നവനാണ്. ഇന്നും തന്റെ ഹൃദയത്തിലുള്ളത് അവിടന്ന് നമ്മോടു പങ്കുവയ്ക്കുന്നു. ഇക്കാരണത്താൽ, ആരാധനക്രമത്തിൽ വചനം ശ്രവിക്കുന്നതു വഴിയായി യാഥാർഥ്യത്തിന്റെ സത്യം എന്താണെന്ന് ശ്രവിക്കാൻ അത് നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ വ്യക്തിജീവിതങ്ങളിലും സമൂഹത്തിലുമുള്ള നിരവധി സ്വരങ്ങളുടെ മധ്യേ വേദന നിറഞ്ഞവരും സഹിക്കുന്നവരുമായുള്ളവരുടെ രോദനം തിരിച്ചറിയാനും അതിനോടു പ്രതികരിക്കാനും വിശുദ്ധലിഖിതം നമ്മെ സഹായിക്കുന്നു. ശ്രവിക്കാനുള്ള ആന്തരിക തുറവ് പരിപോഷിപ്പിക്കാനായി എപ്രകാരമാണ് ശ്രവിക്കേണ്ടതെന്നു നമ്മെ പഠിപ്പിക്കാൻ ദൈവത്തെ അനുവദിക്കണം, അവിടുന്ന് തന്നെ ശ്രവിക്കുന്നതുപോലെ. ''മാനവചരിത്രത്തിൽ ദരിദ്രരുടെ അവസ്ഥ ഒരു വിലാപം ആണ്. അത് നിരന്തരം നമ്മുടെ ജീവിതങ്ങളെയും സമൂഹങ്ങളെയും രാഷ്ട്രീയ, സാമ്പത്തിക സംവിധാനങ്ങളെയും, അങ്ങേയറ്റം സഭയെയും വെല്ലുവിളിക്കുന്നു''(1).

## ഉപവാസം

തപസ്സുകാലം ശ്രവണത്തിന്റെ സമയമാണെങ്കിൽ, ദൈവവചനം സ്വീകരിക്കാനായി നമ്മെ ഒരുക്കുന്ന ഒരു മൂർത്തമായ മാർഗമാണ് ഉപവാസം. ഭക്ഷണം ഉപേക്ഷിക്കുക എന്ന പുരാതന സന്യാസപ്രവർത്തനശൈലി (ancient ascetic practice) മാനസാന്തരത്തിന്റെ പാതയിൽ അവശ്യംവേണ്ട ഒന്നാണ്. ഉപവാസം ശരീരത്തെ സംബന്ധിച്ചുള്ളതാണ്; അതിനാൽ, എന്തിനുവേണ്ടിയാണ് നമുക്ക് വിശപ്പും ദാഹവും ഉള്ളതെന്നും, എന്താണ് നമ്മുടെ ജീവൻ നിലനിന്നുപോകാൻ നമുക്ക് ആവ

ശ്യമുള്ളതായി തോന്നുന്നതെന്നും മനസ്സിലാക്കാൻ ഉപവാസം നമ്മെ സഹായിക്കുന്നു. മാത്രമല്ല, നമ്മുടെ ''ഭക്ഷണേച്ഛകൾ'' (appetites) തിരിച്ചറിയാനും അവ ക്രമപ്പെടുത്താനും നമ്മെ സഹായിക്കുന്നു. അതുപോലെ നീതിക്കായുള്ള നമ്മുടെ വിശപ്പും ദാഹവും സജീവമാക്കി നിർത്തുന്നതിനും നമ്മെ അമിതാത്മവിശ്വാസത്തിൽനിന്ന് (from complacency) മോചിപ്പിക്കുന്നതിനും സഹായകമാകുന്നു. അത് നമ്മെ പ്രാർഥിക്കാനും നമ്മുടെ അയൽക്കാരനോട് ഉത്തരവാദിത്വപൂർവം പെരുമാറാനും പഠിപ്പിക്കുന്നു.

തന്റെ ആത്മീയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ, വിശുദ്ധ അഗസ്റ്റിനോസ്, ഈ കാലഘട്ടത്തിലെ ഇപ്പോഴത്തെ നിമിഷവും ഭാവിയിലെ സാക്ഷാത്കാരവും തമ്മിലുള്ള സംഘർഷം എന്താണെന്ന് മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു; അത് നമ്മുടെ ഹൃദയത്തിന്റെ സൂക്ഷിപ്പിന്റെ ഭാഗമാണ്. അദ്ദേഹം പറയുന്നു: ''ഈ ഭൂമിയിലെ ജീവിതത്തിന്റെ കാലഘട്ടത്തിൽ സ്ത്രീപുരുഷന്മാരുടെ ഉത്തരവാദിത്വമാണ് നീതിക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുക എന്നത്; എന്നാൽ അത് ശമിപ്പിക്കപ്പെടുന്നത് അടുത്ത ലോകത്തിലാണ്. മാലാഖമാർ ഈ അപ്പം കൊണ്ട്, ഈ ഭക്ഷണം കൊണ്ട്, സംതൃപ്തരാക്കപ്പെടുന്നു. മറുവശത്ത്, മനുഷ്യരാശിയാകട്ടെ അതിനായി വിശപ്പ് അനുഭവിക്കുന്നു; നാമെല്ലാവരും ആഗ്രഹത്താൽ അതിലേക്കു നയിക്കപ്പെടുന്നു. ആഗ്രഹത്താലുള്ള ഈ എത്തിനില്ക്കൽ ആത്മാവിനെ വിസ്തൃതമാക്കുന്നു (expands); അതിന്റെ പ്രാപ്തി (capacity) വർധമാനമാക്കുകയും ചെയ്യുന്നു''(2). ഈ രീതിയിൽ മനസ്സിലാക്കപ്പെടുമ്പോൾ, ഉപവാസം നമ്മുടെ ആഗ്രഹത്തെ ശുദ്ധിവരുത്തി അതിനെ കൂടുതൽ സ്വതന്ത്രമാക്കി നിയന്ത്രിക്കാൻ അനുവദിക്കുന്നതോടൊപ്പം അതിനെ വിപുലമാക്കാനും അങ്ങനെ ദൈവത്തിലേക്കു തിരിക്കാനും നന്മചെയ്യാനും പ്രാപ്തമാക്കുന്നു.

എന്നാൽ, സുവിശേഷാത്മക ചൈതന്യമനുസരിച്ച് ഉപവാസം അനുഷ്ഠിക്കാനും അത് അഹംഭാവം എന്ന പ്രലോഭനത്തിലേക്കു നയിക്കാതിരിക്കാനും ഇടവരണമെങ്കിൽ അത് വിശ്വാസത്തിലും വിനയത്തിലുമാണ് നടത്തേണ്ടത്. കർത്താവുമായുള്ള കൂട്ടായ്മയിൽ ആയിരിക്കണം അത് അടിസ്ഥാനപ്പെടുത്തേണ്ടത്; എന്തെന്നാൽ, ''ദൈവവചനത്താൽ സ്വയം പരിപോഷിതരാകാൻ സാധിക്കാത്തവർക്ക് ശരിയായ രീതിയിൽ ഉപവസിക്കാനാവില്ല'' (3). പ്രസാദവരത്തിന്റെ സഹായത്താൽ പാപത്തിലും തിന്മയിലും നിന്ന് ഒഴിഞ്ഞിരിക്കാനുള്ള നമ്മുടെ ആന്തരിക പ്രതിജ്ഞാബദ്ധതയുടെ പ്രത്യക്ഷമായ അടയാളമായി ആചരിക്കുന്ന ഉപവാസം കൂടുതൽ സമചിത്തമായ ഒരു ജീവിതശൈലി നേടിയെടുക്കാനുള്ള ലക്ഷ്യത്തിനു സഹായകമായ സ്വയനിഗ്രഹത്തിന്റെ ഇതര രൂപങ്ങളും

ഉൾക്കൊള്ളുന്നതാകണം; കാരണം ''തീവ്രവിരക്തി (austerity) മാത്രമാണ് ക്രൈസ്തവ ജീവിതം ബലമുള്ളതും ആധികാരികവും ആക്കിത്തീർക്കുന്നത്'' (4).

ഈ അർഥത്തിൽ, വളരെ പ്രായോഗികവും സാധാരണ രീതിയിൽ കാര്യമായി വിലകല്പിക്കപ്പെടാത്തതുമായ ഒരു വർജനമാർഗത്തിലേക്കു ഞാൻ നിങ്ങളെ ക്ഷണിക്കാൻ ഉദ്ദേശിക്കുന്നു: നമ്മുടെ അയൽക്കാരനെ അവഹേളിക്കുകയും മുറിപ്പെടുത്തുകയും ചെയ്യുന്ന വാക്കുകളിൽ നിന്ന് ഒഴിഞ്ഞിരിക്കുക. നമുക്ക് നമ്മുടെ ഭാഷ നിരായുധീകരിച്ചുകൊണ്ട് ആരംഭിക്കാം; അതായത്, പരുഷമായ വാക്കുകളും വിവേകരഹിതമായ വിധിപറച്ചിലും പരദൂഷണവും ഒഴിവാക്കാം; സന്നിഹിതരല്ലാത്തവർക്കും സ്വയം പ്രതിരോധിക്കാൻ കഴിയാത്തവർക്കും എതിരായി സംസാരിക്കാതിരിക്കാം. അതിനുപകരം നമ്മുടെ കുടുംബങ്ങളിലും സുഹൃത്തുക്കളുടെ ഇടയിലും ജോലിസ്ഥലത്തും സമൂഹമാധ്യമങ്ങളിലും രാഷ്ട്രീയ സംവാദങ്ങളിലും മാധ്യമങ്ങളിലും ക്രൈസ്തവസമൂഹങ്ങളിലും നമുക്ക് നമ്മുടെ വാക്കുകൾ അളന്ന് നിശ്ചയിച്ച് ഉപയോഗിക്കുകയും ദയയും ബഹുമാനവും പരിശീലിക്കുകയും ചെയ്യാം. ഈ രീതിയിൽ വെറുപ്പിന്റെ വാക്കുകൾക്കു പകരം പ്രത്യാശയുടെയും സമാധാനത്തിന്റെയും വാക്കുകൾ പുലരും.

## ഒരുമിച്ച്

അവസാനമായി, നോമ്പുകാലം വചനശ്രവണത്തിന്റെയും ഉപവാസത്തിന്റെയും സാമൂഹ്യതലത്തിന് ഊന്നൽനല്കുന്നു. വിവിധങ്ങളായ മാർഗങ്ങളിലൂടെ ബൈബിൾതന്നെയും ഈ തലത്തിന് അടിവരയിടുന്നു. ഉദാഹരണത്തിന്, നിയമപുസ്തകത്തിന്റെ പൊതുവായ വായനയ്ക്ക് ജനം ഒരുമിച്ചു കൂടിയതിന്റെ വിവരണം നെഹെമിയായുടെ പുസ്തകം നല്കുന്നു. ദൈവവുമായുള്ള ഉടമ്പടിയുടെ നവീകരണത്തിനായി അവരുടെ വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ടും ഉപവസിച്ചുകൊണ്ട് ആരാധന നടത്തിക്കൊണ്ടും അവർ തയ്യാറെടുക്കുകയായിരുന്നു (9:1–3 കാണുക).

അതുപോലെ, നമ്മുടെ ഇടവകകൾ, കുടുംബങ്ങൾ, സഭാത്മക ഗ്രൂപ്പുകൾ, സന്യസ്തസമൂഹങ്ങൾ എന്നിവ ഒരുമിച്ചുള്ള യാത്രയ്ക്കായി തപസ്സുകാലത്ത് ക്ഷണിക്കപ്പെടുന്നു; ഈ കാലയളവിൽ, ദൈവവചന ശ്രവണവും, ദരിദ്രരുടെ രോദനവും, ഭൂമിയുടെപോലും രോദനവും, നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി മാറുന്നു; ഉപവാസം ആത്മാർഥമായ മനസ്താപത്തിന്റെ അടിസ്ഥാനമായും തീരുന്നു. ഈ പശ്ചാത്തലത്തിൽ, മാനസാന്തരം എന്നു പറയുന്നത്, വ്യക്തിയുടെ മനഃസാക്ഷിയെ മാത്രം ബാധിക്കുന്നതല്ല, മറിച്ച് അത് നമ്മുടെ ബന്ധങ്ങ

ളുടെയും സംഭാഷണത്തിന്റെയും ഗുണമേന്മമ നിർണയിക്കുന്നതുമായി ഭവിക്കുന്നു. അതിന്റെ അർഥം യാഥാർഥ്യത്താൽ നാം വെല്ലുവിളിക്കപ്പെടാൻ അനുവദിക്കുകയും, എന്താണ് യഥാർഥമായും നമ്മുടെ ആഗ്രഹങ്ങളെ നയിക്കുന്നതെന്ന് തിരിച്ചറിയുകയും ചെയ്യുക എന്നതാണ്; അത് നമ്മുടെ സഭാത്മക സമൂഹങ്ങളെയും അതോടൊപ്പം മനുഷ്യരാശിയുടെയും നീതിക്കും അനുരഞ്ജനത്തിനുമുള്ള അഭിവാഞ്ചയെയും ബാധിക്കുന്നതാണ്.

പ്രിയ സുഹൃത്തുക്കളേ, ദൈവത്തോടും നമ്മുടെ ഇടയിലുള്ള ഏറ്റവും എളിയവരോടും കൂടുതൽ ശ്രദ്ധ പുലർത്താൻ നമ്മെ നയിക്കുന്ന നോമ്പുകാലത്തിന്റെ കൃപയ്ക്കായി നമുക്ക് പ്രാർഥിക്കാം. നമ്മുടെ ഭാഷയുടെ ഉപയോഗത്തിൽപോലും വ്യത്യാസം വരുത്തുന്ന തലത്തിലുള്ള ഒരു ഉപവാസാനുഷ്ഠാന രീതിക്കായുള്ള ശക്തിക്കായി നമുക്ക് അപേക്ഷിക്കാം; അങ്ങനെ മുറിപ്പെടുത്തുന്ന വാക്കുകൾ കുറഞ്ഞ് മറ്റുള്ളവരുടെ ശബ്ദത്തിന് കൂടുതൽ ഇടംനൽകുന്ന ഭാവം ഉണ്ടാകട്ടെ. സഹനത്തിൽ ആയിരിക്കുന്നവരുടെ രോദനം സ്വാഗതം ചെയ്യുന്ന ഇടങ്ങളാക്കി നമ്മുടെ സമൂഹങ്ങളെ മാറ്റാൻ നമുക്ക് ശ്രമിക്കാം; നമ്മുടെ ശ്രവണം മോചനത്തിന്റെ പാതകൾ തുറക്കട്ടെ; അങ്ങനെ സ്നേഹത്തിന്റെ ഒരു നാഗരീകത പടുത്തുയർത്തുന്നതിന് സംഭാവന നല്കാൻ നാം സന്നദ്ധരായിരിക്കുകയും ഉത്സുകരാവുകയും ചെയ്യട്ടെ.

നിങ്ങളുടെ നോമ്പുകാലതീർഥാടനത്തെയും നിങ്ങളെ എല്ലാവരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

2026 ഫെബ്രുവരി അഞ്ചാം തീയതി കന്യകയും രക്തസാക്ഷിയും ആയ വിശുദ്ധ ആഗത്തയുടെ സ്മരണാ ദിനത്തിൽ വത്തിക്കാനിൽനിന്നു നല്കിയത്.

Leone PP. XIV

**ലിയോ പതിനാലാമൻ പാപ്പാ**

[1] Apostolic Exhortation Dilexi Te (4 October 2025), 9.
[2] Augustine The Usefulness of Fasting, 1, 1.
[3] Benedict XVI, Catechesis (9 March 2011).
[4] Paul VI, Catechesis (8 February1978).

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി – 682 025

## സർക്കുലർ

26 Ch. TCL 20

# കരുവള്ളിക്കാട് കുരിശുമല തീർഥാടനം

ഈശോയിൽ സ്നേഹമുള്ളവരേ,

നമ്മുടെ കർത്താവീശോമിശിഹായുടെ പെസഹാ രഹസ്യങ്ങളെ ആഴത്തിൽ ധ്യാനിച്ചും ഉപവാസം, പ്രാർഥന, ദാനധർമ്മം എന്നിവയിൽ പദമൂന്നിയും തപസ്സുകാലത്തിലൂടെ നാം മുന്നോട്ടുപോകുകയാണല്ലോ. ത്യാഗപൂർണ്ണമായ പരിഹാര പ്രവൃത്തികൾ നമ്മുടെ ജീവിതത്തെ ആകമാനം വിശുദ്ധീകരിക്കുന്നതിന് കാരണമാകട്ടെയെന്ന് ഞാൻ പ്രാർഥിക്കുന്നു. വിശുദ്ധ അഗസ്തീനോസ് പ്രസ്താവിക്കുന്നതുപോലെ ദൈവത്തോടുള്ള പരിശുദ്ധമായ സ്നേഹത്തിന്റെ വികാരങ്ങളാൽ നിറയപ്പെടുകയും അങ്ങനെ വിശുദ്ധമായ പ്രവൃത്തികൾക്ക് പ്രചോദിപ്പിക്കപ്പെടുകയും ചെയ്യുന്ന സമയമാണ് തീർത്ഥാടന നിമിഷങ്ങൾ. നോമ്പുകാലത്ത് തീക്ഷ്ണമായ പ്രാർഥനയോടെ ഈശോയുടെ കഷ്ടാനുഭവങ്ങളെ ധ്യാനിച്ച്, ത്യാഗത്തോടെ തീർഥാടനങ്ങൾ നടത്തുന്ന നല്ല പാരമ്പര്യമാണ് നമുക്കുള്ളത്. നമ്മുടെ അതിരൂപതയിലെ തന്നെ നല്ല തീർഥാടന കേന്ദ്രമായി വളർന്നു കൊണ്ടിരിക്കുന്ന കരുവള്ളിക്കാട് കുരിശുമലയിൽ വിശ്വാസികൾ ഇതിനോടകം തന്നെ ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ തീർഥാടനം ആരംഭിച്ചിരിക്കുന്നത് അഭിനന്ദനാർഹമാണ്. നമ്മുടെ അതിരൂപതയിലെ പള്ളികൾ, സമർപ്പിത ഭവനങ്ങൾ, വിശ്വാസ പരിശീലന വേദി, കുടുംബക്കൂട്ടായ്മകൾ, യുവജന പ്രസ്ഥാനങ്ങൾ, മാതൃപിതൃവേദി, KLM, AKCC, സ്കൂളുകൾ, കോളേജുകൾ, ആതുരാലയങ്ങൾ, വിവിധ ഭക്തസംഘടനകൾ, സാമൂഹികസേവന രംഗങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുൾപ്പടെ എല്ലാ മേഖലകളിൽ നിന്നും ഈ വർഷവും കരുവള്ളിക്കാട് കുരിശുമല തീർഥാടനത്തിന് വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. തീർഥാടകരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചു വരുന്നത് ഏറെ സന്തോഷപ്രദമാണ്. യുവജനങ്ങളും മറ്റും നോമ്പെടുത്ത് ഈ കുരിശുമലയിലേയ്ക്ക് പദയാത്രകൾ നടത്തുന്നതും മാതൃകാപരമായിരിക്കും. ബഹളങ്ങളില്ലാതെ കുടുംബാംഗങ്ങളൊരുമിച്ചും ചെറിയ പ്രാർഥനാ ഗ്രൂപ്പുകളായും ശാന്തമായി

പ്രാർഥിച്ച് മല കയറുന്നതും കരുവള്ളിക്കാട് കുരിശുമലയിലെ വേറിട്ട കാഴ്ചയാണ്. ഈ വർഷവും പാതിനോമ്പു മുതൽ പുതുഞായർ വരെ (മാർച്ച് 13 മുതൽ ഏപ്രിൽ 12 വരെ) പകലും രാത്രിയും കുരിശുമല കയറുന്നതിന് സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. തീർഥാടകരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിൽ കുരിശുമലയുടെ വികസനവും അനിവാര്യമാണല്ലോ. ഈശോയുടെ രക്ഷാകര സംഭവങ്ങളെ ധ്യാനിച്ച് വിശ്വാസികൾക്ക് തീർഥാടനം നടത്തുന്നതിനും മലമുകളിൽ പരിശുദ്ധ കുർബാന അർപ്പിക്കുന്നതിനും ധ്യാനാത്മകമായി പ്രാർഥിക്കുന്നതിനും സ്ഥിരമായ സംവിധാനങ്ങൾ ഇതോടൊപ്പം ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഉദാരതയോടെ കുടുംബങ്ങളും ഇടവകളും മുന്നോട്ടു വരണമെന്നും സ്നേഹപൂർവം അഭ്യർഥിക്കുന്നു.

അതിരൂപതയിലെ പരമാവധി ദൈവജനം തീർഥാടനത്തിൽ പങ്കുചേരുന്നത് വലിയ സാക്ഷ്യമായിരിക്കും. ദൈവസ്നേഹത്തോടെ സഹോദരീസഹോദരന്മാരെ ശുശ്രൂഷിക്കുന്നതിനായി ക്രൂശിതനിൽനിന്ന് സ്നേഹവും ശക്തിയും ആർജ്ജിച്ചെടുക്കുന്നതിന് ഈ വർഷത്തെ കുരിശുമല തീർഥാടനത്തിലൂടെ നിങ്ങൾക്കു സാധിക്കട്ടെയെന്ന് പ്രാർഥിക്കുന്നു. കഠിനാദ്ധ്വാനത്തിന്റെയും സങ്കടങ്ങളുടെയും താഴ്വരകളിലേയ്ക്ക് മടങ്ങേണ്ടി വരുമ്പോൾ വലിയ ആത്മീയാനുഭവം പകരുന്ന ഇപ്രകാരമുള്ള തീർഥാടനങ്ങൾ നമ്മെ ഏറെ വിശുദ്ധീകരിക്കുകയും ശക്തീകരിക്കുകയും ചെയ്യുമെന്ന പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകൾ നമ്മെ പ്രചോദിപ്പിക്കട്ടെ.

കണ്ണീരിന്റെ ദാനം സ്വീകരിച്ച് പശ്ചാത്താപത്തോടെയും പരിഹാരങ്ങളനുഷ്ഠിച്ചും ഉപവി പ്രവൃത്തികളിൽ തല്പരരായും കർത്താവിന്റെ പീഡാനുഭവങ്ങളെ ധ്യാനിച്ച് ഉയിർപ്പു തിരുനാളിന് സമുചിതമായി നമുക്കൊരുങ്ങാം.

സ്നേഹപൂർവം,

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 മാർച്ച് 01 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

No.: 4177/K-5/KCBC/OL/DS 13.02.2026

# മദ്യ-ലഹരി വിരുദ്ധ ഞായർ - 2026 മാർച്ച് 8

## മദ്യ-ലഹരി വിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ 2026 മാർച്ച് 08-ാം തീയതി മദ്യ-ലഹരി വിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെ ക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരിവിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 'മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചുവരുന്നു.

മനുഷ്യജീവിതം ദൈവം നൽകിയ അമൂല്യമായ ദാനമാണ്. ജീവിതത്തെ സ്നേഹത്തോടെയും ഉത്തരവാദിത്വത്തോടെയും സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. കത്തോലിക്കാ സഭ മനുഷ്യ ശരീരത്തെ പരിശുദ്ധാത്മാവിന്റെ ആലയമായാണ് ദൈവവചന വെളിച്ചത്തിൽ മനസ്സിലാകുന്നത്. അതുകൊണ്ടാണ് മദ്യത്തിന്റെ അമിതമായ ഉപയോഗം ഗുരുതരമായ പാപമാണ് എന്ന് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നാം വായിക്കുന്നത് (CCC 2290). നിങ്ങൾ വീഞ്ഞ് കുടിച്ചു ഉന്മത്തരാകരുത്. അതിൽ ദുരാസക്തിയുണ്ട്. മറിച്ച് ആത്മാവിൽ പൂരിതരാകുവിൻ (എഫേസോസ് 5:18) എന്ന വി. പൗലോസ് ശ്ലീഹായുടെ പ്രബോധനം ഇത്തരുണത്തിൽ ഏറെ അർത്ഥപൂർണ്ണമാണ്.

ഒരു നിർണായക കാലഘട്ടത്തിലൂടെയാണ് നാം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. മദ്യവും ഇതര ലഹരിവസ്തുക്കളും നമ്മുടെ വീടുകളിലേയ്ക്കും കുടുംബങ്ങളിലേയ്ക്കും യുവജനങ്ങളിലേയ്ക്കും കടന്നുകഴിഞ്ഞിരിക്കുന്നു. ലഹരിയെ ''സന്തോഷമായി'' ചിത്രീകരിക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്വയം നശിപ്പിക്കുന്ന പ്രവണതകളെ വിനോദമെന്ന പേരിൽ മഹത്വപ്പെടുത്തുന്ന സംസ്ക്കാരം യുവതലമുറയെ ഇന്ന് വഴിതെറ്റിക്കുന്നുണ്ട്. വേദനയിൽനിന്ന് രക്ഷപ്പെടാൻ ദൈവത്തി

ലാശ്രയിക്കുന്ന തിനുപകരം മദ്യത്തിലും ഇതര ലഹരിവസ്തുക്കളിലും അഭയം പ്രാപിക്കുന്ന പ്രവണതയാണ് വളർന്നുവരുന്നത്.

മദ്യപാനത്തിന്റെയും ഇതര ലഹരി വസ്തുക്കളുടെയും ഉപയോഗ ത്തിന്റെ തിക്തഫലങ്ങൾ സമൂഹത്തെ വല്ലാതെ ബാധിച്ചു കഴിഞ്ഞു. കുടുംബ ബന്ധങ്ങൾ മൗനമായി രക്തം വാർക്കുന്നു. അടച്ച വാതിലുകൾ ക്കുള്ളിൽ അമ്മമാർ തേങ്ങുന്നു. കുട്ടികൾ ഭയന്നു വിറയ്ക്കുന്നു. സ്നേ ഹക്കൂടായി നിർമ്മിച്ച വീടുകൾ കലഹത്തിന്റെയും പീഡനത്തിന്റെയും കൊലയുടെയും കേന്ദ്രങ്ങളായി മാറുന്നു. സമൂഹം ഇങ്ങനെ കണ്ണടച്ച് മുന്നോട്ട് പോകുമ്പോൾ ലഹരി സമാധാനവും ആരോഗ്യവും ജീവനും കവർന്നുകൊണ്ടിരിക്കുന്നു.

## ലഹരി എന്ന മാരക തിന്മ

ലഹരി വെറും സാമൂഹിക പ്രശ്നമല്ല. ഒരു ആത്മീയ പ്രതിസന്ധി യാണ്. മദ്യം മനഃസാക്ഷിയെ മയക്കുന്നു. ആത്മബലം തകർക്കുന്നു. മനുഷ്യനെ ദൈവത്തിൽ നിന്ന് പതുക്കെ അകറ്റുന്നു. ശത്രു ഒരുനാൾ കൊണ്ട് മനുഷ്യനെ നശിപ്പിക്കുന്നില്ല. 'അല്പം മാത്രം' 'ഒരു തവണ മാത്രം' എന്ന വഞ്ചനയിലൂടെയാണ് നാശം തുടങ്ങുന്നത്. ലഹരിയെന്നത് ശരീ രത്തെ മാത്രമല്ല ആത്മാവിനെയും ബാധിക്കുന്ന തിന്മയാണ്. ലഹരി ഇന്ന്, കേവലം ഒരു ശീലമോ, രോഗമോ മാത്രമല്ല, മറിച്ച് വ്യക്തിക ളെയും കുടുംബങ്ങളെയും തകർക്കുന്ന ഒരു പൈശാചികശക്തിയായി മാറിയിരിക്കുന്നു. വിശുദ്ധഗ്രന്ഥം ഓർമ്മിപ്പിക്കുന്നതുപോലെ, ഇത്തരം ദുഷ്ടശക്തികളെ കീഴ്പ്പെടുത്താനും തുരത്താനും ആത്മീയമായ ആയു ധങ്ങളിൽ തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

'പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോവുകയില്ല' (മർക്കോസ് 9:29) എന്നാണ് സുവിശേഷ സാക്ഷ്യം. പ്രവാചകന്മാരെപോലെ സഭാമക്കൾ ഈ തിന്മയ്ക്കെതിരെ ഉണർന്നെഴുന്നേൽക്കേണ്ട കാലഘട്ടമാണിത്. ഈ തിന്മയ്ക്കു മുൻപിലെ സഭാമക്കളുടെ മൗനം പാപമാണെന്ന കാര്യം വിസ്മരിക്കരുത്. കുട്ടിക ളെയും, യുവജനങ്ങളെയും ഈ തിന്മയിൽ നിന്ന് സംരക്ഷിക്കുവാനും, അവരുടെ നല്ല ഭാവി ഉറപ്പാക്കുവാനും സഭാകൂട്ടായ്മ അവളുടെ സർവ്വ സന്നാഹങ്ങളോടെ പോരാടേണ്ടിയിരിക്കുന്നു. യഥാർത്ഥ സന്തോഷം ലഹരിയിൽ അല്ലെന്നും നീതിയിലും, സമാധാനത്തിലും ആത്മാവിലുള്ള സന്തോഷത്തിലുമാണെന്ന (റോമാ 14:17) ദൈവവചന ബോധ്യം പുതു തലമുറയ്ക്ക് ഫലപ്രദമായി പകർന്നു കൊടുക്കുവാൻ നാം തീക്ഷ്ണ തയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

## യുവജനങ്ങളോട്

യുവജനങ്ങൾക്ക് ഇത് മടങ്ങിവരവിന്റെ നിമിഷമാകട്ടെ. ലഹരി

യോട് 'ഇല്ല' എന്ന് പറയുകയും ജീവിതത്തോട് 'അതെ' എന്ന് പറയുകയും ചെയ്യുന്ന തലമുറയായി പുതുതലമുറ മാറണം.

പ്രിയ യുവജനങ്ങളെ, അതിനായി നിങ്ങൾ സ്വയം ഉണരുകയും മറ്റുള്ളവരെ ഉണർത്തുകയും വേണം. കുപ്പിക്കുള്ളിലൊതുങ്ങുന്നതല്ല സന്തോഷം. ദൈവം നിങ്ങളെ സൃഷ്ടിച്ചത് ലഹരിക്കായല്ല. മറിച്ച് ലക്ഷ്യത്തിനും ദൗത്യത്തിനും വേണ്ടിയാണ്. ലഹരിയുടെ മായാവലയത്തിൽ പെടാതെ വിശ്വാസവും മൂല്യങ്ങളും ബോധ്യങ്ങളും അനുസരിച്ച് മാതൃകാ ജീവിതം നയിച്ച് മുന്നേറുക. ലഹരിയുടെ ഉപയോഗം ശീലമാകാതെയും, ശീലം അടിമത്തമാകാതെയും സ്വയം സുരക്ഷിത കവചം തീർക്കാനാകണം. ലഹരിയുടെ അടിമത്തം ജീവിതം തന്നെ തകർക്കും. നിങ്ങളുടെ ശരീരമാകുന്ന പരിശുദ്ധാവിന്റെ ആലയത്തെ ലഹരി വഴി സാത്താന്റെ ആലയമാക്കി മാറ്ററുത്. നിങ്ങൾ ശക്തരാണ് നിങ്ങൾക്ക് ലഹരിയോട് 'ഇല്ല' എന്ന് പറയാനുള്ള അധികാരം ദൈവം നല്കിയിട്ടുണ്ട്.

നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ? നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല. നിങ്ങൾ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്. ആകയാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ (1 കോറി 6:19,20) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ നിങ്ങൾക്ക് വഴിവിളക്കാകണം. 'വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്; അവയ്ക്കടിമപ്പെടുന്നവനു വിവേകമില്ല' എന്നാണ് സുഭാഷിത മൊഴി (സുഭാഷിതങ്ങൾ 20:1).

നിങ്ങളുടെ ഭാവി തീരുമാനിക്കുന്നത് നിങ്ങളുടെ വിശ്വാസമാണോ അല്ലെങ്കിൽ കൂട്ടുകാരുടെ സമ്മർദ്ദമാണോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കണം. ഇത് ഒരു തലമുറയുടെ തിന്മയ്ക്കെതിരെയുള്ള പോരാട്ടമാണ്. ഇന്ന് നിങ്ങൾ നിലപാട് എടുക്കുന്നില്ലെങ്കിൽ നാളെ നിങ്ങളുടെ മൗനം നിങ്ങളെയും മറ്റുള്ളവരെയും വീഴ്ത്തും.

ലഹരിയുടെ അടിമകളാകാനല്ല ജീവിതത്തിന്റെ നേതാക്കളാകാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഞാനും എന്റെ കുടുംബവും കർത്താവിനെ സേവിക്കും (ജോഷ്വാ 24:15) എന്ന് ഇന്നുതന്നെ തീരുമാനിക്കൂ. ജീവിതത്തെ നശിപ്പിക്കുന്ന ഏത് ലഹരിയെയും ഞാൻ തള്ളികളയും എന്ന് ധൈര്യപൂർവം നമുക്ക് ലോകത്തോട് വിളിച്ചു പറയാൻ കഴിയട്ടെ.

## സാമൂഹിക രാഷ്ട്രീയ പശ്ചാത്തലം

കെ.സി.ബി.സി മദ്യ-ലഹരി വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കേരള സഭയുടെ മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സീറോ മലബാർ-ലത്തീൻ-മലങ്കര റീത്തുകളിലെ 32 അതിരൂപതാ-രൂപതകളിലായി നടന്നുവരുന്നുണ്ട്. സഭയും, സംവിധാനങ്ങളും മദ്യം ഉൾപ്പെടെയുള്ള മാരക

രാസലഹരികൾക്കെതിരെ ഉണർന്ന് പ്രവർത്തിക്കുമ്പോൾ ഇതിനെ നിരോധിക്കാനോ, നിയന്ത്രിക്കാനോ, തടയാനോ, അധികാരപ്പെട്ടവർ നിസ്സംഗത പാലിക്കുകയോ യഥേഷ്ടം വ്യാപിപ്പിക്കുവാൻ ഉത്സുകരാകുകയോ ചെയ്യുന്നത് അപകടകരമായ പ്രവണതയാണ്.

ബാറുകളുടെ എണ്ണം 29 മാത്രമായിരിക്കേ 2016 കാലയളവിൽ അധികാരത്തിലെത്തിയ മുന്നണി ആദ്യം പറഞ്ഞിരുന്നത് അധികാരത്തിൽ വന്നാൽ നിലവിലുള്ളതിൽ നിന്നും ഒരു തുള്ളി മദ്യം പോലും കൂടുതലായി അനുവദിക്കില്ലെന്നായിരുന്നു. അധികാരത്തിലെത്തിയപ്പോൾ അവരുടെ നയം മദ്യവർജ്ജനമായി മാറി. വർജ്ജനം ഒരു വ്യക്തി സ്വയം സ്വീകരിക്കേണ്ട തീരുമാനമാണെന്നും നിരോധനമാണ് തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ ചെയ്യേണ്ടതെന്നുമുള്ള യാഥാർത്ഥ്യം കാറ്റിൽപറത്തിയാണ് മദ്യശാലകൾക്ക് യഥേഷ്ടം അവർ ലൈസൻസ് അനുവദിച്ചത്.

രണ്ടാം ഇടതുസർക്കാർ അധികാരത്തിലെത്തി ഇപ്പോൾ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം അവശേഷിക്കേ തിരിഞ്ഞു നോക്കുമ്പോൾ സംസ്ഥാനത്താകെ ആയിരത്തിലധികം ബാറുകൾ, ആയിരത്തിലധികം ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ, നാലായിരത്തിലധികം കള്ളുഷാപ്പുകൾ തുടങ്ങി മദ്യശാലകളുടെ പെരും പ്രളയത്തിലാണ് സംസ്ഥാനം.

മദ്യത്തിന്റെ ലഭ്യതക്കുറവാണ് മാരക രാസലഹരികളുടെ കുത്തൊഴുക്കിന് കാരണമായതെന്നായിരുന്നു ഭരണകർത്താക്കളുടെ പ്രചരണം. ഇതിന്റെ മറപിടിച്ച് മദ്യശാലകൾക്ക് യഥേഷ്ടം ലൈസൻസ് നല്കി ഈ സർക്കാർ ചരിത്രത്തിൽ ഇടം നേടുകയായിരുന്നു. എന്നാൽ മദ്യപിച്ചുകൊണ്ടിരുന്നവരല്ല മാരക രാസലഹരികളുടെ ഉപയോഗത്തിലേക്ക് കടന്നതെന്നാണ് പച്ചയായ യാഥാർത്ഥ്യം. നമ്മുടെ കുട്ടികളും യുവതലമുറയുമാണ് മാരക രാസലഹരിയെന്ന വിപത്തിന്റെ കെണിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നത്.

എം.ഡി.എം.എ. ഹൈബ്രിഡ് കഞ്ചാവ് പോലുള്ള മയക്കു മരുന്നുകൾ ഇന്ന് സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും വ്യാപകമായിരിക്കുകയാണ്. കടുത്ത നടപടി സ്വീകരിക്കേണ്ട ഉത്തരവാദിത്വപ്പെട്ടവരാകട്ടെ പുതിയ പുതിയ വിഷയങ്ങൾ സൃഷ്ടിച്ച് അപകടകരമായ രീതിയിൽ വളർന്നിരിക്കുന്ന മയക്കുമരുന്ന് വ്യാപനത്തിൽ നിന്ന് സമൂഹത്തിന്റെ ശ്രദ്ധതിരിക്കുകയാണ്. അനധികൃത മദ്യനിർമ്മാണവും, ലഹരികടത്തും തടയാൻ ഉത്തരവാദിത്വപ്പെട്ട എക്സൈസ്-പോലീസ്-ഫോറസ്റ്റ്-റവന്യൂ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായ ഫലം പുറപ്പെടുവിക്കുന്നില്ല.

സംസ്ഥാനത്തെ 1400 സ്കൂളുകൾ മയക്കുമരുന്നിന്റെ ഹോട്ട് സ്പോ

ട്ടായി സർക്കാർ തന്നെ വിലയിരുത്തിയിട്ടുണ്ട്. കൊച്ചുപെൺകുട്ടികളെ പോലും മയക്കുമരുന്ന് മാഫിയ വലയിൽ വീഴ്ത്തി, ലഹരിവാഹകരും, ഉപയോക്താക്കളും പിന്നീട് വില്പനക്കാരുമായി മാറ്റുകയാണ്. രക്ഷിതാക്കൾ അതീവജാഗ്രത പുലർത്തിയില്ലായെങ്കിൽ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി അപകടത്തിലാവും. നമ്മുടെ നാട് മാനസിക രോഗികളുടെ ഹബ്ബാകാൻ നാം അനുവദിച്ചുകൂടാ. സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിൽ വൈകുന്നേരങ്ങളിൽ ഡിസ്പോസിബിൾ സിറിഞ്ചുകൾക്കായി കുട്ടികളും, ചെറുപ്പക്കാരും എത്തുന്നുണ്ടെന്ന് മെഡിക്കൽ ഷോപ്പുടമകളുടെ ഏറ്റുപറച്ചിൽ വീണ്ടും ഭീതി വർദ്ധിപ്പിക്കുന്നതാണ്.

സഹോദരൻ സഹോദരനെ തല്ലിക്കൊല്ലുന്നതും, മകൻ അമ്മയെ വെട്ടിക്കൊല്ലുന്നതും, അപ്പനെ മകൻ ഓടിച്ചിട്ട് വെട്ടുന്നതും, 6 മാസം പ്രായമുള്ള കുഞ്ഞിനെ കടലിലെറിയുന്നതും, കാലിൽ പിടിച്ച് നിലത്തടിക്കുന്നതു മൊക്കെ സമീപ ദിവസങ്ങളിലും, മാസങ്ങളിലും നടന്ന മദ്യത്തിന്റെയും മാരക രാസലഹരികളുടെയും ഭീകരത തുറന്നുകാട്ടുന്ന സംഭവങ്ങളാണ്. മദ്യത്തിനും, മയക്കുമരുന്നിനുമെതിരെ ശക്തമായി നിലപാടുകളും നടപടികളും സ്വീകരിക്കുന്ന ഒരു സർക്കാരാണിവിടെ ഉണ്ടാകേണ്ടത്. വിഷയങ്ങൾ മൂർദ്ധന്യത്തിൽ എത്തുമ്പോൾ സംസ്ഥാനം കേന്ദ്രത്തെയും, കേന്ദ്രം സംസ്ഥാനത്തേയും പഴിചാരി തലയൂരുന്ന സ്ഥിതി ഇനി ഉണ്ടാവരുത്. ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കാൻ ആർജ്ജവമുള്ള ഭരണസംവിധാനം സംസ്ഥാനത്തുണ്ടാകണം.

## ഉപസംഹാരം

മദ്യ-ലഹരി വിരുദ്ധ ഞായറാചരണത്തിന്റെ ഭാഗമായി നമ്മുടെ എല്ലാ രൂപതകളിലും വിപുലമായ പരിപാടികളാണ് നടന്നുവരുന്നത്. ഈ ദിനാചരണം മനുഷ്യസമൂഹം ലഹരിക്കെതിരെ ശക്തമായ നിലപാടെടുക്കാനും പോരാടാനും സമൂഹത്തിന് പ്രചോദനമാകട്ടെ. നമ്മുടെ എല്ലാ ഇടവകകളിലും കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുവാനും നമ്മുടെ എല്ലാ സമുദായ-ഭക്തസംഘടനകളും സംയുക്തമായി ഈ വിപത്തിനെതിരെ ഊർജ്ജിതമായി രംഗത്തിറങ്ങുവാനും എല്ലാ വിശ്വാസികളോടും ആഹ്വാനം ചെയ്യുന്നു.

കാലം ഇതുവരെ കണ്ടിട്ടില്ലാത്ത വിധം ലഹരി എന്ന പൈശാചിക തിന്മ നമ്മുടെ സമൂഹത്തിൽ നിരന്തരം ആഴത്തിലുള്ള പ്രഹരം ഏല്പിക്കുമ്പോൾ നമുക്ക് പ്രത്യാശ നഷ്ടപ്പെടുത്താതിരിക്കാം. കാരണം നമുക്ക് ഒരു രക്ഷകൻ ഉണ്ട്, കർത്താവായ ഈശോമ്ശിഹാ. അവൻ ഇപ്രകാരം അരുളിച്ചെയ്തു. പുത്രൻ നിങ്ങളെ സ്വതന്ത്രനാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാണ് (യോഹന്നാൻ 8:36). അതുകൊണ്ട് നമ്മുടെ രക്ഷകനായ ഈശോയുടെ നാമത്തിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ട്

ഈ തിന്മയുടെ മേലുള്ള വിജയ പോരാട്ടം നമുക്ക് ശക്തമായി മുന്നോട്ടു കൊണ്ടുപോകാം. എല്ലാവർക്കും മദ്യ-ലഹരി വിരുദ്ധ ഞായർ ദിനാശംസകൾ.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് അംബ്രോസ് പുത്തൻവീട്ടിൽ**
(ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ)

**ബിഷപ് മാർ അലക്സ് താരമംഗലം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

**NB:** ***2026 മാർച്ച് 8 ഞായറാഴ്ച*** കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.




# കച്ചേരിക്കാര്യം

## I

## TRANSFERS & APPOINTMENTS OF VICARS, DIRECTORS (February 2026)

| Very Rev./ Rev. Fr. | Transferred from | Transferred to |
|---|---|---|
| Aiyankary Joseph | Ayoor Christ the King F., Cheriyavelinalloor St. Sebastian's | Director, Zion Retreat Centre Kunnamthanam; Manager, Mallappally Estate |
| Ampalathinkal Jacob | Manager, Chelakara & Painkulam Estates | Karimpanakulam Sacred Heart |
| Ambalathunkal Kurian | Veroor St. Joseph's | Punalur Sacred Heart; Cherukadavu Infant Jesus |
| Anchil Mathew | Punnavely Little Flower | Vaipur New St. Joseph's |
| Anchil Mathew (Jerin) | Kollam Thoma Sleeha Pally | Thirumala Holy Family |
| Anchupankil Thomas | Ithithanam St. Mary's | Chembakasserry St. Martin's & Nedumudy Sacred Heart Chapels (Priest in charge) |
| Arackal Varghese | | Vavode Sacred Heart (Addl.) |
| Aruparayil Joseph | | Vadavathoor St. Thomas |
| Chackupurackal Kurian | Kannady St. Rita's | Madappally Little Flower |
| Chalackal Joseph | Warden & Bursar, SH Kilimala | Nedumkunnam CBSE School (Addl.) |
| Chalackal Sebastian | Warden, LMCST; Killi St. John Paul II Mission (Priest in charge) | Warden, SH Hostel, Kilimala Asst. Corporate Manager (Addl.) |
| Chamakala Sebastian | Director, Family Apostolate Paippadu Lourdes Matha | Ayoor Christ the King F.; Cheriyavelinalloor St. Sebastian's |
| Changankary Abraham | Meenkulam Lourdes Matha; Anakulam St. Joseph's | Paippadu Lourdes Matha |
| Chethipuzha Mathew | Madappally Little Flower | Manackachira St. Joseph's |
| Chooravady Mathew (Moban) | Nirmalapuram St. Mary's | Relieved |

| | | |
|---|---|---|
| Elamkulam Kurian | Mannancherry St. Mary's | Thakazhy St. Rita's |
| Elanjickal George | Kizhakke Mithrakary Holy Family | Veroor St. Joseph's (Asso. Vicar) |
| Erupathil Zachariah | Manackachira St. Joseph's | Perumkavu St. Thomas |
| Erupathinalil Mathew | | Cheppumpara Marth Mariam |
| Kachamkode Antony | | Bursar, Sanjeevani Nedumkunnam; Nirmalapuram St. Mary's; Asst. Dir. Kudmbakkootayma, Bible Apostolate & Bible Convention |
| Kalarickal Joseph | Arpookara - Villoonni St. Xavier's | Edathua St. George F. |
| Kamicherry Joseph | Athirampuzha St. Mary's F. | Etawah |
| Kanikunnel James | Spiritual Director, Legion of Mary | Relieved |
| Kappammuttil George | Puthukary St. Xavier's | Mayam St. Mary's |
| Karivelil Zacharias | Paippadu - Nalukody St. Thomas | Champakara St. Joseph's |
| Kavanattu Mathew | Kottackupuram St. Mathew's | House Procurator, Archbishop House; Thekkekara St. Sebastian's |
| Kayamkulathusserry Thomas | Mudiyoorkara Holy Family | Study (Austria) |
| Kinganamchira Michael | Mannanam Twelve Apostles | Mudiyoorkara Holy Family |
| Kochuparampil George | Perumkavu St. Thomas | Kalavoor St. Thomas |
| Kochuparampil Varghese | Punalur Sacred Heart; Cherukadavu Infant Jesus | Pandy Fathima Matha |
| Koippally Jacob | CANA, Thuruthy | Sabbatical Year (Germany) |
| Kottathil Mathew | Pandy Fathima Matha | Kandankary St. Joseph's |
| Kottayil Cyriac | | Coordinator, Retreat Preachers |
| Kulathumkal Thomas | Edathua St. George F. | Pastoral Ministry (Canada) |
| Kunnil James | Karimpanakulam Sacred Heart | Pulincunnoo St. Mary's F. |
| Kunnumpuram Thomas | Vadavathoor St. Thomas | Medical Leave |
| Kuzhippally Jacob | | Executive Director, KRRIS (Addl.) |
| Mampara Sebastian | Director, Vocation Bureau | Relieved |
| Mannamthuruthil Sebastian | Thakazhy St. Rita's | Thazhathuvadakara Lourdes Matha |
| Moonnattinmugham Mathew | Mayam St. Mary's | CCCHI, San Jose, Neendakara; San Jose Farm, Munroethuruth |
| Mullanpara John | Aickarachira St. George | Chaplain, Kadayanickadu Vimala Poor Home |

| | | |
|---|---|---|
| Mundunadackal Isaac | Podippara Holy Family | Kunnamthanam St. Joseph's |
| Muthumakuzhiyil Mathew | Edathua St. George F. | Dalumugham St. Mary's |
| Nalpathamkalam Joseph | Anchal Mary Matha; Pazhayeroor St. Thomas | Mannancherry St. Mary's |
| Nambimadom Varghese | Vallamchira St. Mary's | Puthussery-Kallooppara Lourdes Matha; Manager, Puthusserry Estate; Joint Director, CHASS – Khadi |
| Nambisserykalam Varghese | Thirumala Holy Family | Language Studies |
| Nedumparampil Joseph | Manager, SH HSS Changanacherry | Mannanam Twelve Apostles |
| Nuzhaithadam George | Vavode Sacred Heart | Arumanoor Mangalavartha |
| Oozhikattu Mathew | Arumanoor Mangalavartha | Puthenangady St. George |
| Palamattam Alexander | | Punnathura St. Thomas |
| Pallichirayil Joseph | Pallathuruthy St. Thomas; Joint-Secretary, KRRIS | Aryankavu St. Mary's |
| Panachinkal Varghese | Padaharam St. Joseph's | Meenkulam Lourdes Matha; Anakulam St. Joseph's |
| Parackal Joseph | Cheppumpara Marth Mariam | Director, Family Apostolate |
| Parathanam Joseph | Kurumpanadom Assumption | Padaharam St. Joseph's |
| Parathottal Thomas | | Kudamaloor St. Mary's F. (Pastoral Asst.) |
| Pathalil John | Kandankary St. Joseph's | Pallathuruthy St. Thomas |
| Pattathanam Stephen | CCCHI, San Jose, Neendakara; San Jose Farm, Munroethuruth | Aickarachira St. George |
| Pazhayamadom James | Executive Director, JIMPIRE | Director, Jimmy Padanilam Centre Cheeramchira (Addl.) |
| Plathanam John | Laikad St. Joseph's | Mavelikara St. Alphonsa's (Addl.) |
| Plaparampil Thomas | Director, Zion Retreat Centre Kunnamthanam | Punnavely Little Flower |
| Plathottathil Thomas | Kunnamthanam St. Joseph's | Pastoral Ministry (USA) |
| Poovatholil Thomas | Puthussery Lourdes Matha; Bursar, Sanjeevani Nedumkunnam | Kizhakke Mithrakary Holy Family |
| Pulichamackal Mathew | Manimala New St. Basil's | Medical Leave |
| Puthenkalam Tom | Pulincunnoo St. Mary's F. | Paippadu - Nalukody St. Thomas |
| Puthenparambil Joseph (Shijo) | | Manager, SH HSS Changanacherry |
| Puthenpurackal Thomas (Aji) | Kalavoor St. Thomas | Kollam Thoma Sleeha Pally |
| Puthusseril Sebastian | Chanjody St. Sebastian's | Manackachira St. Joseph's (Residence) |

| | | |
|---|---|---|
| Puthuvelil Varghese | House Procurator, Archbishop House; Thekkekara St. Sebastian's | Archeparchial Assistant Procurator in charge of SH Schools; Bursar, SH HSS Changanacherry & SH Hostel Kilimala; Mundukotta Sacred Heart Chapel (Priest in charge) |
| Puthuveettilkalam Joseph (Teji) | | Chief Coordinator, Parel Marian Pilgrim Centre Museum |
| Srambickal Thomas (Bibin) | Chembakasserry St. Martin's & Nedumudy Sacred Heart Chapels (Priest in charge) | Kannady St. Rita's; Counselling Ministry at Denahalaya |
| Thanniath Mathew | | Spiritual Director, Legion of Mary (Addl.) |
| Thanniath Thomas | Executive Director, KRRIS | Relieved |
| Thathakattupulickal John | Madappally Little Flower | Anchal Mary Matha; Pazhayeroor St. Thomas |
| Thayil Philip | Aryankavu St. Mary's | Arpookara - Villoonni St. Xavier's |
| Thekkepurathu Jose | Editor, Kudumba Jyothi | Relieved |
| Thundiyil Johnson | Thazhathuvadakara Lourdes Matha | Vallamchira St. Mary's |
| Thundiyil Mathew CFIC | Dalumugham St. Mary's | Relieved |
| Thyparampil Joseph | Puthenangady St. George | Manager, Chelakara & Painkulam Estates |
| Vaikathukaranveettil Philip | Edathua St. George F. | Relieved |
| Vallathara Aloysius | Kudamaloor St. Mary's F. (Special Confessor) | Thathampally St. Michael's (Special Confessor) |
| Vallayil George | Mavelikara St. Alphonsa's | Relieved |
| Vathyakary George | Vaipur New St. Joseph's | Manimala New St. Basil's |
| Velangattusserry Joseph | Koothrappally St. Mary's | Pastoral Ministry (Canada) |
| Vettuvayalil Abraham | Champakara St. Joseph's | Podippara Holy Family |
| Transfers & Appointments of Parochial Vicars, Directors - February 2026 | | |
| Arackathara Antony | Changanacherry St. Mary's M. | Thiruvananthapuram Lourdes F. |
| Azhiparampil Cherian | | Mammood Lourdes Matha |
| Chirayil Varghese | Manimala Holy Magi F. | Alappuzha – Pazhavangady Mar Sleeva F. |
| Elampalasseril Varghese | Champakara St. Joseph's | Champakulam St. Mary's Basilica F. |
| Elavummoottil Xavier | Kottayam Lourdes F. | Thrickodithanam St. Xavier's F. |
| Ethirettu Kudilil Antony | Thrickodithanam St. Xavier's F. | Paippadu Lourdes Matha |
| Kaithackal George MST | | Podippara Holy Family |
| Kalarikkal Jacob | Changanacherry St. Mary's M. | Muttar Old St. George |

| | | |
|---|---|---|
| Kalathiparampil Sebastian | Kurumpanadom St. Antony's F. | Edathua St. George F. |
| Kalathiveettil Jacob | Nedumkunnam St. John the Baptist F. | Director, KCSL & Vocation Bureau |
| Kanjirakkattukunnel Christy CMI | | Chanjody St. Sebastian's |
| Kattathara Yohannan | Alappuzha – Pazhavangady Mar Sleeva F. | Athirampuzha St. Mary's F. |
| Kayalilparambil Antony | Thrickodithanam St. Xavier's F. | Koothrappally St. Mary's |
| Kazhunnukandathil Joseph | | Kurumpanadom St. Antony's F. |
| Kodiyanthara Varghese | | Veroor St. Joseph's |
| Koilparampil Henry | Kottayam Lourdes F. | Thottackad St. George |
| Kollamparampil Joseph | Vettimukal St. Mary's | Kudamaloor St. Mary's F. |
| Kulangottil Joseph | | Thathampally St. Michael's |
| Kunnampally Pallathucherry Paul George Jacob CMI | | Kottayam Lourdes F. |
| Kurasserry Joseph | Changanacherry St. Mary's M. | Warden, LMCST; Killi St. John Paul II Mission (Priest in charge) |
| Kuzhikkattil Joseph CMI | | Kottackupuram St. Mathew's |
| Madathissery Joseph | | Nedumkunnam St. John the Baptist F. |
| Malithara Joseph | Athirampuzha St. Mary's F. | Relieved |
| Mammoottil Sebastian | Thathampally St. Michael's | Amboori St. George F. |
| Manakkalam Varkey | Amboori St. George F. | Secretary to Mar Joseph Perumthottam; Asst. Director, St. Joseph's Priest Home, Ithithanam |
| Manalel Thomas CRM | Thathampally St. Michael's | Relieved |
| Manayath Sebastian | Thiruvananthapuram Lourdes F. | Asst. Manager & Bursar, Chelakara & Painkulam Estates |
| Marattukalam Joseph (Liju) | | Madappally Little Flower |
| Munduvelil Joseph | Mammood Lourdes Matha | Changanacherry St. Mary's M. |
| Muppathinchira Thomas CMI | | Manimala Holy Magi F. |
| Nampiathu Antony | | Edathua St. George F. |
| Neelaparambil Martin | | Athirampuzha St. Mary's F. |
| Nellikunnath Philip CMI | | Mundupalam St. Mary's |
| Ottarackal Chacko | Pulincunnoo St. Mary's F. | Koothrappally St. Mary's |
| Padamattam Jacob | | Champakara St. Joseph's |
| Palackal Joseph | Parel St. Mary's | Kottayam Lourdes F. |
| Palathyparampil Antony MCBS | | Ithithanam St. Mary's |
| Pallichira Mathew | Director, KCSL; Fathimapuram Fathima Matha | Puthukary St. Xavier's (Acting Vicar) |

| | | |
|---|---|---|
| Pallickal Joseph | Koothrappally St. Mary's | Kottackupuram St. Mathew's |
| Panjipuzha Varghese | Champakulam St. Mary's Basilica F. | Pacha – Chekkikkad Lourdes Matha |
| Perunnappallil Jeffin CMI | | Vettimukal St. Mary's |
| Plackalil Joseph | | Arpookara - Villoonni St. Xavier's |
| Poomattam Jacob VC | | Thathampally St. Michael's |
| Poonichira Thomas | | Thiruvananthapuram Lourdes F. |
| Punnoorputhenparampil George | | Thrickodithanam St. Xavier's F. |
| Puthenparambil John | | Kudamaloor St. Mary's F. |
| Puthenpurayil Mathew | Mudiyoorkara Holy Family | Changanacherry St. Mary's M. |
| Puthuveettilkalam Joseph (Tony) | Muttar Old St. George | Thuruthy Marth Mariam F. |
| Sunil Antony | Kudamaloor St. Mary's F. | Relieved |
| Tharakunnel John | Mundupalam St. Mary's; Executive Editor, Kudumba Jyothi | Fathimapuram Fathima Matha; Editor, Kudumba Jyothi |
| Thathappally Augustine | Arpookara - Villoonni St. Xavier's | Relieved |
| Thazhathu George CMI | Chethipuzha Sacred Heart | Relieved |
| Theempalangattu Abraham | Thuruthy Marth Mariam F. | Laikad St. Joseph's |
| Thengampallil Thomas | | Changanacherry St. Mary's M. |
| Thevercad Thomas | | Pulincunnoo St. Mary's F. |
| Thoyalumthalackal Joseph CMI | | Chethipuzha Sacred Heart |
| Thundiyil John | | Parel St. Mary's |
| Vadakaetathu Mathew | Secretary to Mar Joseph Perumthottam; Asst. Director, St. Joseph's Priest Home, Ithithanam | Language Studies |
| Varavukalayil Varghese | Kudamaloor St. Mary's F. | Kurumpanadom Assumption |

## II

## തുടർപരിശീലനം

വൈദികരുടെ ഈ വർഷത്തെ തുടർപരിശീലനം പൗരോഹിത്യ സ്വീകരണവർഷത്തിന്റെ അടിസ്ഥാനത്തിൽ 3 ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്നു. അതിരൂപതാംഗങ്ങളായ എല്ലാ വൈദികരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

**ബാച്ച് I**

1979–2001 വർഷങ്ങളിൽ പൗരോഹിത്യം സ്വീകരിച്ചവർക്ക്: 2026 ഫെബ്രുവരി 24 രാവിലെ 09:30 മുതൽ ഫെബ്രുവരി 25 ഉച്ചയ്ക്ക് 12.30 വരെ

**ബാച്ച് II**

2002–2013 വർഷങ്ങളിൽ പൗരോഹിത്യം സ്വീകരിച്ചവർക്ക്: 2026 മാർച്ച് 03 രാവിലെ 09:30 മുതൽ മാർച്ച് 04 ഉച്ചയ്ക്ക് 12:30 വരെ

**ബാച്ച് III**

2014–2025 വർഷങ്ങളിൽ പൗരോഹിത്യം സ്വീകരിച്ചവർക്ക്: 2026 മാർച്ച് 10 രാവിലെ 09:30 മുതൽ മാർച്ച് 11 ഉച്ചയ്ക്ക് 12:30 വരെ.

**സ്ഥലം:** സീയോൻ ധ്യാനകേന്ദ്രം, കുന്നന്താനം

**വിഷയങ്ങൾ:**

ജനറേറ്റീവ് എ.ഐ. റ്റൂൾസ് ഇൻ പാസ്റ്ററൽ ലൈഫ്- **ഫാ. ജോസഫ് കുമ്പുക്കൽ**

മാത്തെർ പോപ്പുലി ഫിദേലിസ്- **ഫാ. ഡൊമിനിക് മുരിയൻകാവുങ്കൽ**

കമ്യൂണിറ്റി എംപവർമെന്റ് ഇയർ 2026- **ഫാ. ജയിംസ് കൊക്കാവയലിൽ**

## III

## വൈദികസമ്മേളനം

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദിക സമ്മേളനം *(പ്രസ്ബിത്തേരിയം)* ഈ വർഷം **ഏപ്രിൽ 7 ചൊവ്വാഴ്ച** ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തപ്പെടുന്നതാണ്. രാവിലെ 9.45ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലന ശുശ്രൂഷയിലേർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്. സമ്മേളനത്തിനുശേഷം പി.പി.എഫ്.എ. ജനറൽ ബോഡി മീറ്റിങ് ഉണ്ടായിരിക്കുന്നതാണ്.

## IV

## വാർഷികധ്യാനം

അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം ആറിനു റംശായോടെയാരംഭിച്ചു സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതാണ്. ഏതെങ്കിലും ബാച്ചിൽ പങ്കെടുക്കാൻ ബഹു. വൈദികർക്ക് പ്രത്യേക താല്പര്യം ഉണ്ടെങ്കിൽ അക്കാര്യം അതിരൂപതാ ചാൻസറിയിൽ മാർച്ച് 20നു മുമ്പ് അറിയിക്കേണ്ടതാണ്.

**ബാച്ച് I - ജൂൺ 07 മുതൽ 12 വരെ**
**ധ്യാനഗുരു - റവ. ഫാ. ടോം ഓലിക്കരോട്ട്**

*(പി.ആർ.ഒ. & സെക്രട്ടറി, മീഡിയാ കമ്മീഷൻ സീറോമലബാർസഭ)*

**ബാച്ച് II - ജൂൺ 14 മുതൽ 19 വരെ**
**ധ്യാനഗുരു - റവ. ഫാ. വിബിൻ ചൂതംപറമ്പിൽ** *(വരാപ്പുഴ അതിരൂപത)*

**ബാച്ച് III - ജൂലൈ 12 മുതൽ 17 വരെ**
**ധ്യാനഗുരു - റവ. ഫാ. ടോം ഓലിക്കരോട്ട്**

## V

## മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തായുടെ മൂന്നാം ചരമവാർഷികം

മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ മൂന്നാം ചരമവാർഷികം **2026 മാർച്ച് 18ന്** ആചരിക്കുന്നു. അന്നേദിവസം രാവിലെ ഏഴിനു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അഭി. കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ കാർമികത്വത്തിൽ പരിശുദ്ധ കുർബാനയും ഒപ്പീസും അർപ്പിക്കപ്പെടുന്നതാണ്.

## VI

## മ്ശംശാനാപട്ടം

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വിവിധ സെമിനരികളിൽ ദൈവശാസ്ത്രപഠനം നടത്തിക്കൊണ്ടിരിക്കുന്ന വൈദികാർഥികളിൽ മ്ശംശാനാപട്ടം സ്വീകരിക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് **2026 മാർച്ച് 25 ബുധൻ രാവിലെ 6.30** ന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പ്രസ്തുത പട്ടം നൽകുന്നതാണ്.

## VII

## പീഡാനുഭവ ആഴ്ചയിലെ തിരുക്കർമങ്ങൾ

പെസഹാ വ്യാഴം, പീഡാനുഭവവെള്ളി, വലിയശനി എന്നീ ദിവസങ്ങളിലെ തിരുക്കർമങ്ങൾ നമ്മുടെ ആരാധനക്രമത്തിനനുസൃതമായി സായംകാലത്തുമാത്രം പള്ളികളിൽ പരികർമം ചെയ്യേണ്ടതാണ്. മാർ നെസ്തോറിയസിന്റെ കൂദാശക്രമം പെസഹാവ്യാഴാഴ്ച ഉപയോഗിക്കേണ്ടതാണ്.

## VIII

## ദൈവവിളി ക്യാംപ്

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാംപ് ആൺകുട്ടികൾക്ക് **2026 ഏപ്രിൽ 6** തിങ്കൾ രാവിലെ 9:30ന് ആരംഭിച്ച് **ഏപ്രിൽ 8** ബുധൻ വൈകുന്നേരം 3:30നു സമാപിക്കുന്നവിധത്തിൽ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്ക് ഒരുദിവസത്തെ സെമിനാർ **2026 ഏപ്രിൽ 8** ബുധൻ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ സന്ദേശനിലയത്തിൽ ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 300 രൂപയും പെൺകുട്ടികൾക്ക് 100 രൂപയുമാണ്. ചങ്ങനാശ്ശേരി അതിരൂപതയിലോ

അതിരൂപതയ്ക്കുപുറത്തോ ദൈവവിളി സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാവരും നിർബന്ധമായും അതിരൂപത നടത്തുന്ന ഈ ദൈവവിളി ക്യാംപിൽ പങ്കെടുത്തിരിക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

## IX

## 140-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം **മെയ് 20 ബുധനാഴ്ച** തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ രാവിലെ 9.30ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30നു സമാപിക്കത്തക്കരീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്. സമ്മേളനത്തിൽ പങ്കെടുക്കേണ്ടവരുടെ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## X

## പ്രത്യേകപിരിവുകൾ

**1. നോമ്പുകാലപിരിവ് (Lenten Collection):** ഓശാനഞായറാഴ്ച പള്ളിയിലെടുക്കുന്ന സ്‌ത്രോത്രക്കാഴ്ച വിശപ്പിനും രോഗത്തിനുമെതിരെയുള്ള പ്രത്യേകപദ്ധതിക്കായി (Compaign against Hunger and Disease) 'കാരിത്താസ് ഇൻഡ്യ'ക്ക് അയച്ചുകൊടുക്കാനുള്ളതാണ്.

**2. കാരിത്താസ് ചങ്ങനാശ്ശേരി:** നോമ്പുകാലത്തിന്റെ ചൈതന്യമുൾക്കൊണ്ട് ഇടവകാംഗങ്ങൾ ഒരുദിവസം ഉപവസിച്ചു ലഭിക്കുന്ന തുക അതിരൂപതയുടെ അടിയന്തരദുരിതാശ്വാസസഹായപദ്ധതിയായ 'കാരിത്താസ് ചങ്ങനാശ്ശേരി'ക്കുവേണ്ടി സമാഹരിച്ച് അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**3. വൈദികപരിശീലന ഫണ്ട്:** പെസഹാവ്യാഴാഴ്ച പരിശുദ്ധ കുർബാന മധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച വൈദികാർഥികളുടെ പരിശീലനത്തിനുള്ളതാണ്.

**4. വിശുദ്ധനാടുസംരക്ഷണത്തിനുള്ള പിരിവ്:** പീഡാനുഭവവെള്ളിയാഴ്ച പള്ളിയിലെടുക്കുന്ന സ്തോത്രക്കാഴ്ച വിശുദ്ധനാടുസംരക്ഷണത്തിനായി മാർപാപ്പായ്ക്കു നൽകാനുള്ളതാണ്.

**5. ഹോം മിഷൻ ഫണ്ട്:** ഉയിർപ്പുതിരുനാളിലെ സ്തോത്രക്കാഴ്ച ഹോം മിഷൻ ഫണ്ടിനുള്ളതാണ്.

മേൽപറഞ്ഞ പിരിവുകൾ നടത്തി ലഭിക്കുന്ന തുക **2026 ഏപ്രിൽ 30നു മുമ്പായി** അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

## XI

## 2025-26 സാമ്പത്തികവർഷത്തെ കണക്കുകൾ

2025-26 സാമ്പത്തികവർഷത്തെ കണക്കുകൾ **2026 ഏപ്രിൽ 30നു മുമ്പ്** പൊതുയോഗത്തിൽ പാസ്സാക്കുകയും അതിരൂപതാകേന്ദ്രത്തിലും

ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുവാൻ ഓഡിറ്റേഴ്സിന് നൽകുകയും ചെയ്യേണ്ടതാണ്.

പുതുക്കിയ ഇൻകം ടാക്സ് നിയമപ്രകാരം ഓഡിറ്റ് റിപ്പോർട്ടുകൾ മെയ് 31നു മുമ്പ് സമർപ്പിക്കേണ്ടതിനാൽ ഏപ്രിൽ അവസാനമോ മെയ് ആദ്യ ആഴ്ചയിലോ കണക്കുകൾ ഓഡിറ്റേഴ്സിന്റെ പക്കൽ നൽകേണ്ട താണ്.

നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന പള്ളികൾ, കൂടിയ വാർഷിക വരുമാനമുള്ള പള്ളികൾ, സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പുതന്നെ (മാർച്ച് 31) എക്സ്റ്റേണൽ ഓഡിറ്റേഴ്സുമായി ചർച്ച ചെയ്ത് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## XII

## കൈക്കാരന്മാർ, ഓഡിറ്റർമാർ എന്നിവരുടെ തിരഞ്ഞെടുപ്പ്

1. സീറോമലബാർസഭയുടെ പള്ളിയോഗനടപടിക്രമവും അതിരൂപതാ നിയമാവലിയും അനുസരിച്ച് 2026-2027 സാമ്പത്തികവർഷത്തെ കൈക്കാര ന്മാരെയും ഓഡിറ്റർമാരെയും തെരഞ്ഞെടുത്ത് **2026 ഏപ്രിൽ 30നു മുമ്പായി** അതിരൂപതാകച്ചേരിയിൽ അനുവാദത്തിനായി നൽകേണ്ട താണ്.

2. കൈക്കാരന്മാരുടെയും ഓഡിറ്റർമാരുടെയും അംഗീകാരത്തിനു വരുന്ന തിനുമുമ്പായി 2024-2025 സാമ്പത്തികവർഷത്തെ അതിരൂപതാവിഹിതവും 2025-2026 സാമ്പത്തികവർഷത്തെ പ്രത്യേകപിരിവുകളും മുഴുവനായി അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ അടച്ചുതീർക്കേണ്ടതാണ്.

3. അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ വാർഷികക്കണക്കുമായി വരുമ്പോൾ കൈക്കാരന്മാരോടൊപ്പം ബഹു. വികാരിയച്ചന്മാരും വരേണ്ട താണ്. കണക്കു സമർപ്പിച്ചശേഷം, അഭി. മെത്രാപ്പോലീത്താ അതിരൂപതാ കേന്ദ്രത്തിലുണ്ടെങ്കിൽ അദ്ദേഹത്തെ കാണുന്നതും അഭികാമ്യമാണ്.

❑

### സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പ്

സ്നേഹമുള്ള പി.പി.എഫ്.എ. അംഗങ്ങളേ,

*2025-2026 സാമ്പത്തികവർഷത്തിലെ* മെഡിക്കൽ ബില്ലുകൾ നിശ്ചിത അപേക്ഷാ ഫോമിൽ **2026 മാർച്ച് 15നു മുമ്പായി** പി.പി.എഫ്.എ. ഓഫീസിലോ അതിരൂപതാകേന്ദ്രത്തിന്റെ റിസപ്ഷൻ കൗണ്ടറിലോ ഏല്പിക്കേണ്ടതാണ്.

സ്നേഹപൂർവം,

**പി.പി.എഫ്.എ. സെക്രട്ടറി & ട്രഷറർ**

## 2026 വർഷത്തെ അതിരൂപതയിലെ പൊതുപരിപാടികൾ

| | | | |
|---|---|---|---|
| മാർച്ച് | 03-04 | TUE - WED | വൈദികരുടെ തുടർപരിശീലനം (2002 - 2013) |
| | 10-11 | TUE - WED | വൈദികരുടെ തുടർപരിശീലനം (2014 - 2025) |
| | 14 | SAT | പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് |
| | 27 | FRI | കരുവള്ളിക്കാട് കുരിശുമല തീർത്ഥാടനം |
| ഏപ്രിൽ | 07 | TUE | പ്രസ്ബിറ്റേറിയം |
| | 22 | WED | പ്രസ്ബിറ്ററൽ കൗൺസിൽ |
| മെയ് | 10 | SUN | കരുതൽ വിഭവ സമാഹരണം |
| | 20 | TUE | അതിരൂപതാദിനം @ തൃക്കൊടിത്താനം |
| ജൂൺ | 07-12 | SUN - FRI | വൈദിക ധ്യാനം: ഫാ. ടോം ഓലിക്കരോട്ട് |
| | 14-19 | SUN - FRI | വൈദിക ധ്യാനം: ഫാ. വിബിൻ ചൂതംപറമ്പിൽ |
| ജൂലൈ | 05 | SUN | എസ്.എം.വൈ.എം.: നിരണം തീർത്ഥാടനം |
| | 12-17 | SUN - FRI | വൈദിക ധ്യാനം: ഫാ. ടോം ഓലിക്കരോട്ട് |
| | 21 | TUE | ബഹു. വൈദികരുടെ സിൽവർ & ഗോൾഡൻ ജൂബിലി സംഗമം |
| | 22 | WED | പ്രസ്ബിറ്ററൽ കൗൺസിൽ |
| | 25 | SAT | ബഹു. സന്യസ്ത വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ജൂബിലി സംഗമം |
| ഓഗസ്റ്റ് | 01 | SAT | മിഷൻ ലീഗ്: കുടമാളൂർ അൽഫോൻസാ തീർത്ഥാടനം |
| | 08 | SAT | പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് |
| | 12-13 | WED - THU | ജൂണിയർ ബാച്ച് വൈദികരുടെ പഠനപരിപാടി |
| ഒക്ടോബർ | 28 | WED | പ്രസ്ബിറ്ററൽ കൗൺസിൽ |
| നവംബർ | 17 | TUE | പ്രസ്ബിറ്റേറിയം |
| | 21 | SAT | പാറേൽ: വലിയ പള്ളി വെഞ്ചിരിപ്പ് |
| | 23 | MON | പാറേൽ: മർത്ത് മറിയം അമലോത്ഭവ പള്ളി വെഞ്ചിരിപ്പ് |
| | 24-25 | TUE - WED | ജൂണിയർ ബാച്ച് വൈദികരുടെ പഠനപരിപാടി |
| ഡിസംബർ | 05 | SAT | പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് |
| | 12 | SAT | ചമ്പക്കുളത്തുനിന്നും പാറേൽ മരിയൻ തീർത്ഥാടനം |
| | 24 | TUE | പാറേൽ: ക്രിപ്റ്റ് ചർച്ച് വെഞ്ചിരിപ്പ് |

## വേദപ്രചാരമദ്ധ്യസ്ഥൻ

നമ്മുടെ അതിരൂപതയുടെ മുഖപത്രമായ വേദപ്രചാരമദ്ധ്യസ്ഥന്റെ വരിസംഖ്യ (300 രൂപ) നൽകാനുള്ളവർ **2026 ഏപ്രിൽ മുപ്പതിനകം** പുതുക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

**എഡിറ്റർ**
*(അതിരൂപതാ ചാൻസലർ)*

**9037440040** (ചാൻസറി ഓഫീസ്)
**8547673162** (കുടുംബക്കൂട്ടായ്മ ഓഫീസ്)

# FORM IV

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER "VEDAPRACHARA MADHYASTHAN" TO BE PUBLISHED IN THE FIRST ISSUE EVERY YEAR AFTER THE LAST DAY OF FEBRUARY.

| | | | |
|---|---|---|---|
| 1. | Place of publication (Please give the Complete Postal address) | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686101, KERALA |
| 2. | Periodicity of its publication | : | MALAYALAM MONTHLY |
| 3. | Printer's Name | : | FR. JUSTIN KAYAMKULATHUSSERY |
| | Nationality | : | Indian |
| | Address | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686 101, KERALA |
| 4. | Publisher's Name | : | FR. JUSTIN KAYAMKULATHUSSERY |
| | Nationality | : | Indian |
| | Address | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686101, KERALA |
| 5. | Editor's Name | : | BIJU GEORGE ALENCHERRY |
| | Nationality | : | Indian |
| | Address | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686101, KERALA |

6. Names and addresses of individuals who own the newspaper and partners or shareholders holding morethan one percent of the total capital. : ARCHDIOCESE OF CHANGANACERRY.

I, FR. JUSTIN KAYAMKULATHUSSERY hereby declare that, the particulars given above are true to the best of my knowledge and belief.

Date: 28 February 2026

Signature of Publisher.
Sd/

# കരുവള്ളിക്കാട്
# കുരിശുമല തീർഥാടനം

**നാല്പതാം വെള്ളി** (2026 മാർച്ച് 27, ഉച്ചകഴിഞ്ഞ് 2.30)

ചുങ്കപ്പാറ സെന്റ് ജോർജ് മലങ്കര കത്തോലിക്കാപ്പള്ളിയിൽനിന്നും
തീർഥാടനം ആരംഭിക്കുന്നു

**പീഡാനുഭവസന്ദേശം**
**അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ**

**മലമുകളിൽ സന്ദേശം: ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
(ഡയറക്ടർ, സന്ദേശനിലയം)

## സമർപ്പിതരുടെ തീർഥാടനം

(2026 ഏപ്രിൽ 1 വലിയബുധൻ, ഉച്ചകഴിഞ്ഞ് 3.30)

**സന്ദേശം: അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ**

## യുവദീപ്തി-കെ.സി.വൈ.എം. നേതൃത്വത്തിൽ പദയാത്ര

- മാർച്ച് 13 വെള്ളി മുതൽ ഏപ്രിൽ 12 പുതുഞായർ വരെ തീർഥാടനത്തിനുള്ള സൗകര്യമുണ്ട്.
- തീർഥാടകർക്കു നേർച്ചക്കഞ്ഞി വിതരണം ഉണ്ടായിരിക്കുന്നതാണ്.
- തീർഥാടകർ നിർമലപുരം സെന്റ് മേരീസ് പള്ളിയിൽ വാഹനങ്ങൾ പാർക്ക് ചെയ്ത ശേഷം പള്ളിയിൽനിന്നും പ്രാരംഭപ്രാർഥനയോടെയാണു സ്ലീവാപ്പാത ആരംഭിക്കേണ്ടത്.
- പാതിനോമ്പു കഴിഞ്ഞുള്ള ദിവസങ്ങളിൽ പകലും രാത്രിയും കുരിശുമല കയറാവുന്നതാണ്.
- മുൻകൂട്ടി അറിയിച്ചാൽ മലമുകളിൽ പരിശുദ്ധ കുർബാനയർപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതാണ്.

**വെരി റവ. ഫാ. ആന്റണി എത്തക്കാട്**
*(പ്രോട്ടോസിഞ്ചെല്ലൂസ്)*

**ഫാ. മാത്യു (മോബൻ) ചൂരവടി**
*(ജനറൽ കോഡിനേറ്റർ)*

**ഫാ. ആന്റണി കാച്ചാംകോട്**
*(വികാരി, സെന്റ് മേരീസ് പള്ളി നിർമലപുരം)* **9744757272**

**സോണി ഉറുമീസ് കൊട്ടാരം**
*(ജനറൽ കൺവീനർ)*

**കൂടുതൽ വിവരങ്ങൾക്ക്: 9446654274, 9811619198, 9495682906**

# 17–ാമത് പ്രസ്ബിറ്ററൽ കൗൺസിൽ 5–ാമത് സമ്മേളനത്തിന്റെ റിപ്പോർട്ട്

ചങ്ങനാശേരി അതിരൂപതയുടെ പതിനേഴാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ അഞ്ചാമത് സമ്മേളനം 2026 ജനുവരി 27 ചൊവ്വാഴ്ച രാവിലെ 10.30ന് അതിമെത്രാസനഭവനത്തിൽവച്ച് നടത്തപ്പെട്ടു.

അതിരൂപത പ്രോട്ടോ സിഞ്ചെള്ളൂസ് പെരിയ ബഹുമാനപ്പെട്ട ആന്റണി ഏത്തക്കാടച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. കാര്യക്ഷമമായ കൂടിയാലോചനകൾ നടത്തി അജപാലനപരമായ കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ട സമിതിയാണ് പ്രസ്ബിറ്ററൽ കൗൺസിലെന്നും തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള അവബോധത്തോടെ കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്ത് കൂടിയാലോചനകളും ചർച്ചകളും നടത്തി അതിരൂപതയിലെ അജപാലനശുശ്രൂഷകൾക്ക് ദിശാബോധം നൽകുവാൻ കൗൺസിലിന് ചുമതലയുണ്ടെന്നും പെരിയ ബഹു. അച്ചൻ സ്വാഗതപ്രസംഗത്തിൽ സൂചിപ്പിച്ചു.

അതിരൂപത മേലധ്യക്ഷൻ അഭി. തോമസ് തറയിൽ പിതാവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ദൈവജനത്തെ അതിരൂപതയോടുള്ള സ്നേഹത്തിൽ വളർത്തുക എന്നത് വൈദികരുടെ ഉത്തരവാദിത്തമാണെന്നും അജപാലനത്തിന്റെ പുതിയ മേഖലകൾ തേടുമ്പോഴും, ഭവന സന്ദർശനം, ഉദാരമായ ശ്രവണം എന്നിങ്ങനെയുള്ള ഫലപ്രദമായ അജപാലനശൈലികൾ കൈവിടരുതെന്നും അഭി. മെത്രാപ്പോലീത്ത പറഞ്ഞു. അസിസ്റ്റന്റു വികാരിമാർക്ക് അജപാലന അവസരങ്ങൾ നൽകുന്നവിധത്തിലുള്ള പരിശീലനമാണ് ഇടവകകളിൽ ലഭ്യമാക്കേണ്ടത്; സമുദായ ശക്തീകരണവർഷം സമുദായത്തോടുള്ള സ്നേഹം സമുദായാംഗങ്ങളിൽ രൂപപ്പെടുത്തുവാനുള്ള അവസരമാക്കണം; വൈദിക പരിശീലനത്തിനായുള്ള പങ്കുവയ്പ്പ് സാധിക്കുന്നിടത്തോളം ഇടവകകൾ നടത്തുകയാണെങ്കിൽ അത് വലിയ ഒരു കാര്യമായിരിക്കും; വൈദിക ക്ഷേമകാര്യങ്ങളിലുള്ള ഇടപെടൽ സുഗമമാക്കാൻ അത് സഹായകമാകും; അതിരൂപതയുടെ പൊതു പ്രോജക്ടുകളിൽ സ്വമനസ്സാ സന്നദ്ധരാകുന്നവരുടെ സഹകരണം ഇടവകകളിൽനിന്നും തേടുന്നതും ഇടവകകളുടെ ബഡ്ജറ്റിൽ ഒരു വിഹിതം അതിനായി വകയിരുത്തുന്നതും നന്നായിരിക്കും; ഫെബ്രുവരി 21ന് ആർച്ചുബിഷപ് പവ്വത്തിൽ ഫൗണ്ടേഷൻ അഭി. കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ സാധിക്കുന്ന എല്ലാ പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളും പങ്കെടുക്കണം; പാറേൽപ്പള്ളിയുടെ നിർമ്മാണം അതിന്റെ പൂർത്തീകരണത്തിലേക്ക് എത്തുമ്പോൾ ദൈവപരിപാലനയുടെ അത്ഭുതകരമായ ഇടപെടലാണ് അനുഭവവേദ്യമാകുന്നത് എന്നിങ്ങനെ വിവിധ വിഷയങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങളും നിലപാടുകളും അഭി. പിതാവ് തന്റെ സന്ദേശത്തിൽ യോഗത്തെ അറിയിച്ചു.

പാറേൽപ്പള്ളി നിർമ്മാണ പുരോഗതി സംബന്ധിച്ചും നവംബർ മാസത്തിൽ നടക്കാനിരിക്കുന്ന പള്ളി കൂദാശയുടെ തീയതികളും വിവിധ ക്രമീകരണങ്ങളും സംബന്ധിച്ച് പുതുവീട്ടിൽകളം ബഹു. റ്റെജി അച്ചൻ യോഗത്തെ അറിയിച്ചു. കുട്ടികളെ അവരുടെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കി അനുധാവനം ചെയ്യുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സുസ്ഥിര പരിശീലനം സംബന്ധിച്ചുള്ള കാര്യങ്ങൾ കെ.സി.എസ്.എൽ ഡയറക്ടർ പള്ളിച്ചിറ ബഹു. ജോജോ അച്ചനും സമുദായശക്തീകരണം സംബന്ധിച്ചുള്ള ഇടവക - ഫൊറോന - അതിരൂപതാതല കർമ്മപരിപാടികൾ സംബന്ധിച്ചുള്ള വിവിധ കാര്യങ്ങൾ മാനാട്ട് ബഹു. സാവിയോ അച്ചനും My Parish Software പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള സാമ്പത്തിക സമാഹരണത്തിന് ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള താരിഫ് സംബന്ധിച്ച് മീഡിയ വില്ലേജ് ഡയറക്ടർ പുതുപ്പറമ്പിൽ ബഹു. ജോഫി അച്ചനും കൗൺസിലിൽ പങ്കുവച്ചു.

തുടർന്നു നടന്ന പൊതുചർച്ചയിൽ ആരാധനാക്രമബോധനവും അച്ചടക്കവും വൈദികരുടെ സ്ഥലംമാറ്റവും അജപാലന പ്രാമുഖ്യങ്ങളും തിരുനാൾ ആഘോഷങ്ങളിലെ അനഭിലഷണീയ പ്രവണതകൾ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് അംഗങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ആരാധനക്രമത്തിന്റെ പരികർമ്മത്തിൽ നിഷ്കർഷയെക്കാൾ സഭയോടും അതിന്റെ ലിറ്റർജിയോടുമുള്ള സ്നേഹമാണ് നമ്മെ നയിക്കേണ്ടതെന്നും ജനങ്ങൾക്ക് ഇടവകയോടുള്ള ബന്ധവും സ്നേഹവും വളർത്തുന്ന അജപാലനശൈലിയാണ് പ്രായോഗികമാക്കേണ്ടതെന്നും ചർച്ചകളിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾക്കു മറുപടിയായി അഭിവന്ദ്യ പിതാവ് പറഞ്ഞു. സിഞ്ചെല്ലൂസ് ചങ്ങങ്കരി പെരിയ ബഹു. മാത്യു അച്ചൻ പ്രസ്ബിറ്ററൽ കൗൺസിലിൽ എത്തിച്ചേർന്ന ഏവർക്കും നന്ദി പറഞ്ഞു. അഭി. പിതാവിന്റെ ആശീർവാദത്തോടെ 01.15 ന് കൗൺസിൽ യോഗം സമാപിച്ചു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
സെക്രട്ടറി
❑

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

നമ്മുടെ അതിരൂപതയുടെ വിശ്വാസപരിശീലന മേഖലയിൽ പുതിയ ചരിത്രം കുറിച്ച് മതാധ്യാപകരുടെ സമ്പൂർണ്ണ സമ്മേളനം ഏറെ ആവേശത്തോടെ നടത്തപ്പെട്ടു. അതിന്റെ പിന്നിൽ അധ്വാനിച്ച എല്ലാവരെയും ഏറെ സ്നേഹത്തോടെ അഭിനന്ദിക്കുന്നു. വലിയ നോമ്പിന്റെ പുണ്യപ്പെട്ട ദിനങ്ങളിൽ സുകൃതങ്ങൾ അഭ്യസിക്കുന്നതിൽ നമുക്ക് ഓരോരുത്തർക്കും മുന്നിട്ടുനിൽക്കാം. ഇനിയുള്ള നമ്മുടെ ശ്രദ്ധ മുഴുവനും വിശ്വാസോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടിയാവണം. നൽകപ്പെട്ടിരിക്കുന്ന നിർദ്ദേശം അനുസരിച്ച് വിശ്വാസോത്സവം പൂർണമായും നടത്തുവാൻ എല്ലാ സൺഡേ സ്കൂളുകളും ശ്രദ്ധിക്കുമല്ലോ!

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മാർച്ച്**

01 ഞായർ : നോമ്പ് മൂന്നാം ഞായർ ക്ലാസ്സ് – 39

റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, കാര്യവട്ടം *(രാവിലെ 10.30–1.30)*

റ്റീച്ചേഴ്സ് ഈവ്: സെന്റ് ജൂഡ് സൺഡേ സ്കൂൾ, ആറ്റിങ്ങൽ *(വൈകുന്നേരം 3–6)*

**വിശ്വാസോത്സവ സെമിനാർ: ചെങ്ങന്നൂർ ഫൊറോന**

03 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ്, അമ്പലപ്പുഴ *(വൈകുന്നേരം 5.30–9)*

04 ബുധൻ : റ്റീച്ചേഴ്സ് ഈവ്: ഹോളി ഫാമിലി സൺഡേ സ്കൂൾ, കിഴക്കേമിത്രക്കരി *(വൈകുന്നേരം 5.30–9)*

05 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, കോയിൽമുക്ക് *(വൈകുന്നേരം 5.30–9)*

07 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 23

08 ഞായർ : നോമ്പ് നാലാം ഞായർ ക്ലാസ്സ് – 40

**വിശ്വാസോത്സവ സെമിനാർ: കോട്ടയം, തിരുവനന്തപുരം ഫൊറോനകൾ**

12 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേ സ്കൂൾ, മുട്ടാർ ന്യൂ *(വൈകുന്നേരം 5.30–9)*

14 ശനി : **വിശ്വാസോത്സവ സെമിനാർ: ചങ്ങനാശ്ശേരി, കുറുമ്പനാടം, തുരുത്തി, തൃക്കൊടിത്താനം ഫൊറോനകൾ**

15 ഞായർ : നോമ്പ് അഞ്ചാം ഞായർ ക്ലാസ്സ് – 41

**വിശ്വാസോത്സവ സെമിനാർ: കൊല്ലം–ആയൂർ, അമ്പൂരി ഫൊറോനകൾ**

19 വ്യാഴം : **മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ** (ഓഫീസ് അവധി)

20 വെള്ളി : **വിശ്വാസോത്സവ സെമിനാർ: മണിമല, എടത്വാ, നെടുംകുന്നം, ചമ്പക്കുളം ഫൊറോനകൾ**

21 ശനി : **വിശ്വാസോത്സവ സെമിനാർ: കുടമാളൂർ, ആലപ്പുഴ, അതിരമ്പുഴ, മുഹമ്മ ഫൊറോനകൾ**

22 ഞായർ : നോമ്പ് ആറാം ഞായർ ക്ലാസ്സ് – 42

**രണ്ടാം ടേം വാചിക പരീക്ഷ** (1 മുതൽ 9 വരെ ക്ലാസ്സുകൾക്ക്)

റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, മുണ്ടത്താനം *(വൈകുന്നേരം 1.30 – 4.30)*

26 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: മേരീമാതാ സൺഡേ സ്കൂൾ, മരിയാപുരം *(വൈകുന്നേരം 5.30–9)*

25 ബുധൻ : **മംഗളവാർത്താതിരുനാൾ**

29 ഞായർ : ഓശാന ഞായർ

**ഏപ്രിൽ**

01 ബുധൻ : **വലിയബുധൻ** (ഓഫീസ് അവധി)

02 വ്യാഴം : **പെസഹാ വ്യാഴം** (ഓഫീസ് അവധി)

03 വെള്ളി : **പീഡാനുഭവവെള്ളി** (ഉപവാസദിനം), (ഓഫീസ് അവധി)

04 ശനി : **വലിയശനി** (ഓഫീസ് അവധി)

05 ഞായർ : **ഉയിർപ്പുതിരുനാൾ, ഉയിർപ്പുകാലം ഒന്നാം ഞായർ**

06 തിങ്കൾ : **വിശ്വാസോത്സവം ആരംഭിക്കുന്നു** (6 തിങ്കൾ മുതൽ 15 ബുധൻ വരെ)

### രണ്ടാം ടേം വാചിക പരീക്ഷ മാർച്ച് 22ന്

രണ്ടാം ടേം വാചിക പരീക്ഷ 1 മുതൽ 9 വരെ ക്ലാസുകൾക്കായി നടത്തപ്പെടുന്നു. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ആദ്യത്തെ മൂന്ന് അധ്യായങ്ങൾ ഈ വർഷവും ശേഷമുള്ളവ അടുത്ത വർഷവുമാണ് വാചികപരീക്ഷയിൽ ഉൾപ്പെടുത്തുക. വാചികപരീക്ഷാ ചോദ്യങ്ങൾ അധ്യാപകർ തന്നെ തയ്യാറാക്കി ചോദിക്കേണ്ടതാണ്. ഉപപാഠപുസ്തകം 15 മാർക്കിനും നമസ്കാരം 10 മാർക്കിലുമാണ് ചോദ്യങ്ങൾ. (മതബോധനകലണ്ടർ 18–25) വാചികപരീക്ഷ കഴിയുമ്പോൾ തന്നെ രണ്ടാം ടേമിലെ മാർക്കും ഹാജറും എക്കോസിൽ എന്റർ ചെയ്യേണ്ടതാണ്.

### ഹയർകോഴ്സ് കുട്ടികളുടെ ഹാജർ

ക്ലാസ്സ് 10, 11, 12 കുട്ടികളുടെ എഴുത്തുപരീക്ഷയ്ക്കും വാചിക പരീക്ഷയ്ക്കും ശേഷവും മാർച്ച് 23 വരെയുള്ള ഞായറാഴ്ചകളിൽ ഹാജർ രേഖപ്പെടുത്തേണ്ടതാണ്. വിശുദ്ധകുർബാനയിൽ കുട്ടികൾ സംബന്ധിക്കുന്നുണ്ടെന്ന് ക്ലാസ്സ് അധ്യാപകർ ഉറപ്പ് വരുത്തിവേണം ഹാജർ രേഖപ്പെടുത്തുവാൻ. 75 ശതമാനം ഹാജർ (വിശ്വാസോത്സവം ഉൾപ്പടെ) ഉള്ളവർക്കാണ് സർട്ടിഫിക്കറ്റ് ലഭിക്കുവാൻ യോഗ്യതയുള്ളത്.

### വിശ്വാസോത്സവ സെമിനാർ

ഫൊറോനതലത്തിൽ നടത്തുന്ന പരിശീലന സെമിനാർ ആരംഭിച്ചു. മാർച്ച് അവസാന ആഴ്ചയ്ക്കുമുമ്പ് അവസാനിക്കും. വിശ്വാസോത്സവം ക്ലാസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാൻ ഉപകരിക്കുന്ന ഈ സെമിനാറിൽ - അദ്യാവസാനം വിശ്വാസോത്സവത്തിൽ ഭാഗഭാക്കാകുന്ന എല്ലാവരും സംബന്ധിക്കേണ്ടതാണ്. സമയം രാവിലെ 9.00 മുതൽ 1.00 വരെയും ഉച്ചകഴിഞ്ഞ് 2.00 മുതൽ 6.00 വരെയും ആയിരിക്കും.

***വിശ്വാസോത്സവ സെമിനാർ നടത്തപ്പെടുന്ന തീയതികൾ***

| | *രാവിലെ* | *ഉച്ചകഴിഞ്ഞ്* |
|---|---|---|
| ഫെബ്രുവരി 28 ശനി | | പുളിംകുന്ന് |
| മാർച്ച് 1 ഞായർ | | ചെങ്ങന്നൂർ |
| മാർച്ച് 8 ഞായർ | | കോട്ടയം, തിരുവനന്തപുരം |
| മാർച്ച് 14 ശനി | ചങ്ങനാശ്ശേരി, കുറുമ്പനാടം | തുരുത്തി, തൃക്കൊടിത്താനം |
| മാർച്ച് 15 ഞായർ | | കൊല്ലം - ആയൂർ, അമ്പൂരി |
| മാർച്ച് 20 വെള്ളി | മണിമല, എടത്വാ | നെടുംകുന്നം, ചമ്പക്കുളം |
| മാർച്ച് 21 ശനി | കുടമാളൂർ, ആലപ്പുഴ | അതിരമ്പുഴ, മുഹമ്മ |

### അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ

സൺഡേ സ്കൂളിലെ ഒന്നും രണ്ടും ടേമുകളിലെ പരീക്ഷകളുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് യോഗ്യതയുള്ളവരുടെ ലിസ്റ്റും അവരുടെ രണ്ടു ടേമിലേയും ഉത്തരപേപ്പറും മാർച്ച് 15നകം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. വെരിഫിക്കേഷനുശേഷം സ്കോളർഷിപ്പ് പരീക്ഷയെഴുതാൻ അർഹരായവരുടെ ലിസ്റ്റ് സന്ദേശനിലയം പബ്ലിഷ് ചെയ്യുന്നതാണ്. (റഫ. മതബോധനകലണ്ടർ പേജ് 31)

### മതബോധന മണിക്കൂർ ആചരണം ശനിയാഴ്ചകളിൽ

എല്ലാ ശനിയാഴ്ച വൈകുന്നേരങ്ങളിലും ഒരു മണിക്കൂർ സമയം മതബോധന മണിക്കൂറായി ആചരിക്കേണ്ടതാണ്. ഈ നോമ്പുകാലത്ത് മീഡിയായുടെ ഉപയോഗം പരിമിതപ്പെടുത്തിക്കൊണ്ട് കുടുംബത്തിൽ എല്ലാവരും ഒരുമിച്ച് പ്രാർത്ഥിക്കുന്നതിനും വചനം പഠിക്കുന്നതിനും വായിക്കുന്നതിനും ഞായറാഴ്ചത്തെ സൺഡേസ്കൂൾ ക്ലാസ്സിന് ഒരുങ്ങുന്നതിനും ഈ മണിക്കൂർ നമുക്ക് ത്യാഗപൂർവം വിനിയോഗിക്കാം.

### വിശ്വാസോത്സവം

ഏപ്രിൽ 6 മുതൽ 15 വരെയുള്ള പത്ത് ദിവസങ്ങളാണ് വിശ്വാസോത്സവം ക്ലാസ്സുകൾക്കായി വിനിയോഗിക്കേണ്ടത്. രാവിലെ 9.30 മുതൽ 3.30 വരെയാണ് സമയക്രമീകരണം. വർക്ക്ബുക്കും ആക്ടിവിറ്റികളും ഫലപ്രദമായി വിനിയോഗിക്കുവാനുള്ള സമയം വെട്ടിച്ചുരുക്കാൻ ഇടയാകരുത്. സമുദായശക്തീകരണ വർഷം അടിസ്ഥാനമാക്കിയുള്ള വർക്ക്ബുക്കാണ് ഈ വർഷത്തെ വിശ്വാസോത്സവ വിഷയം. (കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 33-35) കാണുക.

### പ്രത്യേക ശ്രദ്ധയ്ക്ക്

പാഠപുസ്തകങ്ങളുടെ വിലയും മതബോധന ഫണ്ടും നല്കുവാനുള്ള സൺഡേ സ്കൂളുകൾ എത്രയുംവേഗം സന്ദേശനിലയത്തിൽ എത്തിക്കുമല്ലോ.

### എക്കോസ് @ സന്ദേശ്

ഒന്നാം ടേം പരീക്ഷകളുടെ മാർക്കുകൾ ഇതുവരെയും സിസ്റ്റത്തിൽ അപ്പ് ലോഡ് ചെയ്യാത്ത സൺഡേ സ്കൂളുകൾ അവ പൂർത്തീകരിക്കുക. മാർച്ച് 23-ാം തീയതിക്ക് മുമ്പായി ഈ അവസരം വിനിയോഗിക്കുക.

### മൈ പാരിഷ്

അതിരൂപതയുടെ My Parish & CARP- INSPIRE പദ്ധതിയുമായി ബന്ധപ്പെട്ട് സൺഡേസ്കൂൾ അധ്യാപകർ ചെയ്യേണ്ട കാര്യങ്ങൾ (ചെയ്യേണ്ട മാസം ഏപ്രിൽ)

1. എല്ലാ കുട്ടികളുടെയും മാമ്മോദീസ, തൈലാഭിഷേകം, പരിശുദ്ധകുർബാന സ്വീകരണം എന്നീ സർട്ടിഫിക്കറ്റുകൾ My Parish ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

2. കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്ന ക്ലാസ്സ് My Parish ൽ ചേർത്തിരിക്കുന്നത് ശരിയാണെന്ന് ഉറപ്പുവരുത്തുക.

3. My Parish Application നിലെ Koottayma Leader എന്ന Option ഉപയോഗിച്ച് ഓരോ കൂട്ടായ്മയിലെയും കുട്ടികളുടെ വിവരങ്ങൾ മുഴുവൻ ചേർക്കാവുന്നതാണ്.

### ആദരാഞ്ജലികൾ

മിഷൻലീഗ് മുൻ മേഖലാ ജോ. ഡയറക്ടറായി സേവനം ചെയ്ത സി. ജിയോ ട്രീസാ എഫ്.സി.സി.യുടെ മാതാവിന്റെയും മാമ്പുഴക്കരി സൺഡേ സ്കൂൾ അധ്യാപകൻ ജോർജ്ജുകുട്ടിയുടെ പിതാവും മുൻ അധ്യാപകനുമായ പി.സി. മാത്യുവിന്റെയും കാര്യവട്ടം സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ സാബു ജോസഫിന്റെ മാതാവിന്റെയും കുത്രപ്പള്ളി സൺഡേ സ്കൂൾ ഹെഡ്മിസ്ട്രസ് ജാൻസി ജേക്കബിന്റെ പിതാവിന്റെയും രാമങ്കരി സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ സനു തോമസിന്റെ മാതാവിന്റെയും പഴവങ്ങാടി സൺഡേ സ്കൂൾ അധ്യാപകൻ ഐസക് ജോസിയുടെ ഭാര്യയുടെയും പാറമ്പുഴ സൺഡേ സ്കൂൾ അധ്യാപകൻ ജിൽസൺ ജോസഫിന്റെ പിതാവിന്റെയും മണ്ണഞ്ചേരി സൺഡേ സ്കൂൾ അധ്യാപിക കുഞ്ഞുമോൾ വി.എ.യുടെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

❑

# ചെറുപുഷ്പ മിഷൻ ലീഗ്
# (CML)

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

അൾത്താര ബാലന്മാരുടെ ക്യാംപിൽ 115 കുട്ടികളാണ് പങ്കെടുത്തത്. ക്യാംപിൽനിന്ന് ലഭിച്ച അറിവും ചൈതന്യവും മറ്റു കുട്ടികൾക്കുകൂടി പകർന്നു കൊടുക്കുവാൻ ക്യാംപിൽ പങ്കെടുത്തവർക്കു സാധിക്കണം. വലിയ നോമ്പിന്റെ ഈ ദിവസങ്ങളിൽ കൂടുതൽ പ്രാർഥിക്കുന്നവരും ദൈവത്തെയും മറ്റുള്ളവരെയും കൂടുതൽ സ്നേഹിക്കുന്നവരുമായി മാറുവാൻ നമുക്ക് ഓരോരുത്തർക്കും കഴിയട്ടെ. വ്യക്തി ജീവിതത്തിൽ ഏറ്റവും ആവശ്യമായ ആത്മനിയന്ത്രണം എന്ന സുകൃതം പരിശീലിച്ചു സ്വന്തമാക്കാനായി തിരുസഭയാകുന്ന അമ്മ നൽകുന്ന അവസരമായി നോമ്പിനെ നമുക്ക് സ്വീകരിക്കാം

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

**മാർച്ച്**

*ദൈവവചനം : അവിടുന്ന് പ്രകാശത്തിലായിരിക്കുന്നതുപോലെ നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്ക് പരസ്പരം കൂട്ടായ്മയുണ്ടാകും. (1 യോഹ. 1 : 7)*

*പ്രവർത്തനം : പരീക്ഷയിൽ പങ്കെടുക്കുന്നവർക്കായി പ്രാർത്ഥിക്കുക.*

*സുകൃതജപം : വിശുദ്ധ യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. .*

*നിയോഗം : യുവജനങ്ങൾക്കായി പ്രാർത്ഥിക്കുക.*

08 ഞായർ : അൾത്താരബാലന്മാരുടെ മീറ്റിംഗ് (ശാഖകളിൽ)

18 ബുധൻ : മാർ ജോസഫ് പവ്വത്തിൽ അനുസ്മരണം

19 വ്യാഴം : വി. യൗസേപ്പിതാവിന്റെ തിരുനാൾ, മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ നാമഹേതുക തിരുനാൾ, ജോസഫ് നാമധാരികൾക്കായ് പ്രാർഥിക്കാം.

25 ബുധൻ : മംഗളവാർത്താതിരുനാൾ

29 ഞായർ : ഓശാന ഞായർ

**ഏപ്രിൽ**

01 ബുധൻ : **വലിയബുധൻ** (ഓഫീസ് അവധി)

02 വ്യാഴം : **പെസഹാ വ്യാഴം**

03 വെള്ളി : **പീഡാനുഭവവെള്ളി** (ഉപവാസദിനം), (ഓഫീസ് അവധി)

04 ശനി : **വലിയശനി** (ഓഫീസ് അവധി)

05 ഞായർ : **ഉയിർപ്പുതിരുനാൾ, ഉയിർപ്പുകാലം ഒന്നാം ഞായർ**

06 തിങ്കൾ : **വിശ്വാസോത്സവം ആരംഭിക്കുന്നു** (6 മുതൽ 15 വരെ)

**അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാംപ്**

ഈ വർഷം പൗരോഹിത്യ സന്യാസജീവിതത്തിലേയ്ക്ക് പ്രവേശിക്കാനാഗ്രഹിക്കുന്ന 10,12 ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയ ആൺകുട്ടികൾക്കായി അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാംപ് 2026 ഏപ്രിൽ 6 തിങ്കളാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഏപ്രിൽ 8 ബുധൻ വൈകുന്നേരം 3.30നു സമാപിക്കുന്ന വിധത്തിൽ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനരിയിൽ നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്ക് ഒരു ദിവസത്തെ സെമിനാർ 2026 ഏപ്രിൽ 8 ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ സന്ദേശനിലയത്തിൽ ക്രമീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 300 രൂപയും പെൺകുട്ടികൾക്ക് 100 രൂപയുമാണ്. ചങ്ങനാശ്ശേരി അതിരൂപതയിലോ അതിരൂപതയ്ക്ക് പുറത്തോ ദൈവവിളി സ്വീകരിക്കാനാഗ്രഹിക്കുന്ന എല്ലാവരും നിർബന്ധമായും അതിരൂപത നടത്തുന്ന ഈ ദൈവവിളി ക്യാംപിൽ പങ്കെടുത്തിരിക്കണമെന്നു പ്രത്യേകം ഓർമിപ്പിക്കുന്നു.

**സ്വാഗതം**

അതിരൂപതാ വൊക്കേഷൻ ബ്യൂറോ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജേക്കബ് കളത്തിവീട്ടിൽ അച്ചന് അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം

**മേഖലാ ഡയറക്ടേഴ്സിന് നന്ദി**

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി നേതൃത്വം നൽകിയ ഫാ. യോഹന്നാൻ കട്ടത്തറ (ആലപ്പുഴ), ഫാ. വർക്കി മണക്കളം (അമ്പൂരി), ഫാ. മാത്യു കാവനാട്ട് (അതിരമ്പുഴ), ഫാ. വർഗീസ് പഞ്ഞിപ്പുഴ (ചമ്പക്കുളം), ഫാ. ജോസഫ് കുറശ്ശേരി (ചങ്ങനാശ്ശേരി), ഫാ. ജോസഫ് പാറയ്ക്കൽ (കോട്ടയം), ഫാ. വർഗീസ് വരവുകാലായിൽ (കുടമാളൂർ), ഫാ. സെബാസ്റ്റ്യൻ കളത്തിപ്പറമ്പിൽ (കുറുമ്പനാടം), ഫാ. ജേക്കബ് കളത്തിവീട്ടിൽ (നെടുംകുന്നം), ഫാ. ആന്റണി കായലിപ്പറമ്പിൽ (തൃക്കൊടിത്താനം), ഫാ. എബ്രഹാം തീമ്പലങ്ങാട്ട് (തുരുത്തി) എന്നിവർക്ക് അതിരൂപതാ മിഷൻ ലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

❑

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരെ,

വാക്കുകൾക്കതീതമായി ഹൃദയത്തിന്റെ ഭാഷയിൽ നിങ്ങൾക്കേവർക്കും നന്ദി പറയുകയാണ്. അതിരൂപതാ ബൈബിൾ കൺവൻഷൻ വലിയ വിജയ മാക്കി തീർക്കുവാൻ ഓരോരുത്തരും ചെയ്ത സമർപ്പണത്തിന് ഒരായിരം നന്ദി.

അനേകായിരങ്ങളുടെ ത്യാഗനിർഭരമായ പ്രവർത്തനങ്ങൾ ഇതിന്റെ പിന്നിൽ ഉണ്ടായിരുന്നു. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

അഭി. പിതാക്കന്മാരുടെ മഹനീയ സാന്നിധ്യത്താൽ ഏറ്റവും ധന്യമായി രുന്നു ഓരോ ദിവസവും നമ്മുടെ സദസ്സ്. ബഹു. വട്ടായിലച്ചന്റെയും ടീമിന്റെയും സമർപ്പണത്തിന്റെ വിജയമായും അതിരൂപതാ ബൈബിൾ കൺവൻഷനെ നമുക്ക് കാണുവാൻ സാധിക്കും. ബഹു. വൈദിക സമൂഹത്തിന്റെയും സന്യാ സിനി സഹോദരിമാരുടെയും നിർലോഭമായ സഹകരണം അത് സാമ്പത്തിക തലത്തിലും മറ്റു പ്രവർത്തനങ്ങളിലും നിറഞ്ഞുനിന്നിരുന്നു. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഡയറക്ടർമാരുടെയും ടീമിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് ഇത്രയേറെ ആളുകളെ ധ്യാനത്തിൽ പങ്കെ ടുപ്പിക്കുവാൻ കഴിഞ്ഞത്. സ്കൂൾ അധികാരികളും മറ്റുസഹോദരങ്ങളും അവരുടെ വാഹനങ്ങൾ കൺവൻഷനിലേയ്ക്ക് ആളുകളെ കൊണ്ടുവരാനും കൊണ്ടുവിടുവാനും വിട്ടു തന്നതിൽ അവർക്കെല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദിയറിയിക്കുന്നു. *അതിരൂപതയിൽ നമ്മൾ ഒരു കുടുംബം* എന്ന ആ വലിയ സന്ദേശം യാഥാർത്ഥ്യമാവുകയായിരുന്നു ഈ ധ്യാന ദിവസങ്ങളിൽ.

ഇതിനായി നേതൃത്വം നൽകിയ അഭി. തോമസ് തറയിൽ പിതാവിനും അഭി. ജോസഫ് പെരുന്തോട്ടം പിതാവിനും അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസും ബൈബിൾ അപ്പോസ്തലേറ്റ് സഹരക്ഷാധികാരിയുമായ വെരി റവ. ഫാ. ആന്റണി എത്തയ്ക്കാടച്ചനും ബഹു. ജനറാളച്ചന്മാർക്കും മറ്റു കൂരിയ അംഗ ങ്ങൾക്കും നന്ദി. കൺവൻഷൻ വിജയത്തിനായി പ്രവർത്തിച്ച വോളന്റിയേഴ് സിന്റെ ഒരു നീണ്ടനിരതന്നെയുണ്ട് എന്നത് ഏറെ അഭിമാനകരമായിരുന്നു. കുമ്പസാരിപ്പിക്കുന്നതിനായി എത്തിയ ബഹു. വൈദികരേയും കൗൺസിലിംഗ് ക്രമീകരണങ്ങൾക്കു നേതൃത്വം നൽകിയവരേയും നന്ദിയോടെ ഓർക്കുന്നു. തങ്ങളുടെ വ്യക്തിപരമായ എല്ലാ കാര്യങ്ങളും മാറ്റിവെച്ച് ബൈബിൾ കൺ വെൻഷനുവേണ്ടി അഹോരാത്രം അധ്വാനിച്ച എല്ലാ സഹോദരങ്ങളേയും എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല.

ഈ വർഷത്തെ ബൈബിൾ കൺവൻഷനു നേതൃത്വം നൽകിയ ബഹു. സേവ്യർ ഖാൻ വട്ടായിലച്ചനേയും അച്ചന്റെ പ്രവർത്തനങ്ങളേയും ടീമിനേയും ദൈവസന്നിധിയിൽ നമുക്കു സമർപ്പിച്ചു പ്രാർത്ഥിക്കാം.

പ്രാർത്ഥനയോടെ,

**ഫാ. ആന്റണി കാച്ചാംകോട്**
*(അസി. ഡയറക്ടർ)*

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**നൂറുമേനി സീസൺ IV മത്സര വിവരങ്ങൾ**

**കൂട്ടായ്മതലമത്സരം:** ഫെബ്രുവരി, മാർച്ച് മാസങ്ങൾ

**ഇടവകതല മത്സരം:** കുട്ടികൾക്ക് - ഏപ്രിൽ 7 ചൊവ്വാ (വിശ്വാസോത്സവ ദിനങ്ങളോടനുബന്ധിച്ച്)

**മുതിർന്നവർക്കുള്ള മത്സരം:** ഏപ്രിൽ 12 ഞായർ, 3 മണിക്കൂർ സമയം

പഠന പുസ്തകത്തിലെ വചനം എഴുതാവുന്നതാണ്.

**ഫൊറോനാതല മത്സരം (വ്യക്തിപരമായും കുടുംബമായും):** മത്സരം മെയ് 17 ഞായർ, 2.30 മുതൽ 4.30 വരെ ഒബ്ജക്ടീവ് ടൈപ്പ്

**പഠനഭാഗം:** പഞ്ചഗ്രന്ഥം 50% ശതമാനം

പഠനപുസ്തകം 50%

ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെയാണ് സമയം.

**റീജൻതല മത്സരം (ഓഡിയോ വിഷ്വൽ റൗണ്ട്):** ജൂലൈ 7 ഞായർ 2 pm

പഠനഭാഗം: പഞ്ചഗ്രന്ഥം –50%, പഠനപുസ്തകം 50%

**ഗ്രാൻഡ്ഫിനാലെ:** ജൂലൈ 10 വെള്ളി രാവിലെ 11 മണിമുതൽ എസ്.ബി. കോളേജ്

**സമാപന സമ്മേളനം:** ജൂലൈ 12 ശനി

**സന്യസ്തർക്കുള്ള മത്സരം:** ഏപ്രിൽ 18 ശനി

**വൈദിക വിദ്യാർത്ഥികൾക്കുള്ള മത്സരം:** മെയ് മാസത്തിൽ

**ബൈബിൾ കൺവൻഷൻ വോളന്റിയേഴ്സ് മീറ്റിങ്:** മാർച്ച് ഒന്ന് ഞായർ ഉച്ച കഴിഞ്ഞ് നാലുമണിക്ക് സന്ദേശനിലയംഹാളിൽ നടക്കും. കൺവൻഷനുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച എല്ലാ വോളന്റിയേഴ്സും ഇതിൽ പങ്കെടുക്കണമെ.

**പ്രത്യേക അറിയിപ്പ്**

നൂറുമേനി രജിസ്ട്രേഷനുള്ള സൈറ്റ് തുറന്നിട്ടുണ്ട്. സമയബന്ധിതമായി രജിസ്ട്രേഷൻ പൂർത്തികരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ.

❑

## നിത്യതയിലേക്ക്



**സി. ജെസ്സി**
**കളത്തിൽ SD**

"ഞാൻ നന്നായി പൊരുതി;
എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു."
*(2 തിമോ. 4:7)*

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹമുള്ളവരേ,

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവവും കുരിശുമരണവും പ്രത്യേകമാംവിധം ധ്യാനിക്കുന്ന നോമ്പുകാലത്തിലാണല്ലോ നാം. ഈ മാസം തന്നെ നാം പാതിനോമ്പും ആചരിക്കുന്നു. ജീവിതത്തിലെ പോരായ്മകൾ പരിഹരിച്ചു ഈശോയുടെ പെസഹാരഹസ്യങ്ങളോടു താദാത്മ്യപ്പെടാനും നോമ്പിന്റെ ചൈതന്യത്തിൽ കൂടുതൽ നിഷ്ഠയോടെ ജീവിക്കാനും ഓർമിപ്പിക്കുന്ന വേളയാണ് പാതിനോമ്പ്. നോമ്പുകാല ചൈതന്യങ്ങളായ പ്രാർഥനയും ഉപവാസവും ദാനധർമ്മവും നമ്മുടെ ജീവിതത്തെ പ്രകാശപൂരിതമാക്കട്ടെ. എല്ലാ ദിവസവും പരി. കുർബാനയർപ്പിക്കാനും, നോമ്പുകാല ചൈതന്യത്തിൽ നമ്മെ നിലനിർത്തുന്ന യാമപ്രാർഥനകൾ കുടുംബാംഗങ്ങളെല്ലാരുമൊത്തു ചൊല്ലാനും കുരിശിന്റെ വഴി പോലുള്ള ഭക്താനുഷ്ഠാനങ്ങളിൽ തീഷ്ണതയോടെ പങ്കുചേരാനും മാതൃവേദി-പിതൃവേദി അംഗങ്ങൾ ശ്രദ്ധിക്കുമല്ലോ.

നോമ്പുകാലം ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് ദൈവത്തെ പുന:പ്രതിഷ്ഠിക്കാനുള്ള സുവർണ്ണാവസരമാണെന്ന് ലെയോ പതിനാലാമൻ മാർപാപ്പാ തന്റെ നോമ്പുകാലസന്ദേശത്തിൽ നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. ശ്രവണവും ഉപവാസവും എന്നതായിരുന്നു മാർപാപ്പയുടെ നോമ്പുകാല സന്ദേശത്തിന്റെ പ്രധാന പ്രമേയം. പരമ്പരാഗതമായ രീതിയിൽ ഭക്ഷണം ക്രമീകരിക്കുന്നതിനോടൊപ്പം നമ്മുടെ വാക്കുകളെക്കൂടി ശുദ്ധീകരിക്കണമെന്നും പാപ്പാ ഓർമപ്പെടുത്തി. ഈ നോമ്പുകാലത്ത് നിർദയമായ വാക്കുകളും മുൻവിധികളും നമുക്ക് ഒഴിവാക്കാം. അകന്നുപോയവരെ ചേർത്തു നിർത്താനും സംസാരത്തിലും സോഷ്യൽ മീഡിയായുടെ ഉപയോഗത്തിലും എല്ലാവരോടും കാരുണ്യവും ബഹുമാനവും പുലർത്തുവാനും നമുക്ക് പരിശ്രമിക്കാം.

കഴിഞ്ഞ ഒരു വർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറിയ എല്ലാ യൂണിറ്റ്-ഫൊറോനാതല ഡയറക്ടർമാർക്കും നന്ദി. പുതിയതായി ചുമതലയേൽക്കുന്ന ഡയറക്ടർമാർക്ക് പ്രാർഥനാശംസകൾ.

സ്നേഹപൂർവം,

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പാറയ്ക്കൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### അതിരൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു

അതിരൂപതയുടെ ഇരുപത്തിയേഴാമത് ബൈബിൾ കൺവെൻഷൻ 2026 ഫെബ്രുവരി 18 മുതൽ 22 വരെ ചങ്ങനാശേരി സെന്റ് ബർക്മൻസ് കോളേജിലെ മാർ ജോസഫ് പവ്വത്തിൽ നഗറിൽ നടത്തപ്പെട്ടു. മാതൃവേദി-പിതൃവേദി അംഗങ്ങൾ, പ്രത്യേകിച്ച് ചങ്ങനാശേരി, തുരുത്തി, കുറുമ്പനാടം, തൃക്കൊടിത്താനം

ഫൊറോനാംഗങ്ങൾ സജീവമായി പങ്കെടുക്കുകയും വോളണ്ടിയേഴ്സായി പ്രവർത്തിക്കുകയും ചെയ്തു.

**മാതൃവേദി പിതൃവേദി അതിരൂപത ആനിമേഷൻ ടീം യോഗം**

മാതൃവേദി-പിതൃവേദി അതിരൂപത ആനിമേഷൻ ടീം അംഗങ്ങളുടെ മീറ്റിങ്ങ് ഫെബ്രുവരി 21 ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ നടത്തി. അതിരൂപതാ ബൈബിൾ കലോത്സവം, സമുദായശക്തീകരണവർഷാചരണം, യൂണിറ്റ് സന്ദർശനം, പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സമാഹരണം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനമെടുത്തു.

**ആർച്ചുബിഷപ് ജോസഫ് പവ്വത്തിൽ ഫൗണ്ടേഷൻ**

സഭയ്ക്കും സമുദായത്തിനും കൃത്യമായ ദിശാബോധം നൽകിയ ക്രാന്തദർശിയായിരുന്ന അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ ഓർമകൾ നിലനിർത്താനും പൈതൃകം സംരക്ഷിക്കാനും സ്ഥാപിതമായ ഫൗണ്ടേഷന്റെ ഉദ്ഘാടനം 2026 ഫെബ്രുവരി 21നു മീഡിയ വില്ലേജിൽ നടത്തപ്പെട്ടു. അഭി. പിതാക്കന്മാരും ജനപ്രതിനിധികളും വിശിഷ്ടാതിഥികളും പങ്കെടുത്ത മീറ്റിങ്ങിൽ മാതൃവേദി-പിതൃവേദി ആനിമേഷൻ ടീം പങ്കെടുത്തു.

**ആനിമേറ്റേഴ്സ് മീറ്റ് നടത്തി**

ഫൊറോനാതലത്തിലും യൂണിറ്റ്തലത്തിലും ആനിമേറ്റേഴ്സായി സേവനം ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിന്റെ സമ്മേളനം ഫെബ്രുവരി 28നു പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തിയ സമ്മേളനം അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ സി. ലിൻസ് മേരി തരുനിലം സ്വാഗതം ആശംസിച്ചു. അതിരൂപതാ ഡയറക്ടറുമാരായ ഫാ. ജോസഫ് പാറയ്ക്കൽ, ഫാ. ജോൺ തറക്കുന്നേൽ എന്നിവർ ക്ലാസുകൾ നയിച്ചു. ആനിമേറ്റേഴ്സിന്റെ ഷെയറിങ്ങിനും ചർച്ചയ്ക്കുംശേഷം ഉച്ചഭക്ഷണത്തോടെ മീറ്റിങ്ങ് അവസാനിച്ചു.

## ഓർമിക്കാൻ

**മാതൃവേദി–പിതൃവേദി അതിരൂപതാ കലോത്സവം 2026**

രചനാമത്സരങ്ങൾ എല്ലാ ഫൊറോനകളിലും മാർച്ച് 01 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.30നു നടത്തേണ്ടതാണ്. മാതൃവേദിയിൽനിന്നും പിതൃവേദിയിൽ നിന്നും ഓരോ മത്സരത്തിലും ഫൊറോനാതലത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയവരുടെ പേരും രചനകളും 2026 മാർച്ച് 14നു മുമ്പ് അതിരൂപതാ കേന്ദ്രത്തിലെത്തിക്കേണ്ടതാണ്. അതിരൂപതാതല അവതരണമത്സരങ്ങളും ക്വിസ് മത്സരവും 2026 ജൂൺ 13നു ചങ്ങനാശേരി എസ്.ബി. സ്കൂളിൽ നടത്തുന്നതാണ്. 2026 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി യൂണിറ്റ്–ഫൊറോനാതല അവതരണ മത്സരങ്ങൾ പൂർത്തിയാക്കി, അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാൻ

യോഗ്യത നേടിയ വിജയികളുടെ ലിസ്റ്റ് ടീം മനേജർമാർ 2026 മെയ് 31നു മുമ്പ് അതിരൂപതാകേന്ദ്രത്തിലെത്തിച്ചു രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**ലോക വനിതാദിനം**

മാർച്ച് 8നു നാം ലോക വനിതാദിനം ആചരിക്കുവാണല്ലോ. മാതൃവേദിയുടെ ആഭിമുഖ്യത്തിൽ യൂണിറ്റ്–ഫൊറോനാതലങ്ങളിൽ വനിതകളെ പ്രത്യേകിച്ച് സാമൂഹിക–സാംസ്ക്കാരിക–വാണിജ്യ–ജീവകാരുണ്യ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുമല്ലോ.

**യൗസേപ്പിതാവിന്റെ മരണത്തിരുനാൾ**

പിതൃവേദിയുടെ സ്വർഗീയ മദ്ധ്യസ്ഥനായ മാർ യൗസേപ്പിന്റെ തിരുനാൾ മാർച്ച് 19നു എല്ലാ പിതൃവേദിയംഗങ്ങളും സമുചിതമായി ആഘോഷിക്കേണ്ടതാണ്. യൗസേപ്പ് നാമധാരികൾക്ക് ആശംസകൾ നേർന്ന് പ്രാർഥിക്കുന്നതിനോടൊപ്പം യൂണിറ്റുതലങ്ങളിൽ തിരുനാളിനൊരുക്കമായുള്ള പ്രാർഥനാദിനങ്ങൾ ക്രമീകരിക്കുന്നതും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമാണ്.

**ലോകജലദിനം**

മാർച്ച് 22 ലോകജലദിനമായി നാം ആചരിക്കുകയാണ്. യൂണിറ്റുതലങ്ങളിൽ മാതൃവേദിയുടെയും പിതൃവേദിയുടെയും ആഭിമുഖ്യത്തിൽ പരിസ്ഥിതി സൗഹൃദസമിതി രൂപീകരിച്ച് ഭാവിതലമുറയ്ക്കുവേണ്ടി ജലം കരുതിവെക്കുന്നതിനെപ്പറ്റിയും ജലസ്രോതസുകളെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുന്നത് നല്ലതായിരിക്കും.

**ഏലീശ്വാ ഫോറം – ഓൺലൈൻ കൺവെൻഷൻ**

മംഗളവാർത്ത തിരുനാളിനോടനുബന്ധിച്ച്, അതിരുപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 24 ചൊവ്വാഴ്ച വൈകുന്നേരം 6.30 മുതൽ 8 മണി വരെ ഗർഭിണികൾക്കായി ഓൺലൈൻ ക്ലാസും പ്രാർഥനയും സംഘടിപ്പിക്കുന്നു. അഭി. തോമസ് തറയിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തുന്ന മീറ്റിങ്ങിൽ വിദഗ്ദരായ ഡോക്ടറുമാരുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**പ്രോ–ലൈഫ് ഡേ**

മാർച്ച് 25ന് ആചരിക്കുന്ന മംഗളവാർത്ത തിരുനാളിനോടനുബന്ധിച്ചാണ് നാം പ്രോ–ലൈഫ് ഡേ ആചരിക്കുന്നത്. മാതൃവേദിയുടെയും പിതൃവേദിയുടെയും അനുബന്ധ ഫോറമായ ജീവൻ ജ്യോതിസ് പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ജീവന്റെ മൂല്യം വിളിച്ചോതുന്ന കർമപദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. യൂണിറ്റുതലങ്ങളിൽ ജീവൻ സേന രൂപീകരിക്കുകയും ജീവന്റെ മൂല്യം സംബന്ധിച്ചുള്ള സഭാ പ്രബോധനങ്ങൾ പഠിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും. കൂടുതൽ മക്കളുള്ള കുടുംബങ്ങളെ ആദരിക്കുന്നതും യുവദമ്പതികളുടെ സംഗമം നടത്തി ഇടവക സമൂഹത്തിന്റെ പിന്തുണയും പ്രോത്സാഹനവും അവരെ അറിയിക്കുന്നതും നല്ലതാണ്.

## നാല്പതാം വെള്ളി

നാല്പതാം വെള്ളി അഥവാ ലാസറിന്റെ വെള്ളി മാർച്ച് 27നു നാം ആചരിക്കുകയാണ്. പീഡാനുഭവവാരത്തിനുള്ള ഒരുക്കമെന്ന നിലയിൽ ഇടവകയോടു ചേർന്ന് മാതൃവേദി-പിതൃവേദി അംഗങ്ങൾ കരുവള്ളിക്കാട് കുരിശുമല തീർഥാടനം നടത്തുന്നതും ഒരുമിച്ചുകൂടി യാമപ്രാർഥനയും കുരിശിന്റെ വഴിയും നടത്തുന്നതും അഭികാമ്യമാണ്.

## ലീഡേഴ്സ് മീറ്റ് 2026

മാതൃവേദിയുടെയും പിതൃവേദിയുടെയും യൂണിറ്റ്-ഫൊറോന-അതിരൂപത തലങ്ങളിലുള്ള ഭാരവാഹികളുടെ മീറ്റിങ്ങ് 2026 മാർച്ച് 28 ശനിയാഴ്ച രാവിലെ 9.30 മുതൽ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ ഹാളിൽ നടത്തും. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, ഫാ. സ്റ്റീഫൻ തോമസ് ചാലക്കത്തറ എന്നിവർ പ്രഭാഷണങ്ങൾ നടത്തും. എല്ലാ ഇടവകകളിൽനിന്നും മാതൃവേദിയുടെയും പിതൃവേദിയുടെയും പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി, കൗൺസിലർ എന്നിവർ പങ്കെടുക്കേണ്ടതാണ്. ഇവരിലാർക്കെങ്കിലും അസൗകര്യമുണ്ടെങ്കിൽ വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി തുടങ്ങിയവർ പങ്കെടുക്കേണ്ടതാണ്. ഇവരെ കൂടാതെ എല്ലാ ഫൊറോനാ, അതിരൂപത ഭാരവാഹികളും സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| മാർച്ച് | 07, 08, 09 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 14, 15, 16 | |
| | 20, 21, 22 | |
| ഏപ്രിൽ | 06, 07, 08 | |
| | 11, 12, 13 | |
| | 20, 21, 22 | |
| | 30, മെയ് 01, 02 | |

വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)
വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ

❑

# യുവദീപ്തി–എസ്.എം.വൈ.എം.

## 2025 വാർഷികം, പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞ, പ്രവർത്തനവർഷം ഉദ്ഘാടനം

യുവദീപ്തി–എസ്.എം.വൈ.എം.ന്റെ 2025 പ്രവർത്തനവർഷത്തിന്റെ വാർഷികവും പുതിയ ഭാരവാഹികളടെ സത്യപ്രതിജ്ഞയും 2026 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും ജനുവരി 25നു ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ നടത്തി. അതിരൂപതാ പ്രസിഡന്റ് അരുൺ ടോം തോപ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഫാ. സാവിയോ മാനാട്ട് ആമുഖപ്രസംഗം നടത്തി. ചടങ്ങിൽ മുൻകാല ഭാരവാഹികളെ ആദരിച്ചു. തുടർന്ന് ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ പുതിയ ഭാരവാഹികളെ പരിചയപ്പെടുത്തി. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് പുതിയ ഭാരവാഹികൾക്കു സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. പുതിയ പ്രസിഡന്റ് അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ അധ്യക്ഷപ്രസംഗം നടത്തി. എലിസബത്ത് വർഗീസ്, മിഷാൽ പി. ബിജു എന്നിവർ പ്രസംഗിച്ചു.

## 2025 പ്രവർത്തനവർഷത്തിലെ ബെസ്റ്റ് യൂണിറ്റുകളും ബെസ്റ്റ് ഫൊറോനാകളും

### ബെസ്റ്റ് യൂണിറ്റുകൾ

1. അസംപ്ഷൻ യൂണിറ്റ് – കുറുമ്പനാടം
2. തോമാശ്ലീഹാ യൂണിറ്റ് – കൊല്ലം
3. ലൂർദ് മാതാ യൂണിറ്റ് – ചേന്നംകരി–കൂലിപ്പുര
4. സെന്റ് അൽഫോൻസാ യൂണിറ്റ് – മാവേലിക്കര
5. സെന്റ് ആന്റണീസ് യൂണിറ്റ് – കുറുമ്പനാടം
6. സെന്റ് ജോർജ് യൂണിറ്റ് – എടത്വാ
7. സെന്റ് ജോർജ് യൂണിറ്റ് – ഐക്കരച്ചിറ
8. സെന്റ് ജോർജ് യൂണിറ്റ് – മുട്ടാർ ഓൾഡ്
9. സെന്റ് ജോസഫ്സ് യൂണിറ്റ് – കായൽപ്പുറം
10. സെന്റ് ജോസഫ്സ് യൂണിറ്റ് – ചമ്പക്കര
11. സെന്റ് മേരീസ് യൂണിറ്റ് – പുളിങ്കുന്ന്
12. സെന്റ് മൈക്കിൾസ് യൂണിറ്റ് – തത്തംപള്ളി
13. സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റ് – അയർക്കുന്നം
14. സെന്റ് സേവ്യേഴ്സ് യൂണിറ്റ് – വില്ലൂന്നി
15. സെന്റ് സേവ്യേഴ്സ് യൂണിറ്റ് – വെളിയനാട്
16. സേക്രഡ് ഹാർട്ട് യൂണിറ്റ് – തോട്ടുവാത്തല
17. ഹോളി ക്രോസ് യൂണിറ്റ് – കൂരോപ്പട

### ബെസ്റ്റ് ഫൊറോനാകൾ

ഒന്നാം സ്ഥാനം – പുളിങ്കുന്ന്
രണ്ടാം സ്ഥാനം – നെടുങ്കുന്നം
മൂന്നാം സ്ഥാനം – ആലപ്പുഴ

### ആനിമേറ്റേഴ്സ് മീറ്റ്

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ യൂണിറ്റ്, ഫൊറോനാ ആനിമേറ്റർ മാരുടെ സമ്മേളനം 2026 ജനുവരി 26നു പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ ആനിമേറ്റേഴ് സ്മീറ്റ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് ക്ലാസ്സ് നയിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ആമുഖപ്രസംഗം നടത്തി. അതിരൂപതാ ആനിമേറ്റർ സി. ടെറസീനാ എൽ.ഡബ്ല്യു.എസ്.എച്ച്., അജയ് വർഗീസ്, ലൂസി ഫിലിപ്പോസ്, പോൾ എം.പി. എന്നിവർ പ്രസംഗിച്ചു. വിവിധ ഫൊറോനകളിൽനിന്ന് എത്തി ച്ചേർന്ന ആനിമേറ്റർമാർ സ്വയം പരിചയപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.

### ഡയറക്ടറച്ചന്മാർക്ക് നന്ദി

പോയവർഷത്തിൽ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഫൊറോനാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകു കയും ചെയ്തശേഷം സ്ഥലംമാറി പോകുന്ന ബഹു. ഫൊറോനാ ഡയറക്ട റച്ചന്മാരായ ഫാ. ജോസിൻ കൊച്ചുപറമ്പിൽ, ഫാ. ബിനു ചിറയിൽ, ഫാ. ജോൺസൺ മുണ്ടുവേലിൽ, ഫാ. വർഗീസ് ഇളംപ്ലാശ്ശേരിൽ, ഫാ. ജേക്കബ് കളരിക്കൽ, ഫാ. വർഗീസ് പനച്ചിങ്കൽ, ഫാ. സോണി പള്ളിച്ചിറ, ഫാ. പ്രിൻസ് എതിരേറ്റുകുടിലിൽ, ഫാ. സുനിൽ ആന്റണി എന്നിവർക്ക് അതിരൂപതാ യുവ ദീപ്തി-എസ്.എം.വൈ.എം.ന്റെ നന്ദിയും പ്രാർഥനയും

### സംസ്ഥാനസെക്രട്ടറി

ചങ്ങനാശ്ശേരി അതിരൂപതാംഗം ജോയൽ ജോൺ റോയിയെ കെ.സി.വൈ. എം. സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുത്തു. തലശ്ശേരി അതിരൂപതയിലെ സാൻജോസ് മെത്രാപ്പോലീത്തൻ സ്കൂളിൽ നടത്തിയ വാർഷിക സെനറ്റു യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയത്. മാമ്മൂട് ഇടവകാംഗമായ ജോയൽ ജോൺ റോയി ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നുള്ള കെ.സി.വൈ.എം. സിൻഡിക്കേറ്റ് അംഗവും അതിരൂപതാ മുൻ പ്രസിഡന്റുമാണ്.

### ജപമാല പ്രദക്ഷിണം

അതിരൂപതാ ബൈബിൾ കൺവൻഷനൊരുക്കമായി ഫെബ്രുവരി 17നു അതിരൂപതാകേന്ദ്രത്തിൽനിന്നും എസ്.ബി. കോളേജിലെ മാർ ജോസഫ് പവ്വത്തിൽ നഗറിലേക്ക് (കൺവൻഷൻ നഗർ) യൂവദീപ്തി-എസ്.എം.വൈ.എം. അംഗങ്ങൾ കത്തിച്ചതിരികൾ കൈകളിലേന്തി ജപമാലറാലി നടത്തി. അതി രൂപതാ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, യൂവദീപ്തി-എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, സന്ദേശ നിലയം ഡയറക്ടർ ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ, ഫാ. ടോണി പുതുവീ ട്ടിൽക്കളം, ഫാ. ജേക്കബ് ചീരംവേലിൽ, പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേൽ, ലൂസി ഫിലിപ്പോസ്, അജയ് വർഗീസ്, പോൾ എം.പി., ജോയൽ ജോൺ റോയി, ലാലിച്ചൻ മറ്റത്തിൽ തുടങ്ങിയവർ ജപമാലറാലിക്കു നേതൃത്വം നൽകി.

*ശേഷം പേജ് 48* ➤➤➤

# കാനാ – ദേശീയ കുടുംബ നവീകരണ കേന്ദ്രം
# (NATIONAL CENTRE FOR FAMILY LIFE PROMOTION)

## ഇരുപത്തിയഞ്ചാമത് അന്തർദേശീയ സിമ്പോസിയവും ബിരുദദാന പരിപാടിയും

2026 ജനുവരി 23നു കുടുംബം നേരിടുന്ന ആധുനിക വെല്ലുവിളികളെ അധികരിച്ച് കാനായിൽ അന്തർദേശീയ സിമ്പോസിയം നടന്നു. മൂന്നു ഗവേഷണ പ്രബന്ധങ്ങളാണ് സിമ്പോസിയത്തിൽ അവതരിപ്പിച്ചത്. (1) Evolving Marriage Norms in Contemporary India: Socio-cultural Shifts and Pastoral Challenges. തേവര സേക്രട്ട് ഹാർട്ട് കോളേജിലെ സാമൂഹിക പ്രവർത്തന ഡിപ്പാർട്ടുമെന്റിന്റെ തലവനായ ഫാ. ഡോ. എം. ജോസഫും ഈ വകുപ്പിലെ അസിസ്റ്റന്റു പ്രൊഫസറായ ഡോ. ജാസ്മിൻ മാത്യുവും സംയുക്തമായി അവതരിപ്പിച്ച പ്രബന്ധമാണിത്. (2) Digital Culture and the Reconfiguration of Intimacy and Family Life. തൃക്കാക്കര ഭാരത മാതാ കോളേജിലെ സോഷ്യൽ വർക്കു ഡിപ്പാർട്ടുമെന്റിന്റെ മേധാവിയായ ഡോ. എൽസാ ജേക്കബ് ഈ പ്രബന്ധം അവതരിപ്പിച്ചു. (3) Contemporary Trends and Their Theological Impact on Family: Toward a Renewed Pastoral Vision. ഈ വിഷയത്തെ ആസ്പദമാക്കി റോമിലെ ജോൺ പോൾ സെക്കന്റ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസർ റവ. ഡോ. ഫ്രഞ്ചെസ്ക്കോ പെഷേ മൂന്നാമത്തെ പ്രബന്ധം അവതരിപ്പിച്ചു. ഓരോ പ്രബന്ധാവതരണത്തിനുശേഷവും ഫലപ്രദമായ ചർച്ചയുണ്ടായിരുന്നു. ചങ്ങനാശ്ശേരി അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഡോ. സ്കറിയാ കന്യാകോണിൽ ചർച്ചകൾക്കു മോഡറേറ്ററായിരുന്നു. ഏകദേശം നൂറോളംപേർ സിമ്പോസിയത്തിൽ സംബന്ധിച്ചു.

ബിരുദദാന ചടങ്ങിനു റവ. ഡോ. ടോം കൈനിക്കര സ്വാഗതമാശംസിച്ചു. റവ. ഡോ. ഫ്രഞ്ചെസ്ക്കോ പെഷേ മുഖ്യപ്രഭാഷണം നടത്തി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗ്രാന്റ് വൈസ്ചാൻസലർ മാർ തോമസ് തറയിൽ ബിരുദങ്ങൾ വിതരണം ചെയ്തു. വിവാഹ–കുടുംബ ദൈവശാസ്ത്രത്തിൽ 14 പേർ ലൈസൻഷ്യേറ്റ് കരസ്ഥമാക്കി. ഫാമിലി കൗൺസിലിംഗിൽ 29 പേർ ഡിപ്ലോമാ നേടി.

## ആർച്ചുബിഷപ് കാർലോ മരിയാ പൊൾവാനിയുടെ സന്ദർശനം

റോമിലെ 'സംസ്ക്കാരവും വിദ്യാഭ്യാസവും' എന്ന ഡിക്കാസ്റ്ററിയുടെ സെക്രട്ടറിയായ ആർച്ചുബിഷപ് റവ. ഡോ. കാർലോ മരിയാ പൊൾവാനിയും ഇൻഡ്യൻ സെഷന്റെ സെക്രട്ടറി റവ. ഡോ. പുദോത്താ ആരോഗ്യ ഹൃദയ രാജുവും 2026 ജനുവരി 9നു കാനാ സന്ദർശിച്ചു സന്ദേശം നല്കി.

## മോൺ. റൊണാൾഡ് ക്വിജാനോയുടെ സന്ദർശനം

ഫിലിപ്പീൻസിൽ സ്ഥാപിതമായിരിക്കുന്ന ജോൺ പോൾ സെക്കന്റ് തിയോളജിക്കൽ ഫോറത്തിന്റെ ഡയറക്ടറും ബാക്കൊളോട് രൂപതയുടെ വികാരി ജനറാളുമായ മോൺ. റൊണാൾഡ് ക്വിജാനോ ഫെബ്രു. 1–3 ദിനങ്ങളിൽ കാനായിൽ താമസിച്ചു. അദ്ദേഹം കാനായിലെ വിദ്യാർത്ഥികളുമായി സംവദിക്കുകയും വിവാഹ ദൈവശാസ്ത്രത്തിന്റെ പഠനത്തിന്റെ പ്രാധാന്യം ഏഷ്യൻ പശ്ചാത്തലത്തിൽ വിശദീകരിക്കുകയും ചെയ്തു.

#### സന്ദർശനം

മുംബൈ കാർഡിനൽ എമിരിറ്റസ് മോസ്റ്റ് റവ. ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് ഫെബ്രു. 21ന് കാനാ സന്ദർശിച്ച് വിദ്യാർഥികൾക്കു സന്ദേശം നല്കി.

#### നടന്നു വരുന്ന പരിപാടികൾ

1. സീറോമലബാർ കുടുംബപ്രേഷിതസംഘത്തിന്റെ പേരു മാറ്റുന്നു. ഈ സംഘം ഇനി മുതൽ 'ഓയിക്കോസ് ലീഡർഷിപ്പ് ട്രയിനിംഗ് ഫോർ കപ്പിൾസ് (OLTC)എന്നറിയപ്പെടും. ആദ്യ ബാച്ച് ഫെബ്രു. 8ന് ആരംഭിച്ചു. കാനായിൽ വച്ച് എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 3 മണി മുതൽ 5 മണി വരെയാണ് പരിശീലന പരിപാടി. ഇതിൽ ഇനിയും പങ്കെടുക്കാനാഗ്രിക്കുന്നവർക്കു സ്വാഗതം.
2. ഫാമിലി കൗൺസിലിംഗ്: ആറു മാസം നീളുന്ന ഡിപ്ലോമാ കോഴ്സാണിത്. ഇതിൽ പങ്കെടുക്കുന്നവർക്കു കൗൺസിലിംഗ് നടത്താനുള്ള നിപുണത ലഭിക്കും.
3. കുടുംബനവീകരണധ്യാനം, ജീവിതദർശൻസെമിനാർ മുതലായവ നടത്താൻ ആഗ്രഹിക്കുന്നവർ കാനായുമായി ബന്ധപ്പെടുക.

**ഫാ. തോമസ് വള്ളിയാനിപ്പുറം**
*(ഡയറക്ടർ)*
9495745557

❑

---

➤➤➤ *യുവദീപ്തി – എസ്.എം.വൈ.എം....*

#### മീഡിയാമീറ്റ് സെമിനാർ

അതിരൂപതാ യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ യൂണിറ്റ്–ഫൊറോനാ മീഡിയാ കോർഡിനേറ്റർമാർക്കായുള്ള സെമിനാർ ഫെബ്രുവരി എട്ടിന് കുരിശുംമൂട് മീഡിയാവില്ലേജിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേലിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട് സെമിനാർ ഉദ്ഘാടനം ചെയ്തു. അജയ് വർഗീസ്, ലൂസി ഫിലിപ്പോസ്, മിലൻ ജെ. ഇളപ്പുങ്കൽ, ജോയൽ ജോൺ റോയി എന്നിവർ പ്രസംഗിച്ചു. ഫിലിം മേക്കിങ്, ഡിജിറ്റൽ പോസ്റ്റർ മേക്കിങ് എന്നീ വിഷയങ്ങളെക്കുറിച്ച് മെൽബിൻ സുരേഷ്, എബിൻ ജോസഫ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. മീഡിയ വില്ലേജ് പ്രിൻസിപ്പൽ ഫാ. മാത്യു മുരിയൻകരിചിറയിൽ സമാപനസന്ദേശം നൽകി.

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ**
*(പ്രസിഡന്റ്)*

❑

# കെ.സി.എസ്.എൽ.

സ്നേഹമുള്ളവരെ,

'വിശ്വാസം, പഠനം, സേവനം' എന്ന മുദ്രാവാക്യത്തോടെ കത്തോലിക്കാ വിദ്യാർഥികൾക്കായി പ്രവർത്തിക്കുന്ന കെ.സി.എസ്.എൽ. സംഘടന, ചങ്ങനാശ്ശേരി അതിരൂപതയിൽ അതിന്റെ മനോഹരമായ ഒരധ്യായം പൂർത്തിയാക്കി പുതിയ വർഷത്തിലേക്കു ചുവടുവയ്ക്കുകയാണ്. ഈ അവസരത്തിൽ കഴിഞ്ഞ രണ്ടുവർഷക്കാലം ഈ സംഘടനയെ നയിച്ച ബഹു. ഫാ. മാത്യു പള്ളിച്ചിറയെയും കഴിഞ്ഞ മൂന്നുവർഷക്കാലം സംഘടനയുടെ ഊർജ്ജമായി പ്രവർത്തിച്ച ബഹു. റിൻസ് സാറിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടിവ് ടീമിനെയും നന്ദിയോടെ ഓർക്കുന്നു. കഴിഞ്ഞ ജനുവരിയിൽ നമ്മുടെ അതിരൂപത ആതിഥ്യമരുളിയ കെ.സി.എസ്.എൽ. സംസ്ഥാനകലോത്സവം ഈ സമിതിയുടെ പ്രവർത്തനമികവിന് അടയാളമായി എന്നും നിലനിൽക്കും. എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും പ്രാർഥനയും.

ബഹു. ബിനു വെളിയനാടൻ സാറിന്റെ നേതൃത്വത്തിലുള്ള പുതിയ പതിനഞ്ചംഗ അധ്യാപക എക്സിക്യൂട്ടിവ് തെരഞ്ഞെടുക്കപ്പെട്ട കാര്യം സ്നേഹപൂർവമറിയിക്കട്ടെ. പുതിയ അധ്യായത്തിന് എല്ലാ പിന്തുണയും പ്രാർഥനയും അഭ്യർഥിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജേക്കബ് കളത്തിവീട്ടിൽ**
*(ഡയറക്ടർ)*

**ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ബിനു കുര്യാക്കോസ് വെളിയനാടൻ |
| ജനറൽ ഓർഗനൈസർ | : | സി. മെറിൻ എസ്.എ.ബി.എസ്. |
| ജോയിന്റ് സെക്രട്ടറി | : | സി. ഷാർലറ്റ് എസ്.എച്ച് |
| ട്രഷറർ | : | മനോജ് ചാക്കോ |
| വൈസ് പ്രസിഡന്റ് എൽ.പി. | : | അഞ്ജന സെബാസ്റ്റ്യൻ |
| വൈസ് പ്രസിഡന്റ് യു.പി. | : | ജേക്കബ് ജോൺ |
| വൈസ് പ്രസിഡന്റ് എച്ച്.എസ് | : | എബി ടോം സിബി |
| വൈസ് പ്രസിഡന്റ് എച്ച്.എസ്.എസ് | : | ടോം ചാക്കോ |
| ജീസസ് കിഡ്സ് കോർഡിനേറ്റർ | : | ടിന്റു ആൻ തോമസ് |

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

| | |
|---|---|
| സി. ചൈതന്യ സി.എം.സി. | സജിൻ എൻ |
| സി. റോസ്ബെല്ല എസ്.എ.ബി.എസ്. | സബീഷ് നെടുംപറമ്പിൽ |
| അൽഫോൻസ ജോസഫ് | ജിജോമോൻ തോമസ് |

- ഈ വർഷത്തെ യൂണിറ്റു റിപ്പോർട്ടുകൾ മാർച്ച് 25നു മുമ്പായി അതിരൂപതാ കേന്ദ്രത്തിൽ സമർപ്പിക്കുക.
- ഈ വർഷത്തെ നേതൃത്വപരിശീലന ക്യാംപും വിദ്യാർഥി ഭാരവാഹികളുടെ ഇലക്ഷനും മാർച്ച് 29, 30, 31 തീയതികളിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾ സർക്കുലർ മുഖേന അറിയിക്കുന്നതാണ്.

❑

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ**

നമ്മെ സംബന്ധിച്ചിടത്തോളം ഈ മാസം ഒരുക്കങ്ങളുടെ മാസമാണ്. ഒരു സാമ്പത്തികവർഷംകൂടി അവസാനിക്കുന്ന ഈ അവസരത്തിൽ യൂണിറ്റുകളിലെ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം ഓഡിറ്റ് ചെയ്യുന്നതിനുവേണ്ട ക്രമീകരണങ്ങൾ ആരംഭിക്കേണ്ടതാണ്. നിക്ഷേപ വായ്പാ പട്ടികകൾ, വാർഷിക വരവ് ചെലവ് കണക്കുകൾ എന്നിവ തയ്യാറാക്കുകയും അംഗങ്ങളുടെ പാസുബുക്ക് വരുത്തി പരിശോധനയ്ക്ക് വിധേയമാക്കി വാർഷിക ഇൻസെന്റീവ് നൽകുകയും ചെയ്യേണ്ട സമയമാണിത്. എക്സിക്യൂട്ടിവ് അംഗങ്ങൾ കർമ്മനിരതരായി പ്രവർത്തിക്കേണ്ട അവസരം കൂടിയാണ്. ഒപ്പംതന്നെ നമ്മുടെ യൂണിറ്റിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും സാമൂഹിക ഓഡിറ്റിങ്ങിനു വിധേയമാക്കുകയും കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തനം വിലയിരുത്തുകയും വേണം.

കൂടാതെ യൂണിറ്റ്-മേഖലാ തലത്തിൽ 'അന്താരാഷ്ട്ര വനിതാദിനം' ആചരിക്കപ്പെടുകയാണല്ലോ. ഈ ദിനം സമുചിതമായി ആചരിച്ച് സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ നേട്ടങ്ങളെ അംഗീകരിക്കുകയും അവകാശങ്ങളെക്കുറിച്ച് ബോധ്യം ഉള്ളവരാക്കുകയും ചെയ്യാം.

വളരെ പ്രാധാന്യം അർഹിക്കുന്ന മറ്റൊരുദിനമാണ് മാർച്ച് 22 'ലോക ജല ദിനം'. എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന്റെ അടിസ്ഥാന ഘടകമാണ് ജലം എന്ന് ഓർമ്മപ്പെടുത്തുകയാണ് ഓരോ ജലദിനവും. ജലത്തിന്റെ അമിത ഉപയോഗം കുറച്ച് ജലത്തെ സംരക്ഷിക്കുവാനും സംഭരിച്ച് സൂക്ഷിച്ച് ഉപയോഗിക്കുവാനും നമുക്കാവണം. നീർക്കുഴിനിർമ്മാണം, മഴവെള്ളസംഭരണി നിർമ്മാണം, കിണർ പുനരുജ്ജീവനം, ജലസ്രോതസ്സുകളുടെ വൃത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത് നടത്തുന്നത് അഭികാമ്യമാണ്. പുതുമയാർന്ന പ്രവർത്തനങ്ങൾ സമൂഹത്തിന് നൽകി നമുക്ക് യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പരിശ്രമിക്കാം....

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**സി.ഒ.പി. 30 പഠനശിബിരം:** ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ വ്യതിയാനസമ്മേളത്തിന്റെ (സി.ഒ.പി. 30) പ്രവർത്തന മാർഗരേഖയെക്കുറിച്ച് പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ജനുവരി 28, 29 തീയതികളിൽ നടത്തിയ പഠനശിബിരത്തിൽ ചാസിനെ പ്രതിനിധീകരിച്ച് അസി. ഡയറക്ടർ

ഫാ. ജോർജ് തൈച്ചേരിൽ, പ്രോജക്ട് ഓഫീസർ ആനി കെ. തോമസ് എന്നിവർ പങ്കെടുത്തു.

**ചാസ് ടൂർസ് ആന്റ് ട്രാവൽസ്:** ചാസ് ടൂർസ് ആന്റ് ട്രാവൽസിന്റെ ഭാഗമായി ഫെബ്രുവരി 4 മുതൽ 9 വരെ ദുബായ് (മൂന്നു രാജ്യങ്ങളിലേയ്ക്ക്) ടൂർ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം നേതൃത്വം നൽകി.

**കെ.എസ്.ബി.സി.ഡി.സി. ലോൺ മേള:** കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, ചാസുമായി സഹകരിച്ച് സ്വാശ്രയസംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നതിന് ലോൺ മേള സംഘടിപ്പിച്ചു. ഫെബ്രുവരി 10നു ചാസ് കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ച മേളയിൽ അതിരൂപതാ സിഞ്ചെല്ലൂസും ചാസ് പ്രസിഡന്റുമായ വെരി. റവ. ഫാ. മാത്യു ചങ്ങങ്കരി അദ്ധ്യക്ഷതവഹിച്ചു. കെ.എസ്.ബി.സി.ഡി.സി. ചെയർമാൻ അഡ്വ. കെ. പ്രസാദ് ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ആമുഖസന്ദേശം നൽകി. കോട്ടയം ഡിവിഷണൽ മാനേജർ രാജേഷ് എം. ജി. പദ്ധതിവിശദീകരണവും ചന്ദ്രൻ പി. (വ്യവസായ വാണിജ്യ വകുപ്പ് കോട്ടയം) സംരംഭകത്വ പരിശീലന ക്ലാസും നയിച്ചു. പ്രോജക്ട് കോഡിനേറ്റർ ഷീബാ സന്തോഷ് റിപ്പോർട്ടും പ്രോജക്ട് അസി. വിദ്യ വി. കൃതജ്ഞതയും പറഞ്ഞു. 26 സംഘങ്ങൾക്ക് 1 കോടി 30 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

**വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം:** ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗമായി ജനുവരി 24, ഫെബ്രുവരി 9, 13 തീയതികളിൽ ചങ്ങനാശ്ശേരി അസംപ്ഷൻ, കണ്ണൂർ ഡോൺ ബോസ്കോ, കോട്ടയം ബിസിഎം എന്നീ കോളേജുകളിൽ നിന്നും വിദ്യാർഥികൾ ഇന്റേൺഷിപ്പിനായി ചാസിൽ എത്തി.

**മുട്ടക്കോഴിക്കുഞ്ഞുങ്ങളും കൂടും വിതരണം ചെയ്തു:** ചാസ് വളർത്തുകൂട്ടം പദ്ധതി വഴി വിവിധ യൂണിറ്റുകളിൽനിന്നും ഓഡർ ലഭിച്ചതിൻ പ്രകാരം ഫെബ്രുവരി 16നു രണ്ടുമാസം പ്രായമുള്ള 320 മുട്ടക്കോഴികുഞ്ഞുങ്ങളും കൂടും വിതരണം ചെയ്തു.

## സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 21.01.2026 | ചാഞ്ഞോടി | മഹിമ | 16 |
| 03.02.2026 | മരിയാപുരം | ഉണർവ് | 15 |

### ബാങ്ക് ലോൺ

ചാസിന്റെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി. കളിലെ അംഗങ്ങൾക്കു സ്വയംതൊഴിൽ സംരംഭം ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കും ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 11,50,000 (പതിനൊന്നുലക്ഷത്തി അൻപതിനായിരം) രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 29.01.2026 | ലിറ്റിൽ ഫ്ളവർ | മേരിമാത | ചങ്ങനാശ്ശേരി |
| 03.02.2026 | പ്രതിഭ | അതുല്യ | കാവാലം സെന്റ് തെരേസാസ് |
| 18.02.2026 | നിറദീപം | ഓർക്കിഡ് | ഫാത്തിമാപുരം |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1) എസ്.എച്ച്.ജി. മരണാനന്തര സഹായം:** ഒരു കുടുംബത്തിന് 20,000 രൂപ വീതം 2 കുടുംബങ്ങൾക്ക് 40,000 (നാൽപ്പതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 735. ഔസേഫ് ജോസഫ്, കൊച്ചുപുരക്കൽ | സ്നേഹധാര | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 736. പി.എ. പൗലോസ്, പുത്തൻവീട് | ഒരുമ | കിടങ്ങറ | ചങ്ങനാശ്ശേരി |

**2) മ്യൂചൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 15 കുടുംബങ്ങൾക്ക് 1,50,000 (ഒരുലക്ഷത്തി അൻപതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 1327. അബ്ദുൾ സലാം, മുംതാസ് ഭവൻ | രാജഗിരി | അമ്പൂരി |
| 1328. ജോർജ് മുകുളേൽ | മുടിയൂർക്കര | കുടമാളൂർ |
| 1329. ഔസേഫ് ജോസഫ്, കൊച്ചുപുരക്കൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 1330. ഔസേഫ് ശൗരിയാർ, മുളമൂട്ടിൽ | കൊടുപ്പുന്ന | എടത്വാ |
| 1331. രോഹിദാസ്, ശ്രായിപറമ്പ് | കൊടുപ്പുന്ന | എടത്വാ |
| 1332. തങ്കമ്മ ജോസഫ്, ജെയ്സൺവില്ല | കൊണ്ടാക്കൽ | ചമ്പക്കുളം |
| 1333. സാബു തോമസ്, അനീഷ്ഭവൻ | മാമ്മൂട് | കുറുമ്പനാടം |
| 1334. ലീലാമ്മ മാത്യു, വെട്ടിത്താനം | മാമ്മൂട് | കുറുമ്പനാടം |
| 1335. ഔസേഫ് ഔസേഫ്, മൂന്നുപറയിൽ | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 1336. തോമസ് സ്കറിയ, തൈപ്പറമ്പ് | ആറാട്ടുവഴി | ആലപ്പുഴ |
| 1337. മിനി സന്തോഷ്, മുണ്ടത്താനം | മണ്ണാർകുന്ന് | അതിരമ്പുഴ |
| 1338. റോസമ്മ വർഗ്ഗീസ്, കാലായിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1339. ലളിതമ്മ സദാനന്ദൻ, കൊച്ചുപറമ്പ് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1340. ശാരദാമ്മ ജെ. രാധാവിലാസം | ഫിൽഗിരി | കൊല്ലം |
| 1341. ഉണ്ണി പിള്ള, മരങ്ങാട്ട് | ഫിൽഗിരി | കൊല്ലം |

## മേഖലാവാർത്തകൾ

**നേത്രപരിശോധനാ ക്യാംപ്:** തിരുവല്ല ചൈതന്യ കണ്ണാശുപത്രിയുമായി സഹകരിച്ച് താഴെപ്പറയുന്ന യൂണിറ്റുകളിൽ നേത്ര പരിശോധനാ ക്യാംപ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, യൂണിറ്റ് ഡയറക്ടേഴ്സ്, രാഷ്ട്രീയ-സാമൂഹിക പ്രവർത്തകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. മേഖലാ കോഡിനേറ്റേഴ്സ് നേതൃത്വം നൽകി. കണ്ണിനെ ബാധിക്കുന്ന വിവിധതരം രോഗങ്ങൾ-പരിഹാര മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് ഡോക്ടർമാർ ക്ലാസ്സ് നയിച്ചു. തിമിര ശസ്ത്രക്രിയ ആവശ്യമുള്ളവരെ കുറഞ്ഞ ചിലവിൽ ശസ്ത്രക്രിയയ്ക്ക് വിധേയരാക്കി.

| തീയതി | യൂണിറ്റ് | പങ്കെടുത്തവർ |
|---|---|---|
| ജനുവരി 23 | പുഴവാത് | 48 |

| | | |
|---|---|---|
| ജനുവരി 28 | കുളത്തൂർ | 62 |
| ജനുവരി 30 | പാറേൽ | 132 |
| ഫെബ്രുവരി 15 | വെട്ടിമുകൾ | 118 |

**സ്വാശ്രയസംഘ വാർഷികം:** കാവാലം സെന്റ് ജോസഫ്സ് യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ശാലോം' സ്വാശ്രയസംഘത്തിന്റെ വാർഷികം പള്ളി അങ്കണത്തിൽ ജനുവരി 25നു സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഐസക് ആലഞ്ചേരി പങ്കെടുത്തു. സെക്രട്ടറി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

പങ്ങട യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ഗ്രാമദീപം' സ്വാശ്രയസംഘത്തിന്റെ വാർഷികം ഫെബ്രുവരി 8നു സംഘം സെക്രട്ടറി വിപിൻ ചന്ദ്രന്റെ ഭവനത്തിൽ സംഘടിപ്പിച്ചു. മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡന്റ് മുരളീധരൻ നായർ അദ്ധ്യക്ഷതവഹിച്ചു. സെക്രട്ടറി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**ഫലവൃക്ഷതൈ വിതരണം:** ചാസ് പാറേൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഹരിതഗ്രാമം പദ്ധതിയുടെ ഭാഗമായി ജനുവരി 27നു മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം അംഗങ്ങൾക്ക് ഫലവൃക്ഷതൈ, ജൈവവളം എന്നിവ വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. ഭാരവാഹികൾ നേതൃത്വം നൽകി.

**കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമ്മാരെ ആദരിക്കലും MCP അംഗത്വ നിക്ഷേപ സമാഹരണവും:** വില്ലൂന്നി യൂണിറ്റിൽ കഴിഞ്ഞ 20 വർഷത്തോളം കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരായി സേവനം അനുഷ്ഠിച്ചശേഷം വിരമിച്ച ലിസമ്മ ജോൺ, മേഴ്സി ജോർജ്, ഫിലോമിന മാത്യു എന്നിവരെ ഫെബ്രുവരി 1നു ആദരിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന്റെ ഭാഗമായി അംഗത്വനിക്ഷേപസമാഹരണം നടത്തി. പ്രസിഡന്റ് ജേക്കബ് പോൾ, സെക്രട്ടറി റ്റി. എം. ജോസഫ്, ക്രെഡിറ്റ് യൂണിയൻ കൺവീനർ എൻ. ജെ. ജോസഫ് എന്നിവർ നേതൃത്വം നൽകി.

**കാൻസർ ബോധവത്ക്കണ ക്ലാസ്സ് സംഘടിപ്പിച്ചു**

| *തീയതി* | *സ്ഥലം* | *ക്ലാസ്സ് നയിച്ചത്* |
|---|---|---|
| ഫെബ്രുവരി 4 | തുരുത്തി | ഡോ. രാജു മാത്യു സിറിയക്ക് പുഷ്പഗിരി |
| ഫെബ്രുവരി 4 | ഫാത്തിമാപുരം | ബിനു ജോസഫ് (മേഖലാ കോഡിനേറ്റർ) |
| ഫെബ്രുവരി 4 | സെന്റ് ജോർജ് സ്കൂൾ, മുട്ടാർ (വിദ്യാർഥികൾ) | ഡോ. സി. ലിയ, ഗൈനോക്കോളജിസ്റ്റ് |
| ഫെബ്രുവരി 9 | സെന്റ് ജോർജ് സ്കൂൾ, മുട്ടാർ (അധ്യാപകർ) | ഡോ. സി. ലിയ, ഗൈനോക്കോളജിസ്റ്റ് |
| ഫെബ്രുവരി 7 | അമ്പലപ്പുഴ | ആൻസി വി. എം. (മേഖലാ കോഡിനേറ്റർ) |
| ഫെബ്രുവരി 7 | മുട്ടാർ ഓൾഡ് | ആൻസി വി. എം. |

**ക്ലസ്റ്റർ മീറ്റിങ് സംഘടിപ്പിച്ചു:** മരിയാപുരം, പച്ച-ചെക്കിടിക്കാട് യൂണിറ്റിൽ പുതിയ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി

5, 6 തീയതികളിൽ ക്ലെസ്റ്റർ മീറ്റിങ്ങും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. മേഖലാ കോഡിനേറ്റർ ആൻസി വി. എം., ബിനു ജോസഫ് എന്നിവർ ക്ലാസ്സ് നയിച്ചു.

**സൺഡേ മാർക്കറ്റ് ആരംഭിച്ചു:** തായങ്കരി യൂണിറ്റിൽ ഫെബ്രുവരി 8നു ചാസ് ഹരിത ഫാർമേഴ്സ് ക്ലബിന്റെ നേതൃത്വത്തിൽ സൺഡേ മാർക്കറ്റ് ആരംഭിച്ചു.

**ശ്രവണപരിശോധനാ ക്യാംപ്:** മുട്ടാർ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾക്കുവേണ്ടി ഫെബ്രുവരി 9നു ചങ്ങനാശ്ശേരി 'ശബ്ദ' യുടെ നേതൃത്വത്തിൽ കേൾവി പരിശോധന ക്യാംപ് നടത്തി.

**മേഖലാ സംഗമം:** എടത്വാ മേഖലാ മീറ്റിങ്ങും യൂണിറ്റു ഭാരവാഹികൾക്കുള്ള ട്രെയിനിങ് പ്രോഗ്രാം 'ഉണർവ്' മുട്ടാർ ന്യൂ യൂണിറ്റിൽ ഫെബ്രുവരി 13നു നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോഷി കട്ടപ്പുറം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോഡിനേറ്റർ ബിനു ജോസഫ് ക്ലാസ്സ് നയിച്ചു. മേഖലാ പ്രസിഡന്റ് മനീഷ് മാത്യു, സെക്രട്ടറി പോളി തോമസ്, കോഡിനേറ്റർ ആൻസി വി.എം. എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയസംഘ ഉദ്ഘാടനം:** കടുവാക്കുളം ലിറ്റിൽ ഫ്ളവർ ചാസ് യൂണിറ്റിൽ പുതുതായി രൂപീകരിച്ച 'മാർത്തോമ' സ്വാശ്രയസംഘത്തിന്റെ ഉദ്ഘാടനം ഫെബ്രുവരി 15നു അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് പൂരിപ്പിച്ച അഫിലിയേഷൻ ഫോം മേഖലാ കോഡിനേറ്റർ ടോം സി. തയ്യിലിന് കൈമാറി നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ദേവസ്യ മാക്കിയിൽ, യൂണിറ്റ് പ്രസിഡന്റ് ജോൺസൺ തോമസ്, സെക്രട്ടറി ടോമി ജോസഫ്, സംഘം പ്രസിഡന്റ് രാജേഷ് ജോൺ, സെക്രട്ടറി ചെറിയാൻ പാലത്തിങ്കൽ മറ്റു സംഘാംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**രോഗിദിനം ആചരിച്ചു:** കിളിരൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 15നു രോഗിദിനാചരണത്തോടനുബന്ധിച്ച് യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് ചേക്കോന്തയിൽ രോഗികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥനയും സ്നേഹവിരുന്നും നടത്തി.

**കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് ബോധവത്ക്കരണ ക്ലാസ്സ്:** ചാസിന്റെ പ്രവർത്തനലക്ഷ്യങ്ങൾ, നൂതനപദ്ധതികൾ എന്നിവയെക്കുറിച്ച് ആളുകൾക്ക് അറിവ് നൽകുന്നതിനും, കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരുടെ ചുമതല, ഉത്തരവാദിത്വം എന്നിവയെക്കുറിച്ച് ബോധ്യം നൽകുന്നതിനും ഫെബ്രുവരി 17നു കുറുമ്പനാടം, ഫാത്തിമാപുരം യൂണിറ്റുകളിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. മേഖലാ കോഡിനേറ്റർ ബിനു ജോസഫ് ക്ലാസ്സ് നയിച്ചു.

## എസ്.എൽ.സി.എ.

### IRCA-SLCA സന്ദർശനം

കേന്ദ്ര സാമൂഹ്യ നീതി ശക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ, കോട്ടയം, എറണാകുളം, തൃശൂർ, ജില്ലകളിൽ പ്രവർത്തിക്കുന്ന 16 ഡി-അഡിക്ഷൻ സെന്ററുകളിൽ SLCA ടീം അംഗങ്ങളായ

*ശേഷം പേജ് 61* ➤➤➤

# ചാസ്സ്–ഖാദി ഗ്രാമവ്യവസായമേഖല

## സെമി ഒട്ടോമാറ്റിക്ക് ലൂം വീവിംഗ് കോഴ്സ്

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിൽ നടത്തിവന്ന 6 മാസത്തെ സെമി ഒട്ടോമാറ്റിക്ക് ലൂം വീവിംഗ് കോഴ്സ് ജനുവരി 27നു സമാപിച്ചു. 10 വിദ്യാർഥിനികൾ പരിശീലനം പൂർത്തിയാക്കി ഖാദി തൊഴിലാളികളായി ചാസിന്റെ മല്ലപ്പള്ളി ഖാദി പ്രൊഡക്ഷൻ സെന്ററിൽ സ്ഥിരജോലിയിൽ പ്രവേശിച്ചു.

## ആർട്സ് & ക്രാഫ്റ്റ്സ് കോഴ്സ്

കിടങ്ങറ സ്നേഹതീരം സ്ഥാപനത്തിൽ രണ്ടാഴ്ചത്തെ ആർട്സ് & ക്രാഫ്റ്റ്സ് കോഴ്സ് ഫെബ്രുവരി 28നു സമാപിച്ചു. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന 30 വനിതകൾ പങ്കെടുത്തു.

## ബ്യൂട്ടീഷൻ കോഴ്സ്

വിദ്യാലയയിൽ 2026 ഫെബ്രുവരി മാസം 02ന് ആരംഭിച്ച 2 മാസത്തെ ബ്യൂട്ടീഷൻ കോഴ്സിൽ 10 വിദ്യാർഥിനികൾ പങ്കെടുക്കുന്നു.

## ഏകദിന വ്യവസായ സംരംഭകത്വ ശില്പശാല

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭ്യമുഖ്യത്തിൽ ഫെബ്രുവരി 12നു കോട്ടയം ബസേലിയസ് കോളേജിലും ഫെബ്രുവരി 16നു കോഴഞ്ചേരി സെന്റ് തോമസ് കോളേജിലും ഏകദിന സംരംഭകത്വ ബോധവത്ക്കരണ ശില്പശാല സംഘടിപ്പിച്ചു. ഇതിൽ യഥാക്രമം 25, 45 വിദ്യാർത്ഥികൾ പങ്കെടുടുത്തു.

ഫെബ്രുവരി 10നു വിദ്യാലയയുടെ ആഭിമുഖ്യത്തിൽ ചാസ് ആഡിറ്റോറിയത്തിൽ ഏകദിന വ്യവസായ സംരംഭകത്വ ശില്പശാല സംഘടിപ്പിച്ചു. സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നൽകിവരുന്ന 35% സബ്സിഡിയോടുകൂടിയ ബാങ്ക് വായ്പകൾ ലഭിക്കാനുള്ള മാർഗരേഖകൾ പ്രസ്തുത ശില്പശാലയിൽ അവതരിപ്പിച്ചു. 110 പേർ പങ്കെടുത്തു.

**2026 മാർച്ച് / ഏപ്രിൽ മാസങ്ങളിൽ മല്ലപ്പള്ളി വിദ്യാലയത്തിലും വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലുമായി ആരംഭിക്കുന്ന വിവിധ ഫീ ബേസിസ്, മറ്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|
| മെഴുകുതിരി നിർമ്മാണം | 07.03.2026 | 3 ദിവസം | 300/- | കെ.ജി.വി മല്ലപ്പള്ളി | 20 |
| ബീ കീപ്പിംഗ് ഹോബി കോഴ്സ് | 25.03.2026 | 1 ആഴ്ച | 100/- | ചേർപ്പുങ്കൽ | 15 |
| സെമി ഒട്ടോമാറ്റിക്ക് ലൂം വീവിംഗ് കോഴ്സ് | 20.04.2026 | 6 മാസം | 3000/- | കെ.ജി.വി മല്ലപ്പള്ളി | 10 |
| തയ്യൽ പരിശീലനം | 20.04.2026 | 3 മാസം | 2500/- | തുരുത്തി | 15 |

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
*(ഡയറക്ടർ, ചാസ്സ്-ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*7994111005*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9496807124*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9633521483*

❑

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

'കളർ എ ഹോം' ഭവനനിർമാണപദ്ധതിയിൽ **2025 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2026 ഫെബ്രുവരി 19 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 28 | മണ്ണാർകുന്ന് | 174850 | 69940 |
| 29 | പായിപ്പാട് | 237100 | 94840 |
| 30 | തകഴി | 47230 | 18892 |
| 31 | തടിയൂർ | 18900 | 7560 |
| 32 | മീൻകുളം | 56400 | 22560 |
| 33 | മാന്നാനം | 126958 | 50783 |
| 34 | കണ്ടങ്കരി | 45570 | 18230 |
| 35 | മാമ്മൂട് | 551020 | 220408 |
| 36 | ഏറ്റുമാനൂർ | 429880 | 171952 |
| 37 | ആര്യാട് | 67950 | 27180 |
| 38 | ചേന്നങ്കരി - സെന്റ് ജോസഫ് | 89130 | 35652 |
| 39 | കൊല്ലം | 67150 | 26860 |
| 40 | വില്ലൂന്നി | 353180 | 141272 |
| 41 | കടുവാകുളം | 353180 | 73043 |
| 42 | ചേപ്പുംപാറ | 131112 | 52444 |
| 43 | താഴത്തുവടകര | 61600 | 24440 |
| 44 | പാമ്പാടി | 43310 | 17324 |
| 45 | എടത്വാ | 495020 | 198007 |
| 46 | ഇരവിനല്ലൂർ | 5700 | 2300 |
| 47 | ഐക്കരച്ചിറ | 134150 | 53660 |
| 48 | വാഴപ്പള്ളി വെസ്റ്റ് | 40400 | 16160 |
| 49 | പുന്നമട | 97520 | 39008 |
| 50 | മുട്ടാർ ഐ.സി. | 27050 | 10820 |
| 51 | കുന്നന്താനം | 69600 | 27840 |
| 52 | പുതുക്കരി | 105720 | 42290 |
| 53 | മായം | 19000 | 7600 |
| 54 | വെട്ടിത്തുരുത്ത് | 26760 | 10704 |
| 55 | ആയൂർ | 30250 | 30250 |
| 56 | ചെറിയവെളിനെല്ലൂർ | 19200 | 19200 |
| 57 | അയർകുന്നം | 320640 | 128256 |
| 58 | പറാൽ | 20450 | 8180 |

| | | | |
|---|---|---|---|
| 59 | പള്ളാത്തുരുത്തി | 65500 | 26200 |
| 60 | വടക്കെ അമിച്ചകരി | 81050 | 32420 |
| 61 | തെക്കേക്കര – സെന്റ് ജോൺസ് | 152600 | 61040 |
| 62 | ആർപ്പൂക്കര | 124780 | 49900 |
| 63 | അതിരമ്പുഴ | 1062671 | 425068 |
| 64 | പള്ളിക്കുന്ന് | 60450 | 24180 |
| 65 | കലവൂർ | 43950 | 17580 |
| 66 | ചമ്പക്കര | 302820 | 121128 |
| 67 | കരുമാടി – സെന്റ് ജോസഫ് | 24570 | 9828 |
| 68 | വൈശ്യംഭാഗം | 79640 | 31860 |
| 69 | കാവാലം – സെന്റ് തെരേസാസ് | 185550 | 74220 |
| 70 | തിരുവല്ലം | 50550 | 20220 |
| 71 | കാവാലം – സെന്റ് ജോസഫ് | 27050 | 10820 |
| 72 | മാവേലിക്കര | 66700 | 26680 |
| 73 | പുത്തനങ്ങാടി | 274060 | 109624 |
| 74 | പഴയരൂർ | 11950 | 4780 |
| 75 | അഞ്ചൽ | 33300 | 13320 |
| 76 | ചെങ്കുളം | 7700 | 3080 |
| 77 | കുറ്റിക്കോണം | 16950 | 6780 |
| 78 | കരുമാടി – സെന്റ് നിക്കോളാസ് | 36240 | 14496 |
| 79 | ചമ്പക്കുളം | 548220 | 219288 |
| 80 | കൈതവന | 179030 | 71612 |
| 81 | കുറുമ്പനാടം | 719990 | 287996 |
| 82 | പുളിങ്കുന്ന് | 272080 | 108832 |
| 83 | ആനിക്കാട് | 11800 | 4720 |
| 84 | വെള്ളായണി | 38800 | 15520 |
| 85 | കിടങ്ങറ | 69100 | 27640 |
| 86 | തിരുവനന്തപുരം | 807201 | 322880 |
| 87 | കിഴക്കേ മിത്രക്കരി | 44090 | 17636 |
| 88 | വിരുപ്പാല | 35640 | 14256 |
| 89 | മങ്കൊമ്പ് | 35450 | 14180 |
| 90 | പുന്നവേലി | 52110 | 20844 |
| 91 | ചെത്തിപ്പുഴ | 790940 | 316376 |
| 92 | നാലുകോടി | 562360 | 224944 |
| 93 | ഫിൽഗിരി | 54315 | 54315 |
| 94 | പുലിമുഖം | 19650 | 7860 |
| 95 | കുളത്തൂർ | 55351 | 22000 |
| 96 | നർബോനപുരം | 105700 | 42280 |

*(തുടരും...)*

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### 'ധനം' ഹെൽത്ത് കെയർ അവാർഡ്

മികച്ച ആരോഗ്യ സേവനങ്ങൾക്കുള്ള 2026ലെ ധനം ഹെൽത്ത് കെയർ അവാർഡ് സെന്റ് തോമസ് ഹോസ്പിറ്റലിന്. 100 ബെഡുകൾക്ക് മുകളിലുള്ള ആശുപത്രികളുടെ വിഭാഗത്തിൽ മികച്ച ഓർത്തോപീഡിക് ഹോസ്പിറ്റലായാണ് (Best Orthopedic Hospital) സെന്റ് തോമസ് ഹോസ്പിറ്റലിനെ തിരഞ്ഞെടുത്തത്. ജനുവരി 31നു പ്രമുഖ ബിസിനസ് മാധ്യമമായ 'ധനം' സംഘടിപ്പിച്ച ധനം ഇവന്റ്സ് ചടങ്ങിലാണ് പുരസ്കാരം പ്രഖ്യാപിച്ചത്. അസ്ഥിരോഗ ചികിത്സാരംഗത്ത് ആധുനിക സംവിധാനങ്ങളും മികച്ച പരിചരണവും ഉറപ്പാക്കുന്നതിൽ ആശുപത്രി പുലർത്തുന്ന മികവിനുള്ള അംഗീകാരമാണിത്.

### ആയിരം സൗജന്യ ഡയാലിസിസുകൾ

ആശുപത്രിയുമായി സഹകരിച്ച് ആയിരം രോഗികൾക്ക് അഞ്ച് വർഷത്തിനിടയിൽ സൗജന്യ ഡയലിസിസ് നൽകാൻ ചെത്തിപ്പുഴ ഐസക് & റോസ് ഫൗണ്ടേഷൻ ഹോസ്പിറ്റൽ മാനേജ്മെന്റുമായി ധാരണയിലെത്തി. ഈ ആവശ്യത്തിലേക്കായി ആശുപത്രിക്ക് അന്തർദ്ദേശീയ നിലവാരമുള്ള രണ്ട് ഡയാലിസിസ് മെഷിനുകൾ സംഭാവനയായി നൽകി 2011 മുതൽ വിദ്യാഭ്യാസ കാർഷിക ബോധവത്ക്കരണ പരിപാടികളിൽ പ്രസ്തുത ഫൗണ്ടേഷൻ സജീവമാണ്. ഫൗണ്ടേഷന്റെ ആരോഗ്യരംഗത്തേക്കുള്ള ആദ്യ ചുവടുവെയ്പ്പാണ് ഈ സംരംഭം. ഫെബ്രുവരി 13ന് ആശുപത്രിയിലെ സാന്തോം ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത ആർച്ചുബിഷപ് മാർ തോമസ് തറയിൽ അധ്യക്ഷതവഹിച്ചു. പാർലമെന്റിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ കെ. സി. വേണുഗോപാൽ എം.പി. യോഗം ഉദ്ഘാടനം ചെയ്തു. കർദിനാൾ മാർ ജോർജ് കൂവക്കാട് മുഖ്യാഥിതിയായിരുന്നു. ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജെയിംസ് പി. കുന്നത്ത്, അസോ. ഡയറക്ടറുന്മാരായ ഫാ. മാർട്ടിൻ മുപ്പതിൽച്ചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. ജോസ് പുത്തൻചിറ, എ.ഐ.സി.സി. സെക്രട്ടറി മാത്യു ആന്റണി, ഫൗണ്ടേഷൻ ചെയർമാൻ കുര്യാക്കോസ് സി. ഐസക്, ചിഞ്ചു ജോയി കുര്യൻ, പോൾ മാത്യു എന്നിവർ പ്രസംഗിച്ചു.

### സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

സമൂഹാരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് കണ്ടങ്കരി സെന്റ് ജോസഫ് പള്ളിയിൽ, ഫെബ്രുവരി ഒന്നിന് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. നൂറുകണക്കിന് ആളുകൾ പങ്കെടുത്ത ക്യാംപിൽ വിവിധ വിഭാഗങ്ങളിലായി വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി.

### ചികിത്സാരംഗത്ത് കരുതലിന്റെ സ്പർശം

നിർധനരായ രോഗികൾക്കും പാവപ്പെട്ട വിദ്യാർഥികൾക്കും കൈത്താങ്ങാകാൻ

ലക്ഷ്യമിട്ട് ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ സർഗക്ഷേത്ര ചാരിറ്റി ചാപ്റ്ററിന്റെ 'സ്നേഹസേവനം' പദ്ധതിക്ക് ജനുവരി 26നു തുടക്കമായി. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ ആവശ്യങ്ങൾ കണ്ടെത്തി അവരെ സ്വയംപര്യാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കൂട്ടായ്മ പ്രവർത്തിക്കുന്നത്.

### രോഗീദിനാചരണം

ആശുപത്രിയിൽ ഫെബ്രുവരി 11നു ലൂർദ് മാതാവിന്റെ തിരുനാൾദിനത്തിൽ ലോകരോഗീദിനാചരണം സംഘടിപ്പിച്ചു. ആചരണത്തിന്റെ ഭാഗമായി ഹോസ്പിറ്റൽ ചാപ്പലിൽ പ്രത്യേക തിരുകർമ്മങ്ങൾ നടന്നു.

### ഇഗ്നൈറ്റ് 2K26

സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിങ്ങിന്റെ 2025-26 അധ്യയന വർഷത്തെ സ്റ്റുഡന്റ്സ് നഴ്സസ് അസോസിയേഷൻ (SNA) യൂണിറ്റ് തല കായിക മത്സരങ്ങൾ 'ഇഗ്നൈറ്റ് 2K26' (IGNITE 2K26) ചങ്ങനാശ്ശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്ത് നടന്നു. ഫെബ്രുവരി ഏഴിന് നടന്ന ആവേശകരമായ മത്സരങ്ങളിൽ വിദ്യാർഥികളെ നാലു ഹൗസുകളായി തിരിച്ചാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. കായികമേളയുടെ ഉദ്ഘാടനം STIHAME എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജെയിംസ് പി. കുന്നത്ത് നിർവഹിച്ചു. എസ്.ബി. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ഫാ. റോജി വല്ലയിൽ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. SNA ചെയർപേഴ്സൺ എയ്ഞ്ചൽ ബൈജു അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. ഷൈല ഐപ് വർഗീസ് ആശംസകൾ നേർന്നു

### ചുമതലയേറ്റു

ആശുപത്രിയിൽ കൺസൾട്ടന്റ് ഫിസിഷ്യനായി ഡോ. സെറിൻ ദേവസ്യയും കൺസൾട്ടന്റ് റേഡിയോളജിസ്റ്റായി ഡോ. കീർത്തി വിജയനും പുതുതായി ചുമതലയേറ്റു

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### റിപ്പബ്ലിക് ഡേ ആചരണം

ആശുപത്രിയിൽ ജനുവരി 26നു റിപ്പബ്ലിക് ഡേ ആചരണം നടത്തി. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസിസ്റ്റന്റ് എക്സി. ഡയറക്ടേഴ്സ് ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഫാ. ചാക്കോ ഇടമുറിയിൽ, ഇൻചാർജുമാരുടെയും മറ്റു സ്റ്റാഫംഗങ്ങളുടെയും സാന്നിധ്യത്തിൽ ത്രിവർണ പതാക ഉയർത്തി. ഈ റിപ്പബ്ലിക് ദിനത്തിൽ നമ്മുടെ ഭരണഘടനയും അത് പ്രതിനിധീകരിക്കുന്ന എല്ലാത്തിനെയും സംരക്ഷിക്കുമെന്ന് നമുക്കു പ്രതിജ്ഞയെടുക്കാമെന്നു ഫാ.

തോമസ് മാളിയേക്കൽ ആഹ്വാനം ചെയ്തു. ശേഷം എല്ലാവർക്കും മധുര വിതരണവും നടത്തി.

**ലോക ക്യാൻസർ ദിനാചരണം**

ഫെബ്രുവരി 4 ലോക ക്യാൻസർ ദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ ഡോ. സൂർജിത്ത് സാലിഹിൻെറ നേതൃത്വത്തിൽ ''ചികിത്സയും കരുതലും കൈകോർക്കുമ്പോൾ'' എന്ന വിഷയത്തെ ആസ്പദമാക്കി പ്രത്യേക ബോധ വത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ക്യാൻസർ ചികിത്സയിൽ കഴിയുന്ന രോഗി കളും അവരുടെ കുടുംബാംഗങ്ങളും സജീവമായി പങ്കെടുത്ത ഈ പരിപാടി രോഗത്തെ നേരിടാനുള്ള ആത്മവിശ്വാസം വർധിപ്പിക്കുന്നതായിരുന്നു. പരിപാ ടിക്ക് നേതൃത്വം നൽകിയ ഡോ. സൂർജിത്ത് സാലിഹ് ക്യാൻസറിന്റെ വിവിധ ഘട്ടങ്ങൾ, ചികിത്സാരീതികൾ, പാർശ്വഫലങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ മാർഗങ്ങൾ, പോഷകാഹാരത്തിന്റെ പ്രാധാന്യം എന്നിവ വിശദമായി അവതരി പ്പിച്ചു. രോഗത്തിന്റെ തുടക്കഘട്ടത്തിൽ തന്നെ കണ്ടെത്തിയാൽ വിജയകരമായ ചികിത്സ സാധ്യമാണെന്നും സ്ഥിരമായ പരിശോധനകളും ആരോഗ്യകരമായ ജീവിതശൈലിയുമാണ് പ്രതിരോധത്തിന് അടിസ്ഥാനമെന്നും അദ്ദേഹം വ്യക്ത മാക്കി.

പരിപാടിയിൽ പങ്കെടുത്ത രോഗികളും ബന്ധുക്കളും അവരുടെ അനുഭവ ങ്ങൾ പങ്കുവെച്ചു. രോഗത്തെക്കുറിച്ചുള്ള ആശങ്കകളും സംശയങ്ങളും തുറ ന്നുപറയാൻ ഈ വേദി സഹായകമായി. ആരോഗ്യപ്രവർത്തകരുമായി നേരിട്ട് സംവദിക്കാൻ ലഭിച്ച അവസരം എല്ലാവർക്കും ആത്മവിശ്വാസം പകർന്നു.

**ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റിന്റെ ആശിർവാദകർമ്മം**

ആശുപത്രിയിൽ ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റിന്റെ ആശിർവാ ദകർമ്മം ഫെബ്രുവരി ഏഴിനു എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേ ക്കൽ നിർവഹിച്ചു. അസിസ്റ്റന്റ് എക്സി. ഡയറക്ടേഴ്സ് ഫാ. ആന്റണി പെരു മ്പള്ളിത്തറ, ഫാ. ചാക്കോ ഇടമുറിയിൽ, ഇൻചാർജുമാർ, മറ്റ് സ്റ്റാഫംഗങ്ങൾ എന്നിവർ ചടങ്ങിൽ പങ്കുചേർന്നു. മൈനസ് 185 ഡിഗ്രി സെൽഷ്യസിൽ സ്റ്റോർ ചെയ്തിരിക്കുന്ന ഈ ഓക്സിജൻ പ്ലാന്റ് ഒരു കിലോ ലിറ്റർ ഉള്ളതാണ്. രോഗി കളിലേക്ക് ഓക്സിജൻ സുഗമമായി എത്തിക്കാൻ ഇത് സഹായകമാകുന്നു.

**ലോകരോഗിദിനാചരണം**

ലോകരോഗിദിനാചരണത്തിന്റെ ഭാഗമായി ഫെബ്രുവരി 11നു രോഗികൾ ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർഥന ആശുപത്രി അസി. എക്സി. ഡയറ ക്ടർ ഫാ. ചാക്കോ ഇടമുറിയിലിന്റെ മുഖ്യകാർമികത്വത്തിൽ നടത്തപ്പെട്ടു. നല്ല ആരോഗ്യത്തിനായി നല്ല ശീലങ്ങൾ വിശദമാക്കുന്ന ആരോഗ്യബ്രോഷർ രോഗികൾക്കായി വിതരണം ചെയ്തു, കൂടാതെ, 'സാഹോദര്യത്തിന്റെ സമ റായ ചൈതന്യം' എന്ന സന്ദേശത്തെ ആസ്പദമാക്കി രോഗികളായി ഭവനങ്ങ ളിൽ കിടക്കുന്നവരെ സന്ദർശിക്കുകയും പരിചരണം നൽകുകയും ചെയ്തു. ''നല്ല ആരോഗ്യത്തിന് നല്ല ശീലം'' എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡോ. ഹെഗ്ഗ്ഡേയുടെ നേതൃത്വത്തിൽ ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു.

ആരോഗ്യപരിപാലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ച ഈ ക്ലാസ്സ് രോഗികൾക്കും ബന്ധുക്കൾക്കും ഏറെ പ്രയോജനകരമായി.

**പൊതിച്ചോറ് വിതരണം**

സംസ്ഥാനത്തു ഫെബ്രുവരി 11നു പ്രഖ്യാപിച്ച പൊതുപണിമുടക്ക് ദിവസത്തിൽ ജനങ്ങൾക്ക് ആശ്വാസമായി ആശുപത്രിയിലെ സ്റ്റാഫുകളുടെ നേതൃത്വത്തിൽ നഗരത്തിലെ വിവിധ കേന്ദ്രങ്ങളിൽ ഉച്ചഭക്ഷണപ്പൊതികളും കുടിവെള്ളവും വിതരണം ചെയ്തു. പൊതുനിരത്തുകൾ, ബസ് സ്റ്റാൻഡുകൾ, ആശുപത്രികൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലായി യാത്രക്കാരും തൊഴിലാളികളും ഉൾപ്പെടെയുള്ള നിരവധിപേർക്കാണ് ഭക്ഷണവും വെള്ളവും കൈമാറിയത്.

പണിമുടക്കിനെ തുടർന്ന് ഹോട്ടലുകളും ഭക്ഷണശാലകളും അടഞ്ഞതും ഗതാഗതസൗകര്യങ്ങളിൽ ഉണ്ടായ തടസ്സങ്ങളും കാരണം ബുദ്ധിമുട്ടിലായിരുന്ന ജനങ്ങൾക്ക് ഈ പ്രവർത്തനം വലിയ ആശ്വാസമായി. ആശുപത്രി ജീവനക്കാർ സ്വമേധയാ രംഗത്തെത്തി സേവനപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
**ഫാ. ചാക്കോ ഇടമുറിയിൽ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)*

❑

---

➤➤➤ *ചാസ്സ്...*

ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, റ്റി. എം. മാത്യു തച്ചിലേട്ട്, ഫാ. ജോർജ് തൈച്ചേരിൽ, സോളമൻ ഫെർണാണ്ടസ്, ട്രീസാ മാത്യു എന്നിവർ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.

| *തീയതി* | *സെന്റർ* |
|---|---|
| 19.01.2026 | Galaxy IRCA, Galaxy ODIC, Galaxy CPLI,<br>പ്രതീക്ഷ IRCA, തിരുവനന്തപുരം |
| 21.01.2026 | ഗാന്ധിഭവൻ, അടൂർ, അക്സപ്റ്റ് കറ്റാനം-പുന്നപ്രാ IRCA |
| 23.01.2026 | ADARRT പാല, ജെവഹർ IRCA തലയോലപ്പറമ്പ്, TRADA IRCA മാങ്ങാനം |
| 29.01.2026 | MMM IRCA കോലഞ്ചേരി എറണാകുളം,<br>നിർമ്മൽ നികേതൻ മുക്തിസതൻ പൂക്കാട്ടുപടി,<br>യൂണിറ്റി ഗ്രൂപ്പ് IRCA, പെരുമ്പാവൂർ |
| 30.01.2026 | ഡിവൈൻ IRCA മേലൂർ,<br>നിർമ്മൽ നികേതൻ മുക്തിസതൻ ഫോർ വുമൺ, മൂക്കന്നൂർ<br>സാൻജോ സദൻ IRCA ആനന്തപുരം |
| 02.02.2026 | പ്രതീക്ഷ IRCA തലശ്ശേരി, കണ്ണൂർ<br>ശാന്തി IRCA കോഴിക്കോട് |

❑

# പ്രവാസി അപ്പോസ്തലേറ്റ്

## പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർഥനാശംസകൾ

18-ാം തീയതി രാത്രി ഇന്ത്യൻ സമയം 10 മണിക്ക് ഖത്തർ ചാപ്റ്ററിന്റെ എക്സിക്യുട്ടിവ് മീറ്റിങ് നടന്നു. ഖത്തർ പള്ളിയിൽ അഭി. മാർ തോമസ് തറയിൽ പിതാവ് ധ്യാനിപ്പിക്കാൻ ചെല്ലുന്നതും അതിനെ തുടർന്ന് നടത്തുവാൻ പോകുന്ന ഖത്തർ ചാപ്റ്റർ പ്രവാസി അപ്പോസ്തലേറ്റ് വാർഷികവും വിശദമായി ചർച്ച ചെയ്തു.

പ്രവാസികൾക്കുവേണ്ടി നോർക്കാ ചെയ്യുന്ന സേവനങ്ങൾ എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് ഡയറക്ടച്ചൻ അറിയിച്ചു.

**പ്രവാസികൾക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന സേവനങ്ങൾ:**

**പ്രവാസി വെൽഫെയർ ഫണ്ട്:** പ്രവാസിക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷനും പെൻഷൻ പ്രായത്തിനു മുമ്പ് വിവിധ സാമ്പത്തിക സഹായങ്ങൾ, വിവാഹ ധനസഹായം, ചികിത്സാസഹായം, മരണാനന്തര ധനസഹായം എന്നിവ നൽകുന്നു. 60 വയസിനു മുമ്പ് തിരിച്ചെത്തിയ പ്രവാസികൾക്കും ക്ഷേമനിധിയിൽ അംഗത്വം എടുക്കാവുന്നതാണ്. പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്നവർക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല. മാസതുക അടയ്ക്കാതെ മുടക്കം വന്ന് പെൻഷന് അപേക്ഷിക്കാൻ കഴിയാതെ പോയവർക്ക് 2026 മാർച്ച് 31 വരെ പണമടച്ച് പെൻഷന് അപേക്ഷിക്കാവുന്നതാണ്.

സർക്കാരിന്റെ മറ്റൊരു പദ്ധതിയാണ് **നോർക്കയുടെ ഐ.ഡി. കാർഡുകൾ:** മൂന്നുവർഷമാണ് ഇതിന്റെ കാലാവധി. പ്രവാസി ആയിരിക്കുമ്പോൾ ഉണ്ടാകുന്ന അപടങ്ങൾക്കും മരണങ്ങൾക്കും ഈ കാർഡുള്ളവർക്ക് ധനസഹായം ലഭിക്കുന്നതാണ്.

**സാന്ത്വന പദ്ധതി:** തിരിച്ചെത്തി 10 വർഷം പൂർത്തിയാകാത്ത പ്രവാസികൾക്ക് ചികിത്സാ സഹായവും പ്രവാസ ലോകത്തുവെച്ചു മരണമടഞ്ഞാൽ മരണാനന്തര സഹായവും ലഭിക്കുന്നതാണ്.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

❑

# കത്തോലിക്കാ കോൺഗ്രസ്
# (AKCC)

## ജനപ്രതിനിധികൾ സാമൂഹ്യപുരോഗതിയുടെ നിർണ്ണായ ഘടകം: മാർ തോമസ് തറയിൽ

ജനപ്രതിനിധികൾ സാമൂഹ്യപുരോഗതിയുടെ നിർണ്ണായ ഘടകമാണെന്നും സംശുദ്ധമായ പ്രവർത്തനത്തിലൂടെ മാത്രമേ ഇത്തരത്തിൽ പുരോഗതി കൈവരിക്കുവാൻ കഴിയുവെന്നും ആയതിനാൽ തെരഞ്ഞെടുക്കപ്പെട്ടവർ സത്യസന്ധതയോടും ആത്മാർത്ഥതയോടും കഴിവിനൊത്ത് എല്ലാ മേഖലയുടെയും വളർച്ചയ്ക്കായി പ്രവർത്തിക്കണമെന്നും അതിരൂപതാ ആർച്ചുബിഷപ് മാർ തോമസ് തറയിൽ ഉദ്ബോധിപ്പിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു സ്വയംഭരണ അവകാശം ഉള്ളടത്തോളം കാലം കൂടുതൽ കർമ്മപദ്ധതികൾ അതാത് മേഖലകളിൽ ആവിഷ്കരിക്കുവാൻ കഴിയുമെന്നും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിലൂടെ എല്ലാ വിഭാഗം ജനങ്ങളെയും അറിയുവാനും അവരുടെ പ്രശ്നങ്ങൾ കാണുവാനും പരിഹാരം കണ്ടെത്തുവാനും കഴിയുന്ന തരത്തിൽ തദ്ദേശ സ്ഥാപനങ്ങളെ രൂപപ്പെടുത്തുവാൻ പൊതുപ്രവർത്തകർ എന്ന നിലയിൽ എല്ലാ ജനപ്രതിനിധികൾക്കും ഉത്തരവാദിത്വമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരസ്പരം ബഹുമാനിച്ചും സ്നേഹിച്ചും സഹകരിച്ചും പ്രവർത്തിക്കുന്ന ശൈലി തദ്ദേശസ്ഥാപനാംഗങ്ങളിൽനിന്ന് ഉണ്ടായാൽ അത് പൊതുസമൂഹത്തിന്റെ വളർച്ചക്കും ഉയർച്ചയ്ക്കും കാരണമാകുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായ ജനപ്രതിനിധികൾക്കായി ജനുവരി 23നു സന്ദേശനിലയം ഹാളിൽ അതിരൂപതയുടെ സമുദായ പ്രസ്ഥാനമായ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നൽകിയ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിൽ വിജയിച്ച 160 അതിരൂപതാംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

പ്രസ്തുത സമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപത പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് മുഖ്യസന്ദേശം നൽകി. കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറെവീട്ടിൽ, ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, പബ്ലിക് റിലേഷൻ ജാഗ്രതാ സമിതി ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക് നടുവിലേഴം എന്നിവർ പ്രസംഗിച്ചു. ഡോ. പീറ്റർ എം. രാജ് ക്ലാസ്സ് നയിച്ചു

## നേതൃസംഗമങ്ങൾ

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ ഭാരവാഹികൾ പങ്കെടുക്കുന്ന നേതൃസമ്മേളനങ്ങൾ ജനുവരി 23നു സന്ദേശനിലയം ഹാളിലും ഫെബ്രുവരി

17ന് കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ കേന്ദ്ര ഓഫീസിൽവച്ചും നടത്തപ്പെട്ടു. ഭാവി പരിപാടികളുടെ കൃത്യമായ നിർവഹണം, തുടർ പരിപാടികളുടെ ആവിഷ്കരണം, സമുദായശക്തീകരണ വർഷത്തെ സംഘടനയുടെ പ്രവർത്തന പരിപാടികൾ എന്നിവയ്ക്കു വ്യക്തമായ രൂപം നൽകുവാനും യൂണിറ്റ് ഫൊറോനാ ശക്തീകരണ പരിപാടികൾക്ക് അനുയോജ്യമായ സമയക്രമം രൂപപ്പെടുത്തുവാനും ഈ മീറ്റിങ്ങിലൂടെ കഴിഞ്ഞു.

**യൂണിറ്റ് രൂപീകരണങ്ങൾ**

സമുദായശക്തീകരണ വർഷത്തിൽ എല്ലാ ഇടവകയിലും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് എന്ന ആശയം മുൻനിറുത്തി നടത്തിവരുന്ന യൂണിറ്റ് രൂപീകരണങ്ങളുടെ ഭാഗമായി ഫെബ്രുവരി പതിനഞ്ചിന് മണിമല ഫൊറോനയിലെ കടയനിക്കാട്, കുളത്തൂർ, കരിക്കാട്ടൂർ എന്നീ ഇടവകകളിൽ യൂണിറ്റുകൾ ആരംഭിക്കുവാൻ സാധിച്ചു. പ്രസ്തുത യൂണിറ്റ് രൂപീകരണങ്ങൾക്ക് അതിരൂപത ഡയറകർ ഫാ. സാവിയോ മാനാട്ട്, ഭാരവാഹികളായ ജോർജുകുട്ടി മുക്കത്ത്, ഷിജി ജോൺസൺ, കുഞ്ഞു കളപ്പുര, ജോസി ഡൊമിനിക് എന്നിവർ നേതൃത്വം നൽകി.

**ദൈവോന്മുഖമായ കാഴ്ചപ്പാടുകൾ പൊതുപ്രവർത്തകർ സ്വായത്തമാക്കണം: മാർ ജോസഫ് പെരുന്തോട്ടം**

ആധുനിക കാലഘട്ടം നിരവധിയായ പ്രശ്നങ്ങളിലൂടെ കടന്നുപോകുമ്പോൾ എല്ലാവരിലേക്കും വികസനം എത്തിക്കുവാൻ കഴിയുന്ന കാഴ്ചപ്പാടുകൾ രൂപീകരിക്കുവാൻ ജനപ്രതിനിധികൾക്ക് കഴിയണമെന്നും ദൈവോന്മുഖമായ പ്രവർത്തനശൈലി സമൂഹത്തിൽ പുരോഗമനത്തിന്റെ പാത തുറക്കുമെന്നും അതിരൂപത മുൻ അധ്യക്ഷൻ മാർ ജോസഫ് പെരുന്തോട്ടം മുന്നറിയിപ്പ് നൽകി

എല്ലാവർക്കും വേണ്ടി പ്രവർത്തിക്കാൻ കഴിയുന്നവരാകുമ്പോഴും ക്രൈസ്തവ വീക്ഷണത്തോടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമ്പോഴും അത് ആദ്യം എത്തുന്നത് ഏറ്റവും അർഹരായവരിലേക്ക് ആയിരിക്കുമെന്നതിൽ സംശയമില്ല, സാക്ഷ്യം നിറഞ്ഞ ജീവിതവും ആഴമായ പ്രാർഥനയും ഒരു പൊതുപ്രവർത്തകന് നന്മകളുടെ വിളനിലം ആകുമെന്നും അത്തരത്തിൽ പ്രവർത്തിക്കുന്നവർ സഭാത്മക ജീവിതത്തിലും പൊതുപ്രവർത്തനരംഗത്തും സമുദായരംഗത്തും ഏറ്റവും ശ്രദ്ധിക്കപ്പെടുന്നവരായി എന്നും നിലനിൽക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ്, ഫൊറോന, അതിരൂപതാ ഭാരവാഹികളായി പ്രവർത്തിക്കുന്നവരും ഇക്കഴിഞ്ഞാൽ തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ചവരുമായ ജനപ്രതിനിധികളെ ആദരിക്കുന്നതിനായി ജനുവരി 31ന് അതിരൂപത എക്സിക്യൂട്ടിവിനോടനുബന്ധിച്ച് സന്ദേശനിലയം ഹാളിൽ സംഘടിപ്പിച്ച സ്വീകരണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

*ശേഷം പേജ് 68 ➤➤➤*

# കേരള ലേബർ മൂവുമെന്റ്
# (KLM)

## "അഹ്ദൂഥാ' 26"

## കെ.എൽ.എം.ന്റെ സാമുദായികവർഷം ഉദ്ഘാടനവും ജനപ്രതിനിധികളെ ആദരിക്കലും

ഫെബ്രുവരി ഒന്നിന് ചെത്തിപ്പുഴ തിരുഹൃദയപള്ളി ഓഡിറ്റോറിയത്തിൽ അതിരൂപതാ മുൻ മെത്രാപ്പോലീത്തയും കെ.എൽ.എം. സ്ഥാപക ഡയറക്ടറുമായ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് കെ.എൽ.എം.ന്റെ സമുദായികവർഷം ''അഹ്ദൂഥാ'26'' ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതയുടെ പ്രോട്ടോ സിഞ്ചെള്ളൂസും കെ.എൽ.എം. അതിരൂപത പ്രസിഡന്റുമായ വെരി റവ. ഫാ. ആന്റണി എത്തക്കാട് അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ കെ.എൽ.എം. ജനപ്രതിനിധികളെ ആദരിക്കുകയും ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ. പതാക ഉയർത്തി പരിപാടികൾക്ക് ആരംഭംകുറിച്ചു. ജോയിന്റ് സെക്രട്ടറി ഷാജി കോര സ്വാഗതവും പ്രോഗ്രാം കോഡിനേറ്റർ റ്റിസൺ തോമസ് നന്ദിയുമർപ്പിച്ചു. സംസ്ഥാന ഡയറക്ടർഫാ. സെബാസ്റ്റ്യൻ വലിയതാഴത്തു മുഖ്യപ്രഭാഷണവും അതിരൂപതാ ഡയറക്ടർ ജോസഫ് ചമ്പക്കുളത്തിൽ ആമുഖപ്രസംഗവും നടത്തി. പുഷ്പഗിരി ആശുപത്രിയുടെ സഹകരണത്തോടെ നടത്തുന്ന സ്നേഹത്തണൽ പദ്ധതി ഉദ്ഘാടനം ചെത്തിപ്പുഴ യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കല്ലുകളം നിർവഹിച്ചു. സമ്മാനകൂപ്പണിന്റെ ഉദ്ഘാടനം അതിരൂപതയുടെ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് ജോയിന്റ് സെക്രട്ടറി ലാലി ബോബന് നൽകിക്കൊണ്ട് നിർവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ അതിരൂപതാസമിതിയംഗങ്ങളായ കെ. ഡി. ചാക്കോ സമാഹൃത രജിസ്റ്റർ എഴുതുന്നതിനെക്കുറിച്ചും സോണി പി. ജോർജ് ക്ഷേമനിധികളെപ്പറ്റിയും ക്ലാസ്സുകൾ നയിച്ചു. ഏകദേശം 850 കെ. എൽ.എം. പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തു

## നിർമാണതൊഴിലാളി ക്ഷേമനിധിയംഗങ്ങൾക്ക് ഉപകരണ വിതരണം

Empower Craft Project ന്റെ ഭാഗമായി നിർമാണതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ജോലി ചെയ്യുന്നവരെ സഹായിക്കുവാനായുള്ള ഉപകരണ വിതരണ ഉദ്ഘാടനം ഫെബ്രുവരി ആറിന് അതിരൂപതാ പ്രോട്ടോ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട് നിർവഹിച്ചു. ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ സ്വാഗതവും ജോയിന്റ് സെക്രട്ടറി ഷാജി കോര നന്ദിയും അർപ്പിച്ചു. തുരുത്തി ഫൊറോനാ സെക്രട്ടറി റോസമ്മ കെ. റ്റി. പങ്കെടുത്തു.

## പുതിയ സംഘം

നെടുങ്കുന്നം താഴത്തുവടകര യൂണിറ്റിൽ ജനുവരി 25നു സെന്റ് മേരീസ് എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. ജോൺസൺ തുണ്ടിയിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, നെടുങ്കുന്നം ഫൊറോനാ കോഡിനേറ്റർ

പി. എം. ജോസഫ്, യൂണിറ്റ് കോഡിനേറ്റർ പി. പി. വർഗീസ് എന്നിവർ പങ്കെടുത്തു.

**കെ.എൽ.എം. യൂണിറ്റ് വാർഷികം**

കെ.എൽ.എം. കോട്ടയം പങ്ങട യൂണിറ്റിന്റെ വാർഷികം വികാരി ഫാ. സിറിൽ കൈതക്കളം അദ്ധ്യക്ഷതയിൽ ഫെബ്രുവരി ഏഴിനു നടത്തപ്പെട്ടു. കെ.എൽ.എം. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., കോട്ടയം ഫൊറോനാ ട്രഷറർ ബിനു മാത്യൂ, യൂണിറ്റ് കോഡിനേറ്റർ ബെന്നി റ്റി. എൽ. എന്നിവർ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

കൈനടി സെന്റ് മേരീസ് സംഘാംഗം സിബിച്ചൻ എ. സി. ആലപ്പുത്ര, ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ സംഘാംഗം അലക്സാണ്ടർ കെ. സി. ചെറുവള്ളി കിഴക്കേതിൽ, കുറുമ്പനാടം സെന്റ് അൽഫോൻസ സംഘാംഗം മാത്യു ജോസഫ് മുക്കാടൻ, വെരൂർ സെന്റ് മേരീസ് സംഘാംഗം എം. സി. സെബാസ്റ്റ്യൻ മുളകുപ്പാടം എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും നേരുന്നു.

**മരണാനന്തര സഹായ നിധി**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,30,000 രൂപ ഫെബ്രുവരി 02നു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 173 | കെ. സി. തോമസ് | ഇത്തിത്താനം സെന്റ് അൽഫോൻസ |
| 190 | ജോർജ് സെബാസ്റ്റ്യൻ | വെരൂർ സെന്റ് ജോസഫ്സ് |
| 192 | ജോസഫ് എൻ. ഒ. | പാറമ്പുഴ സെന്റ് ആന്റണീസ് |
| 196 | വർഗ്ഗീസ് കെ. വി. | നാലുകോടി മദർ തെരേസ |
| 197 | സ്കറിയ കെ. ജെ. | പാറമ്പുഴ സെന്റ് ആന്റണീസ് |

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

❑

# ആത്മതാകേന്ദ്രം

**(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)**

സ്നേഹ ബഹു. അച്ചാ,

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എച്ച്.ഐ.വി. ബാധിതർ/ബാധിതരുടെ മക്കളെയും ഇതര നിത്യരോഗികളുടെ മക്കളെയും ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താൻ, നല്ല വിദ്യാഭ്യാസം, ഭക്ഷണം, മറ്റു ജീവിത സാഹചര്യങ്ങളും നൽകാൻ 2004ൽ ആരംഭിച്ച സപ്പോർട്ട് എ ചൈൽഡ് എന്ന പദ്ധതി വഴി 387 കുടുംബങ്ങൾക്കു സഹായം നൽകാൻ നമുക്കുകഴിഞ്ഞു. നമ്മുടെ നാട്ടിലും വിദേശത്തും ജോലി ചെയ്യുന്ന ആളുകളുടെ സഹായം കൊണ്ടാണ് ഇതു സാധിച്ചത്. ഈ വലിയ സാമൂഹ്യസേവനത്തിന് അതിരൂപതാദ്ധ്യക്ഷന്മാരും വൈദികരും സന്യാസിനികളും അല്മായരും കാണിക്കുന്ന പ്രത്യേക പരിഗണനയക്കും പ്രോത്സാഹനത്തിനും നന്ദി. ഇപ്പോൾ നമ്മൾ 112 കുട്ടികളെയാണ് സഹായിക്കുന്നത്.

സഹായത്തിനായുള്ള കുറെ അപേക്ഷകൾ പുതുതായി വരികയും ചില സ്പോൺസർമാർ അവരുടെ ജീവിതസാഹചര്യംകൊണ്ടു സഹായം നിർത്തുകയും ചെയ്തതിനാൽ നമ്മുടെ ഈ പദ്ധതി ഇന്നു വലിയ പ്രതിസന്ധി നേരിടുന്നു. ആയതിനാൽ ഒരു മാസം 1000 രൂപാവീതം (12000 രൂപാ ഒരുവർഷം) തരാൻ പറ്റുന്ന ഒരു സ്പോൺസറെ എങ്കിലും അച്ചന്റെ ഇടവകയിൽ നിന്നും കണ്ടെത്തി ഈ പദ്ധതിയിലേക്ക് നല്കണമെന്ന് അപേക്ഷിക്കുന്നു. 'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്' എന്ന വചനം (വി. മത്തായി 25:40) നമുക്കു നൽകുന്ന സന്ദേശംപാഠം ഉൾക്കൊണ്ട് ഈശോയുടെ വഴി തെരഞ്ഞെടുത്ത് രോഗികൾക്കും അവരുടെ ആശ്രിതർക്കും സഹായമായി തീരാൻ നമുക്ക് ഒന്നിക്കാം.

ആത്മതാകേന്ദ്രത്തിനു നൽകുന്ന സംഭാവനകൾ ചുവടെ ഉള്ള ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാം

1. State Bank of India,S,B.College Branch, A/c No.57002986871,
   IFS CodeSBI N0070394, Director ATMATA KENDRAM
2. Union Bank of Inda Changanacherry Branch,A/c No. 52620201000957,
   IFS Code UBIN0552623, ATMATA kendram

എല്ലാവരുടെയും സഹായസഹകരണങ്ങൾ ക്ഷണിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(ഡയറക്ടർ)*

*ശേഷം പേജ് 70 ➤➤➤*

# ദളിത് കത്തോലിക്കാ മഹാജനസഭ
## (DCMS)

**സ്കോളർഷിപ്പുകൾ**

സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി (എസ്.ഡി.വി.എസ്.) പ്രഫഷണൽ കോഴ്സുകൾ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർഥികൾക്കു വർഷംതോറും നൽകുന്ന സ്കോളർഷിപ്പുകൾ ചങ്ങനാശ്ശേരി അതിരൂപതാ ഡി.സി.എം.എസ്. മുഖേന ഇടവക യൂണിറ്റുകളിലെ അർഹരായ വിദ്യാർഥികൾക്കു (22 പേർക്ക്) ഡി.സി.എം.എസ്. യൂണിറ്റ് മീറ്റിങ്ങുകളിൽ ബഹു. വികാരിയച്ചന്മാർ (ഡയറക്ടർ), രൂപതാ ഭാരവാഹികളുടേയും യൂണിറ്റു ഭാരവാഹികളുടേയും നേതൃത്വത്തിൽ നൽകി.

ഈശോയിൽ സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

❑

---

**➤➤➤ *എ.കെ.സി.സി....***

അതിരൂപത സമിതി സംഘടിപ്പിച്ച കത്തോലിക്ക കോൺഗ്രസ് ഭാരവാഹികളായ ജനപ്രതിനിധികൾക്ക് ആദരവ് നല്കുന്ന സംഗമത്തിൽ അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ അധ്യക്ഷത വഹിച്ചു.

അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക് നടുവിലേഴം, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, ഗ്ലോബൽ സെക്രട്ടറി ജേക്കബ് നിക്കോളാസ്, അതിരൂപതാ വൈസ് പ്രസിഡന്റുമാരായ ജോർജുകുട്ടി മുക്കത്ത്, ഷിജി ജോൺസൺ, റോസിലിൻ കുരുവിള, ജോസി ഡൊമിനിക്ക്, ലാലിമ്മ റ്റോമി, പി.സി. കുഞ്ഞപ്പൻ എന്നിവർ പ്രസംഗിച്ചു.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

❑

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളേ,

**ഭ്രാതൃത്വതല തെരഞ്ഞെടുപ്പ്**

നമ്മുടെ അതിരൂപതയിൽ ഫ്രാൻസിസ്ക്കൻ അൽമായ സഭ പ്രവർത്തിക്കുന്ന എടത്വാ റീജൺ, കുട്ടനാട് റീജൺ, കുറുമ്പനാടം റീജൺ, വാഴപ്പള്ളി റീജൺ എന്നീ നാലു റീജണുകളിലേയും ഇടവകതല ഭ്രാതൃത്വ തെരഞ്ഞെടുപ്പുകൾ പൂർത്തിയായി. ബഹു. വികാരിയച്ചന്മാർ നൽകിവരുന്ന പ്രോത്സാഹനത്തിനു പ്രത്യേകം നന്ദി പറയുന്നു. ഇടവകയിലെ അജപാലന ശുശ്രൂഷകൾക്കിടയിലും എസ്.എഫ്.ഒ. തെരഞ്ഞെടുപ്പുവേളയിൽ സാന്നിധ്യംകൊണ്ടും ആശംസകൾ കൊണ്ടും അനുഗ്രഹിച്ചതിനു നന്ദി.

തെരഞ്ഞെടുപ്പുകൾ വിജയകരമാക്കുവാൻ വളരെയധികം പ്രയത്നിച്ച അതിരൂപതാ ഭാരവാഹികളെയും റീജൺ ഭാരവാഹികളെയും അഭിനന്ദിക്കുന്നു. തെരഞ്ഞെടുപ്പ് വിജയത്തിനായി ഉചിതമായ ക്രമീകരണങ്ങൾ ചെയ്ത ഭ്രാതൃത്വതല ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു. പുതിയ ഭാരവാഹികൾക്ക് എല്ലാ വിജയാശംസകളും നേരുന്നു. ഈ ഫ്രാൻസിസ്ക്കൻ വർഷത്തിൽ നവചൈതന്യത്തോടെയും തീക്ഷ്ണതയോടെയും ദൈവരാജ്യപ്രവേശനത്തിനായി നമുക്കു വ്യാപരിക്കാം, പ്രാർഥിക്കാം.

**കുറുമ്പനാടം റീജൺ:** കുറുമ്പനാടം റീജൺ കൗൺസിൽ മീറ്റിങ് ജനുവരി 26നു കുറുമ്പനാടം ഭ്രാതൃത്വത്തിന്റെ എസ്.എഫ്.ഒ. യോഗശാലയിൽ നടത്തപ്പെട്ടു. റീജൺ മിനിസ്റ്റർ റീജന്റെ കാര്യപരിപാടികൾ വിവരിച്ചു. ഫെബ്രുവരി 28നു കുറുമ്പനാടം റീജൺ സമ്മേളനം മാടപ്പള്ളി ലിറ്റിൽ ഫ്ളവർ ഇടവകയിൽ നടത്തപ്പെട്ടു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ യോഗം ഉദ്ഘാടനംചെയ്തു. വികാരി ഫാ. കുര്യൻ ചക്കുപുരയ്ക്കൽ ആശംസാസന്ദേശം നൽകി. തുടർന്ന് സഭാപാലന ക്ലാസ്സ്, പുതിയ സഭാംഗങ്ങളുടെ സഭാവസ്ത്രസ്വീകരണം, പ്രതിജ്ഞ, വി. കുർബാന, ചർച്ചകൾ, വൈകുന്നേരം ആരാധനയോടുകൂടി സമാപിച്ചു.

**കുട്ടനാട് റീജൺ:** ജനുവരി 17നു കൊണ്ടാക്കൽ സെന്റ് ജോസഫ് ഇടവക പാരിഷ്ഹാളിൽ എസ്.എഫ്.ഒ. കുട്ടനാട് റീജൺ ഭാരവാഹികളുടെ ആലോചനാസമ്മേളനം നടത്തി. ഓരോ ഭ്രാതൃത്വങ്ങളിലെയും 7 ഭാരവാഹികളും സംബന്ധിക്കുകയുണ്ടായി. മാർച്ച് 21നു തെക്കേക്കര സെന്റ് ജോൺസ് ദൈവാലയത്തിൽ നടത്തപ്പെടുന്ന റീജൺ സമ്മേളനത്തിന്റെ കാര്യപരിപാടികൾ റീജൺ മിനിസ്റ്റർ ആന്റപ്പൻ ഓട്ടോക്കാരൻ വിശദീകരിച്ചു.

**എടത്വാ റീജൺ:** റീജൺ കൗൺസിൽ ഫെബ്രുവരി 23നു ഇടവകയുടെ എസ്.എഫ്.ഒ. യോഗശാലയിൽ നടത്തപ്പെട്ടു. മാർച്ചുമാസത്തിലെ റീജൺ സമ്മേളനത്തിന്റെ കാര്യപരിപാടികൾ മിനിസ്റ്റർ സാബു കരിക്കംപള്ളി വിശദീകരിച്ചു.

**വാഴപ്പള്ളി റീജൺ:** ഫെബ്രുവരി 22നു വാഴപ്പള്ളി റീജൺ കൗൺസിൽ മീറ്റിങ് വാഴപ്പള്ളി ഗദ്സമേനി ആശ്രമത്തിൽ നടത്തപ്പെട്ടു.

**സ്വർഗപ്രാപ്തി**

എടത്വാ റീജൺ, പച്ച-ചെക്കിടിക്കാട് ലൂർദ്മാതാ ഭ്രാതൃത്വാംഗം സഹോദരി വള്ളപ്പുരയ്ക്കൽ മേരിക്കുട്ടി തോമസ്, ചങ്ങനാശ്ശേരി കുറുമ്പനാടം റീജൺ, ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ഭ്രാതൃത്വാംഗം സഹോദരൻ ചെറുവള്ളി കിഴക്കേതിൽ കെ.സി. അലക്സാണ്ടർ എന്നീ സഹോദരങ്ങളുടെ സ്വർഗപ്രാപ്തിക്കായി നമുക്കു പ്രാർഥിക്കാം.

**വി. സി. അലക്സ്**
**വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
**ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിച്വൽ അസ്സിസ്റ്റന്റ്)*

❑

➤➤➤ *ആത്മതാകേന്ദ്രം...*

**ഹോമിയോ ചികിത്സാ പദ്ധതി**

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത, സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന ദിവസങ്ങളിലും സ്ഥലങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

| | | |
|---|---|---|
| ചൊവ്വ | (ആലപ്പുഴ) | തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി |
| വ്യാഴം | (കോട്ടയം) | അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി (ചാവറ വീട്, താഴത്തെ നിലയിൽ) |
| വെള്ളി | | ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ |

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കണമെ.

**ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം**

ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **2026 മാർച്ച് 8 മുതൽ മാർച്ച് 13 വരെ** ലഹരിവിമുക്തകുടംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നതാണ്. *മാർച്ച് 8 വൈകുന്നേരം അഞ്ചിന് ആരംഭിച്ച് മാർച്ച് 13 രാവിലെ 9നു* ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിന് ഫീസ് ഉണ്ടായിരിക്കുന്നതല്ല. ഈ ധ്യാനത്തിൽ ലഹരിക്ക് അടിമപ്പെട്ടവർക്ക് പ്രത്യേക ക്ലാസ്സുകളും കൗൺസിലിംഗും ഉൾപ്പെടുത്തിയിട്ടുണ്ട്. ധ്യാനത്തിന് വരുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്. മേൽവിലാസവും, ഫോൺനമ്പരും താഴെ ചേർക്കുന്നു.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യൂവൽ സെന്റർ, കുന്നന്താനം, തിരുവല്ല
0469 2692462, 2693413, 2690414, 8606806228

❑

# വിൻസെൻഷ്യൻ വേദി
# (SSVP)

*പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു, ദൈവപുത്രനെ സ്വന്തമാക്കാത്തനു ജീവൻ ഇല്ല* (1 യോഹ. 5:12).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ആത്മീയവും വിശുദ്ധവുമായ ഒരു പോരാട്ടത്തിന്റെ കാലഘട്ടമായ നോമ്പിന്റെ ദിവസങ്ങളിലൂടെ നാം കടന്നു പോവുകയാണല്ലോ. നോമ്പുകാലം മാനസാന്തരത്തിനുള്ള കാലമാണെന്ന് ഓർമപ്പെടുത്തിക്കൊണ്ടും തിരുവചനത്തിനു ചെവികൊടുത്തുകൊണ്ടും ആത്മാവിന്റെ പ്രചോദനങ്ങളെ സ്വീകരിച്ചുകൊണ്ടും ഈ സമയം ഫലപ്രദമാക്കണമെന്ന് തന്റെ നോമ്പുകാല സന്ദേശത്തിൽ ലിയോ 14-ാമൻ പാപ്പാ നമ്മെ ഓർമ്മപ്പെടുത്തുന്നു. ശ്രദ്ധിക്കുക, ഉപവാസമനുഷ്ഠിക്കുക, കൂട്ടായ്മയിൽ ജീവിക്കുക എന്നീ കാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കാൻ പരിശുദ്ധപിതാവ് ആഹ്വാനം ചെയ്യുന്നു. തിരുവചനം വായിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുക. അനുദിനജീവിതത്തിൽ ഒത്തിരിയേറെ സ്വരങ്ങൾ നാം ശ്രദ്ധിക്കാറുണ്ട്. ദുരിതമനുഭവിക്കുന്നവരുടെ, വേദനിക്കുന്നവരുടെ, സമൂഹം ചർച്ച ചെയ്യാനാഗ്രഹിക്കുന്നവരുടെ സ്വരം തിരിച്ചറിയാൻ ദൈവത്തിന്റെ വചനം നമ്മെ സഹായിക്കുന്നു. പാപ്പായുടെ സന്ദേശം പൂർണ്ണരൂപത്തിൽ നമ്മുടെ ജ്ഞാനവായനയ്ക്കായി ഉപയോഗിക്കാനും ചർച്ച ചെയ്യാനും സ്നേഹപൂർവം അഭ്യർഥിക്കുന്നു.

നാം സ്വന്തമാക്കേണ്ട രണ്ട് അനുഗ്രഹങ്ങളാണ് ഹൃദയത്തിന്റെ നിർമ്മലതയും മനസ്സിന്റെ വിശുദ്ധിയും അലങ്കോലപ്പെട്ട മനസ്സും ബന്ധിക്കപ്പെട്ട ഹൃദയവും നമ്മുടെ വിശുദ്ധി നഷ്ടപ്പെടുത്തുന്നു. നമ്മുടെ മനസ്സ് നിർമ്മലമാകണം, പവിത്രമാകണം ഒപ്പം സ്വതന്ത്രമാകണം. അങ്ങനെയാകുമ്പോൾ എല്ലാം ദൈവത്തിനുവേണ്ടി ചെയ്യാൻ നമുക്കു സാധിക്കും. അങ്ങയുടെ സന്നിധിയിൽ എപ്പോഴും നിർമ്മലഹൃദയരും, പ്രസന്നവദനരും നിഷ്ക്കളങ്കരുമായി വ്യാപരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണേയെന്ന് പരിശുദ്ധ കുർബാനയിൽ നാം പ്രാർഥിക്കുന്നുണ്ടല്ലോ. അതിനേറ്റവും ആവശ്യമായത് കുഞ്ഞുങ്ങളുടേതുപോലുള്ള ഹൃദയമുണ്ടാവുക എന്നതാണ്. പ്രായമേറുന്തോറും ഉള്ളിലുള്ള കുഞ്ഞിനെ നമുക്കു നഷ്ടമാകുന്ന അവസ്ഥയാണുള്ളത്. കുടുംബബന്ധങ്ങളിലും സാമൂഹ്യബന്ധങ്ങളിലുമൊക്കെ നാം കടുപ്പക്കാരായി മാറുന്നു. ആരും എനിക്കു വെല്ലുവിളിയാവാനോ, എനിക്കു മീതെ വളരാനോ പാടില്ല എന്ന ചിന്തയിൽ എന്റെ ഏറ്റവും വലിയ വിഗ്രഹമായി ഞാൻ മാറുകയും ചെയ്യുന്നു. മറ്റുള്ളവർക്കുള്ള ഏക പോംവഴി എന്നെ അംഗീകരിക്കുകയും എന്റെ ആശയങ്ങളോടു ചേരുകയും ചെയ്യുക എന്നതാവുന്നു. തെറ്റിനെ തെറ്റായി കാണാനുള്ള എളിമ പോലും നമുക്കു നഷ്ടപ്പെടുന്നു. ഉള്ളിൽ കർത്താവിന്റെ സാന്നിധ്യം ഉണ്ടാവുക എന്നതാണ് പ്രധാനം. 'ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ' (കൊളോസോസ് 3:15) എന്നു വി. പൗലോസ് ആശംസിക്കുന്നുണ്ടല്ലോ. എല്ലാവരെയും സ്വീകരിക്കാനും സ്നേഹിക്കാനും ഉൾക്കൊള്ളാനും

സാധിക്കണം. കുത്തിമുറിവേല്പിച്ചവനെയും വേദനിപ്പിച്ചവരെയും ചങ്കോടു ചേർത്ത ഈശോയുടെ സ്നേഹമാകണം നമ്മുടെ മാതൃക. 'ഹൃദയമൊന്നു തുറന്ന്, ഹൃദയത്തിന്റെ കണ്ണുകൊണ്ടു നോക്കിയാൽ കാണേണ്ട കാഴ്ച കാണും' എന്നു കൽക്കട്ടയിലെ വി. തെരേസ പറയുന്നുണ്ട്. വിധിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതിനു പകരം മാറ്റങ്ങൾക്കു വിധേയരാകുവാൻ നമുക്കു പരിശ്രമിക്കാം.

മിശിഹായുടെ പീഡാനുഭവ-മരണ-ഉത്ഥാനരഹസ്യങ്ങളുടെ ഓർമ്മ ആചരണത്തിലേക്കു നാം കടക്കുകയാണല്ലോ. 'പിടിച്ചുകെട്ടിയാലും പിടഞ്ഞു വീഴാത്ത, അടിച്ചുകൊന്നാലും അവസാനിക്കാത്ത, കുഴിച്ചുമൂടിയാലും കൊഴിഞ്ഞു പോകാത്ത, ഉയിരെടുത്താലും ഉത്ഥാനം ചെയ്യുന്ന ഒന്നുണ്ടെങ്കിൽ അതിന്റെ പേര് സത്യമെന്നാണ്. സത്യത്തെ കുഴിച്ചുമൂടാം പക്ഷെ ഒരിക്കലും തോൽപ്പി ക്കാനാവില്ല' (റവ. ഫാ. തോമസ് മുകളിൽ). മനുഷ്യൻ അടച്ചുവച്ച കല്ലറയ്ക്കും എടുത്തുവച്ച കല്ലുകൾക്കും തന്നെ ഒതുക്കാനാവില്ല എ്നു തെളിയിച്ചു കൊണ്ട് ഈശോ ഉത്ഥാനം ചെയ്തു. ഉത്ഥിതൻ നമ്മിൽ വസിക്കുന്നു എന്നതാണ് നമ്മുടെ മേന്മ. ഏവർക്കും ഉത്ഥാന തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

നമ്മുടെ വി.ഒ.സി. കോഴ്സിന്റെ മൂന്നാംബാച്ചിന് നല്ല പ്രതികരണമാണു ലഭിച്ചത്. കോഴ്സ് ഉദ്ഘാടനം ചെയ്ത സിഞ്ചെള്ളൂസ് വെരി റവ. ഫാ. സ്കറിയാ കന്യാക്കോണിൽ സമുദായശക്തീകരണത്തിന്റെ പ്രാധാന്യം വിശദീകരിക്കു കയുണ്ടായി. വിശ്വാസത്തെക്കുറിച്ചും ധാർമികതയെക്കുറിച്ചും നമുക്കറിവു വേണം. വചനം വായിക്കുക, പഠിക്കുക, പ്രഘോഷിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. സമുദായത്തിന്റെ പ്രാധാന്യവും അതിന്റെ സാമൂഹ്യമാ നവും നമ്മൾ മനസ്സിലാക്കണം. ലെയോ 14-ാമൻ പാപ്പായുടെ പ്രഥമ അപ്പസ് തോലിക ലേഖനമായ 'ദിലേക്സി തേ' (ഞാൻ നിന്നെ സ്നേഹിച്ചു) അദ്ദേഹം വിശദീകരിച്ചു. വി.ഒ.സി.സി. അടുത്ത ക്ലാസ്സുകൾ മാർച്ച് 14, 20 തീയതികളിൽ ആവും നടക്കുക. ഇനിയുള്ള വർഷങ്ങളിൽ നമ്മുടെ സെൻട്രൽ കൗൺസിൽ വാർഷികം മെയ് മൂന്നാം ഞായറാഴ്ചയെന്നു ക്രമീകരിച്ച വിവരം ഇതിനകം അറിയിച്ചിട്ടുള്ളതാണ്. ഇത്തവണ മെയ് 17നു തൃക്കൊടിത്താനത്തുവച്ച് വാർ ഷികം നടക്കും. നമ്മുടെ സെൻട്രൽ കൗൺസിൽ പ്രത്യേക സൊസൈറ്റി യായി രജിസ്റ്റർ ചെയ്തല്ലോ. എല്ലാ കോൺഫറൻസുകളുടെയും കണക്കുകൾ ക്രോഡീകരിച്ച് നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരികൾക്കു കൊടുക്കാൻ നാം ബാധ്യസ്ഥരായതിനാൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർഥിക്കുന്നു. ഇക്കാര്യത്തിലും അക്കൗണ്ട് ആരംഭിക്കുന്നതു സംബന്ധിച്ചുമുള്ള നിർദേശങ്ങൾ വാട്സ് ആപ്പിലൂടെ നൽകു ന്നത് കൃത്യമായി ശ്രദ്ധിക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*
❑

# കരിസ്മാറ്റിക് നവീകരണം

''കരിസ്മാറ്റിക് നവീകരണ മുന്നേറ്റം ഈശോയിൽനിന്നും വലിയൊരു സമ്മാനം സ്വീകരിച്ചിട്ടുണ്ട്. സഭയിലും സഭയ്ക്കുവേണ്ടിയും കൃപയുടെ മഹാപ്രവാഹ മായി തീരാൻ ആവശ്യമായ ഊർജ്ജവുമായാണ് നിങ്ങൾ ജനിച്ചുവീണത്.'''

പോപ്പ് ഫ്രാൻസിസ്, ജൂൺ 1, 2014

### ജൂബിലി/വചന സന്ദേശപ്രയാണവും നൈറ്റ് വിജിലും

ഫെബ്രുവരി അഞ്ചിന് ജൂബിലിസന്ദേശപ്രയാണം ചങ്ങനാശേരി സോണിൽ എത്തി. ചങ്ങനാശേരി സോണിലെ സെന്റ് ജോൺസ് കത്തീഡ്രൽ ചർച്ച് (തിരുവല്ല), സെന്റ് പോൾസ് ചർച്ച് (വേഴപ്ര, കുട്ടനാട്), സെന്റ് ജോൺ ബാപ്റ്റിസ്റ്റ് ചർച്ച് (നെടുംകുന്നം), സെന്റ് ജോർജ് ചർച്ച് (തോട്ടക്കാട്, കുറുമ്പനാടം), സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് (കൊടിനാട്ടുംകുന്ന്, കുന്നന്താനം), പാറേൽ സെന്റ് മേരീസ് ചർച്ച് (ചങ്ങനാശേരി) എന്നീ ഇടവകകളിൽ പ്രയാണത്തിന് സ്വീകരണം നൽകി. അന്നേദിവസം ചെത്തിപ്പുഴ കാർമൽ ധ്യാനകേന്ദ്രത്തിൽ നടന്ന ജാഗരണപ്രാർഥനയ്ക്ക് കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ തൌണ്ടയിൽ നേതൃത്വം നൽകി. വിവിധ രൂപതാകേന്ദ്രങ്ങളിലൂടെ കടന്നുപോകുന്ന പ്രയാണം ഈ മാസം 24നു കാസർകോട് സോണിൽ അവസാനിച്ചു.

### സർവീസ് ടീം മീറ്റിങ്

ജനുവരിമാസത്തെ സർവീസ് റ്റീം മീറ്റിങ് ജനുവരി പത്തിന് പാസ്റ്ററൽ സെന്റർ ഓഫീസിൽ ആനിമേറ്റർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു. കരിസ്മാറ്റിക് നവീകരണത്തിന്റെയും ക്രിസ്തു ജയന്തിയുടെയും ജൂബിലിയുമായി ബന്ധപ്പെട്ടു തുടർന്ന് വരുന്ന വിവിധ പരിപാടികളുടെ പുരോഗതി വിലയിരുത്തുകയുണ്ടായി.

### ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് റ്റീം യോഗം ജനുവരി മൂന്നിന് ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ സാൻജോ-മീനു ദമ്പതികളുടെ ഭവനത്തിൽ (സെന്റ് ആന്റണീസ് ഇടവക മുത്തൂർ) നടത്തപ്പെട്ടു. പുതിയ ദമ്പതീ സെൽ ഗ്രൂപ്പുകൾ തുടങ്ങേണ്ട ആവശ്യത്തെക്കുറിച്ച് വചനസന്ദേശമധ്യേ അച്ചൻ ഓർമിപ്പിച്ചു. അടുത്ത മീറ്റിങ് ഫെബ്രുവരി 28നു പാസ്റ്ററൽ സെന്റർ ഓഫീസിൽ നടത്താമെന്ന് തീരുമാനിച്ചു.

**ബൈബിൾ കൺവൻഷനുവേണ്ടി മാദ്ധ്യസ്ഥ്യപ്രാർഥന:** ഫെബ്രുവരി 18 മുതൽ നടന്ന ചങ്ങനാശേരി ബൈബിൾ കൺവൻഷനുവേണ്ടിയുള്ള മാദ്ധ്യസ്ഥ്യപ്രാർഥന അതിരൂപതയിൽനിന്നും നിർദേശിച്ചതനുസരിച്ചു കരിസ്മാറ്റിക് ശുശ്രൂഷയുടെ നേതൃത്വത്തിൽ ഓൺലൈനായി ദിവസംതോറും നടത്തപ്പെട്ടു. കൂടാതെ കൺവൻഷന് ഒരുക്കമായി കൺവൻഷൻ നഗറിന് വലംവെച്ച് ജെറിക്കോ പ്രാർഥനയും തുടർന്നുവരുന്നു.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

❑

# മാർ തോമസ് തറയിൽ

**ജനുവരി**

30 അതിരൂപതാകേന്ദ്രത്തിൽ സഹൃദയ ഹോസ്പിറ്റൽ ബോർഡ് യോഗത്തിലും കുറ്റിച്ചൽ ലൂർദ് മാതാ കോളേജ് ജനറൽ ബോഡിയിലും അധ്യക്ഷത വഹിച്ചു. സന്ദേശനിലയത്തിൽ കെ.സി.എസ്.എൽ. സംസ്ഥാന തല മത്സര വിജയികളെ അനുമോദിച്ചു. വടക്കേക്കര സെന്റ് മേരീസ് ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

31 കൈനകരി സെന്റ് മേരീസ് ദൈവാലയത്തിൽ ബഹു. മ്ശംശാന തേവർകാട് തോമസിന്റെ പട്ടംനൽകൽ ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. എസ്.ബി. സ്കൂൾ ഓഡിറ്റോറിയത്തിൽ അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റ് അധ്യാപകരുടെ യാത്രയയപ്പു സമ്മേളനം ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി എസ്.ബി. സ്കൂളിൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തി. മായം സെന്റ് മേരീസ് പള്ളിയിൽ അമ്പൂരി ഫൊറോന വൈദിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

**ഫെബ്രുവരി**

01 തിരുമല തിരുഹൃദയ ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. കാര്യവട്ടം സെന്റ് ജോസഫ് ഇടവകാംഗം ശ്രീമതി. ഏലിക്കുട്ടി ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കണ്ണമൂല മദർ തെരേസാ പള്ളിയിൽ തിരുവനന്തപുരം ഫൊറോന വൈദിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

02 അതിരൂപതാകേന്ദ്രത്തിൽ രൂപതയിലെ നവവൈദികർക്കൊപ്പം പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും നവവൈദിക പരിശീലന പരിപാടിയിൽ ക്ലാസ് നയിക്കുകയും ചെയ്തു.

03 കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഹാളിൽ കാഞ്ഞിരപ്പള്ളി മുൻ മെത്രാൻ അഭി. മാർ മാത്യു അറയ്ക്കൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയിൽ ആശംസകൾ അറിയിച്ചു.

03–10 ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ സി.ബി.സി.ഐ. യോഗത്തിൽ പങ്കെടുത്തു.

11 ചുങ്കപ്പാറ അസീസി സെന്റർ സ്പെഷ്യൽ സ്കൂളിന്റെ രജത ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു. മാമ്മൂട് ലൂർദ് മാതാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ചു സന്ദേശം നൽകി. ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ സിനാക്സിസ് യോഗത്തെ അഭിസംബോധന ചെയ്തു.

12 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാന അർപ്പിച്ചു. കോട്ടയം ലൂർദ് ഫൊറോനാ പള്ളിയിൽ ഇടവക ദിനാഘോഷം ഉദ്ഘാടനം ചെയ്തു. പബ്ലിക് അഫയേഴ്സ് കമ്മീഷൻ ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു.

13 പച്ച ലൂർദ്ദ് മാതാ ദൈവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് പരി. കുർബാന അർപ്പിച്ചു സന്ദേശം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ഐസക്ക് & റോസ് ഫൗണ്ടേഷന്റെ ഡയാലിസിസ് മെഷിൻ കൈമാറൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ടീച്ചേഴ്സ് ഗിൽഡ് പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു.

14 സന്ദേശനിലയത്തിൽ ചങ്ങനാശ്ശേരി അതിരൂപത അൾത്താര ബാലന്മാരുടെ സംഗമം ഉദ്ഘാടനം ചെയ്തു. എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന യോഗത്തിൽ അധ്യക്ഷത വഹിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് കാതറിൻ ഓഫ് സിയന്ന കോൺഗ്രിഗേഷന്റെ പ്രഥമ വ്രതവാഗ്ദാന കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. രാമങ്കരി സെന്റ് ജോസഫ് ഇടവകാംഗങ്ങളായ ചേന്നാട്ടുശ്ശേരി ബഹു. ജോസ്, തോമസ് അച്ചന്മാരുടെ മാതാവ് ശ്രീമതി. റോസാമ്മ ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷയുടെ സിമിത്തേരിയിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ ദൈവാലയത്തിൽ നോമ്പുകാലത്തിന്റെ ആരംഭത്തോടനുബന്ധിച്ച് ആഘോഷമായ റംശായ്ക്കു കാർമ്മികത്വം വഹിച്ചു സന്ദേശം നൽകി.

15 അയിരൂർ ലൂർദ് മാതാ ദൈവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും എൽ.എസ്.ഡി.പി. പ്രൊവിഡൻസ് ഹോം സന്ദർശിക്കുകയും മാരാമൺ കൺവെൻഷനിൽ സംബന്ധിക്കുകയും ചെയ്തു. തുരുത്തി മർത്ത് മറിയം ഫൊറോനാ പള്ളിയിൽ ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന വടവാതൂർ മേജർ സെമിനാരിയിലെയും തെള്ളകം കപ്പൂച്ചിൻ വിദ്യാഭവനിലെയും ബഹു. ബ്രദേഴ്സിന്റെ ഒത്തുചേരലിൽ അധ്യക്ഷത വഹിച്ചു.

16 ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിഭൂതി തിരുനാൾ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

17 പീരുമേട്ടിൽ അതിരൂപതയിലെ 2025-26 വർഷത്തെ പുത്തനച്ചന്മാരുടെ സംഗമത്തിൽ സംബന്ധിച്ചു. വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ സ്റ്റാഫ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

18 ചങ്ങനാശ്ശേരി അസീസി ഭവൻ കോൺവെന്റിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കുമരകം നവനസ്രത്ത് തിരുകുടുംബ ഇടവകാംഗം

കരുവേലി ബഹു. സോണി അച്ചന്റെ പിതാവ് ശ്രീ കെ. എം. തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. എസ്.ബി. കോളേജിൽ ചങ്ങനാശ്ശേരി അതിരൂപത ബൈബിൾ കൺവെൻഷൻ ഉദ്ഘാടന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

19 ചാലക്കുടി പോട്ട കൺവെൻഷനിൽ വചനസന്ദേശം നൽകി. തിരുവല്ല പുലാത്തീൻ അലക്സാണ്ടർ മെമ്മോറിയൽ ഹാളിൽ അഭി. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ 77ാം ജന്മദിനാഘോഷത്തിൽ ആശംസകളറിയിച്ചു.

20 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ അതിരൂപതയിൽ നിന്നും വേർപിരിഞ്ഞ വൈദികർക്കായി ഓർമ്മ കുർബാനയർപ്പിച്ച് സന്ദേശം നൽകി. എസ്.ബി. കോളേജിലെ പടിയറ ഹാളിൽ ബർക്മൻസ് അവാർഡ് യോഗത്തിൽ അധ്യക്ഷത വഹിക്കുകയും സീനിയർ സിറ്റിസൺസ് ഫോറം സംഗമത്തിൽ സന്ദേശം നൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ സന്ന്യാസഭവനങ്ങളിലെ സുപ്പീരിയേഴ്സ് യോഗത്തിൽ അധ്യക്ഷത വഹിക്കുകയും എസ്.ബി. കോളേജിൽ അതിരൂപതാ ബൈബിൾ കൺവെൻഷനിൽ സംബന്ധിക്കുകയും ചെയ്തു

21 അഭി. കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസിനൊപ്പം കബറിടപ്പള്ളിയിൽ പരി. കുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ അതിരൂപതാ സൺഡേ സ്കൂൾ അധ്യാപക സംഗമത്തിൽ മുഖ്യസന്ദേശം നൽകുകയും കുരിശുംമൂട് മീഡിയ വില്ലേജിൽ ആർച്ചുബിഷപ് പവ്വത്തിൽ ഫൗണ്ടേഷൻ യോഗത്തിൽ പ്രസംഗിക്കുകയും ചെയ്തു. കുറിച്ചി മൈനർ സെമിനാരിയിൽ അഭി. കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് പിതാവിനെ സ്വീകരിച്ചു.

22 ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ അതിരൂപതാ യുവജനകൺവൻഷനിൽ സന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി യോഗത്തിൽ അധ്യക്ഷത വഹിച്ചു. ചങ്ങനാശ്ശേരി അതിരൂപതാ ബൈബിൾ കൺവെൻഷൻ സമാപനത്തിൽ പരി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

23 അതിരൂപതാകേന്ദ്രത്തിൽ ഫിനാൻസ് കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

24 ബാംഗ്ലൂർ സെന്റ് അന്തോണീസ് ഫ്രയറി ദൈവാലയത്തിൽ സൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആരംഭകനും പുന്നക്കുന്നത്തുശ്ശേരി ഇടവകാംഗവുമായ ഷെവ. ജെ. ഫിലിപ്പിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു.

25 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ 1979-2001 ബാച്ച് വൈദികരുടെ തുടർപരിശീലനത്തിൽ സന്ദേശം നൽകുകയും അതിരൂപതാ കേന്ദ്രത്തിൽ സമുദായ ശക്തീകരണ നേതൃയോഗത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. നിരണം സെമിനാരിയിൽ ക്ലാസ് നയിച്ചു.

❑

**ജനുവരി 2026**

27 കൂത്രപ്പള്ളി സെന്റ് മേരീസ് ഇടവകാംഗവും കുഴുപ്പിൽ ബഹു. തോമസ് അച്ചന്റെ മാതാവുമായ അച്ചാമ്മ സേവ്യറിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. കാഞ്ഞിരപ്പള്ളി രൂപത ചെറുവള്ളി സെന്റ് മേരീസ് ഇടവകാംഗവും സി.എം.ഐ. തിരുവനന്തപുരം പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ എളന്തോട്ടം പെരിയ ബഹു. ആന്റണി അച്ചന്റെ മാതാവുമായ മേരിക്കുട്ടി ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമങ്ങൾക്കു കാർമികത്വം വഹിച്ചു.

28 എടത്വാ സെന്റ് അലോഷ്യസ് കോളജ് മാനേജരായി ശുശ്രൂഷ നിർവഹിച്ച വൈക്കത്തുകാരൻവീട്ടിൽ പെരിയ ബഹു. ഫിലിപ്പ് അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ ആശംസകളർപ്പിച്ചു സംസാരിച്ചു.

29 പുന്നപ്ര ദനഹാലയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോർമേഷൻ ആൻഡ് കൗൺസലിങ്ങ് സെന്ററിന്റെ ഹോം ഡേ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

30 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

31 പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽ ചെമ്പകശ്ശേരിയിൽ ഇമ്മാനുവേൽ - പുതിയിടം മരിയ എന്നിവരുടെ വിവാഹം ആശീർവദിച്ചു. ചങ്ങനാശ്ശേരി അതിരൂപത എ.കെ.സി.സി.യുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ വിജയിച്ച അംഗങ്ങളെ ആദരിച്ച ചടങ്ങിൽ പങ്കെടുത്തു.

**ഫെബ്രുവരി**

03 വടവാതൂർ സെന്റ് തോമസ് ഇടവകാംഗം പുതിയിടം ത്രേസ്യാമ്മ തോമസിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

04 അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശ്ശേരി അതിരൂപതയ്ക്കുവേണ്ടി പൗരോഹിത്യം സ്വീകരിച്ച നവവൈദികർക്ക് ക്ലാസ്സെടുത്തു. ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ഇടവകാംഗം തേവലക്കര ത്രേസ്യാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

05 കരിസ്മാറ്റിക് കൺവെൻഷന്റെ സുവർണ്ണ ജൂബിലി ഭാഗമായി ചെത്തിപ്പുഴ കാർമൽ മൗണ്ടിൽ ചങ്ങനാശ്ശേരി സോണിൽ നടത്തിയ സ്വീകരണ ധ്യാനത്തിൽ വചനപ്രഘോഷണം നടത്തി.

06 ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പൂർവികരുടെ അനുസ്മരണദിവസം പരിശുദ്ധ കുർബാനയർപ്പിച്ചു.

07 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പീലിയാനിക്കൽ ബഹു. തോമസ് അച്ചന്റെ 'ഫ്രാൻസിസ് മാർപാപ്പയുടെ പരിസ്ഥിതി ആത്മീയത' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു. അതി

രൂപതാകേന്ദ്രത്തിൽ ഡോ. പി. സി. അനിയൻകുഞ്ഞ് & ടി. എ. തോമസ് എന്നിവർ തയ്യാറാക്കിയ 'ദി വേർഡ് ആൻഡ് വെൽത്ത് ഇക്കണോമിക്സ് ഇൻ ദി ബൈബിൾ' എന്ന പുസ്തകത്തിന്റെ പ്രകാശനസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. ളായിക്കാട് സെന്റ് ജോസഫ്സ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

08 കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു, ഇടവകയിലെ രോഗികളായവരുടെ ഭവനങ്ങൾ സന്ദർശിച്ചു. അയിരൂർ ലൂർദ് മാതാ പള്ളിയുടെ ശതാബ്ദിയാഘോഷസമാപന സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

09 മാടപ്പള്ളി ലിറ്റിൽ ഫ്ളവർ പള്ളിയിൽ സി. സെലിക്സീന പടിഞ്ഞാറേകൂറ്റിന്റെ ഒന്നാം ചരമവാർഷികദിനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജ് സുവോളജി ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ പ്രാവുകളുടെ പ്രദർശനത്തിൽ പങ്കെടുത്തു.

11 കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്ററിലെ ചാപ്പൽ കൂദാശ ചെയ്തു. മുണ്ടുപാലം സെന്റ് മേരീസ് പള്ളിയിൽ റാംശാ പ്രാർഥന ചൊല്ലി, കുരിശടി വെഞ്ചരിച്ചു.

12 പച്ച -ചെക്കിടിക്കാട് ലൂർദ് മാതാപള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. തോട്ടയ്ക്കാട് സെന്റ് ജോർജ് പള്ളി ഇടവകാംഗവും ദൈവാലയ ശുശ്രൂഷിയുമായ പരുത്തിനിലം ജോസഫ് തോമസിന്റെ വീട് വെഞ്ചരിച്ചു. കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

13 തിരുവല്ല ജോയ് ആലുക്കാസിൽ ഡയാലിസിസ് പേഷ്യൻസിന് മെഡിക്കൽ കിറ്റ് വിതരണം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതാ മെത്രാനായിരുന്ന അഭി. മാർ മാത്യു അറയ്ക്കൽ പിതാവിന് മേൽപ്പട്ട ശുശ്രൂഷയുടെ രജതജൂബിലി മംഗളങ്ങൾ ആശംസിച്ചു പൊന്നാട അണിയിച്ചു. കാഞ്ഞിരപ്പള്ളി നല്ലതണ്ണി മാർ തോമാ ശ്ലീഹാ ദയറായിൽ നസ്രാണിമാർഗം കൂട്ടായ്മാംഗങ്ങളോടൊപ്പമുള്ള റംശായ്ക്കു കാർമികത്വം വഹിച്ചു.

14 കാഞ്ഞിരപ്പള്ളി നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ നസ്രാണിമാർഗം കൂട്ടായ്മാംഗങ്ങളോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു; അവർക്കു ക്ലാസ്സെടുത്തു.

15 നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളി ഇടവകാംഗവും മാർ ഇവാനിയോസ് കുര്യാക്കോസ് തിരുമേനിയുടെ വത്സല മാതാവുമായ തങ്കമ്മ എബ്രഹാമിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ഇരവിനല്ലൂർ അസംപ്ഷൻ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിച്ച്, അജപാലനമന്ദിരം വെഞ്ചരിച്ചു.

16 കോട്ടയ്ക്കപ്പുറം സെന്റ് മാത്യൂസ് പള്ളിയിൽ അമ്പതുനോമ്പാരംഭത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാന, വിഭൂതിയുടെ ശുശ്രൂഷകൾ എന്നിവയ്ക്കു കാർമികത്വംവഹിച്ചു.

17 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പാറേൽ മരിയൻ ടവർ മ്യൂസിയം കമ്മറ്റിയിൽ പങ്കെടുത്തു. കൊടുനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം വടക്കേപുതുപ്പറമ്പ് വേണു ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

18 കുമരകം നവനസ്രത്ത് ഹോളിഫാമിലി ഇടവകാംഗം കരുവേലിൽ ബഹു. ഫ്രാൻസിസ് അച്ചന്റെ പിതാവ് കെ. എം. തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ പള്ളിയിലെ കർമ്മത്തിന് കാർമികത്വം വഹിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

20 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ 27-ാമത് അതിരൂപതാ ബൈബിൾ കൺവെൻഷനോടനുബന്ധിച്ചു സംഘടിപ്പിച്ച മുതിർന്ന മാതാപിതാക്കളുടെ സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

21 ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ 27-ാമത് അതിരൂപതാ ബൈബിൾ കൺവെൻഷനിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുരിശുംമൂട് മീഡിയ വില്ലേജിൽ ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിൽ ഫൗണ്ടേഷൻ (എ.ജെ.പി.എ.ഫ്) ഉദ്ഘാടനത്തിൽ പങ്കെടുത്തു അനുഗ്രഹ പ്രഭാഷണം നടത്തി.

22 പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ് പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഫോമിൽ ചാപ്പൽ പുനർകൂദാശ ചെയ്തു.

24 ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചേന്നംങ്കരി സെന്റ് ജോസഫ് ഇടവകാംഗം മൂന്നാറ്റിൻമുഖം ബഹു. മാത്യു അച്ചന്റെ പിതാവ് ശ്രീ. എം.സി. ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മത്തിന് കാർമ്മികത്വംവഹിച്ചു. വാഴപ്പള്ളി സി. ഡെയ്സി കൊച്ചുപുരയ്ക്കൽ എസ്.എ.ബി.എസ്.ന്റെ മൃതസംസ്കാരത്തിന്റെ ഒന്നാംഭാഗശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു.

25 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ തുടർപരിശീലനത്തിൽ (1979-2001) പരി. കുർബാനയർപ്പിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഇടവകാംഗം ബ്രദർ കണിച്ചേരിൽ ചെറിയാന്റെ ഭവനം സന്ദർശിച്ചു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ഇടവകാംഗം പാലാക്കുന്നേൽ ബഹു. ചെറിയാൻ അച്ചന്റെ പെങ്ങൾ ശ്രീമതി എലിസബത്ത് ജോൺ കാഞ്ഞിക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

❑




**Mar Thomas Tharayil**
Metropolitan of Changanacherry

# ENGAGEMENTS | MARCH 2026

| | | |
|---|---|---|
| 01 | 10:00 am | Chapel Blessing & Holy *Qurbana* @ Infant Jesus Hospital, Manimala |
| | 03:30 pm | Message: SMYM *Dharna* @ Ramankary |
| | 04:30 pm | Bible Convention Volunteers' Get-together @ Archbishop House |
| | 06:30 pm | Online Lenten Retreat Message: Israel |
| 02 | 09:00 am | Office Bearers' Meeting @ POC |
| | 07:00 pm | Public Affairs Commission Online Meeting |
| 03 | 11:00 am | Farewell Meeting @ SB College |
| | 05:30 pm | Blessing of Renovated Building @ Punnapra |
| 04 | 06:30 am | Holy *Qurbana* @ Kunnamthanam |
| | 11:30 am | Message: Priests' Ongoing Formation @ Kunnamthanam |
| | 02:30-04:00 pm | Visitors |
| | 05:00 pm | Mar Kavukattu Chapel Blessing @ Chethipuzha |
| 05 | 06:15 am | Holy *Qurbana* @ Savigna Convent, Thrickodithanam |
| | 10:00 am | Forane Vicars' Meeting @ Archbishop House |
| | 05:00 pm | Catechism Text Committee @ Archbishop House |
| 06 | 08:30 am | *Curia* |
| | 10:30 am | Consultors' Body |
| | 02:30 pm | Visitors |
| | 06:30 pm | Convention Message @ Parampuzha |
| | 09:15 pm | CLC Online Meeting |
| 07-09 | | Pastoral Visit @ Lourdes Forane Church Thiruvananathapuram |
| 09 | 04:00 pm | Platinum Jubilee @ St. Mary's UP School, Mayam |
| 10 | 06:45 am | Holy *Qurbana* @ Pastoral Centre |
| | 11:00 am | Interaction with Youth : Shalom @ SB College |
| | 05:30 pm | *Kurishadi* Blessing @ Thuruthy |
| 11 | 09:00 am | Message: Priests' Ongoing Formation @ Kunnamthanam |
| | 11:30 am | Requiem Holy *Qurbana* @ Cathedral |

| | | |
|---|---|---|
| | 02:30 pm | Visitors |
| | 06:00 pm | Class @ Niranam Seminary |
| 12 | 06:00 pm | Message @ Kothamangalam Marthoma Convention |
| 13 | 08:30am | *Curia* |
| | 11:00 am | Estate Managers' Meeting @ Archbishop House |
| | 02:30 pm | Visitors |
| 14 | 10:00 am | Pastoral Council @ SB College |
| | 03:00 pm | Inauguration : Thrickodithanam Forane Community Empowerment Year @ Nalukody |
| 15 | 08:00 am | Pastoral Visit @ Kaippuzha |
| 16-22 | | Lenten Retreat @ Qatar |
| 22 | 07:00 pm | Patron's Day @ Media Village |
| 23 | | Engaged |
| 24 | 04:30 pm | Trust Meeting : Chethipuzha Hospital @ Archbishop House |
| | 06:30 pm | Major Seminary Gathering @ Kurichy Seminary |
| 25 | 06:30 am | Diaconate @ Cathedral |
| | 09:00 am | *Curia* |
| | 03:00 pm | *Eliswa Ministry* Online Meeting |
| | 05:00 pm | Chapel Blessing @ Mariapuram |
| | 06:30 pm | Home Day @ Niranam Seminary |
| 26 | 11:00 am | House Blessing @ Champakkara |
| | 06:00 pm | Inter Department Meeting @ Archbishop House |
| 27 | 08:30 am | *Curia* |
| | 11:00 am | Visitors |
| | 03:00 pm | *Karuvallikkad Kurishumala* Pilgrimage |
| 28 | | Mathru – Pithruvedhi Leaders' Meet @ Cathedral |
| 29 | 06:00 am | Osana @ Cathedral |
| 30 -31 | | Engaged |

**FR. SECRETARY- 8078088468**

❑



# ENGAGEMENTS | MARCH 2026

**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

| | | |
|---|---|---|
| 01 | 06:00 am | Holy *Qurbana* @ *Marth Mariam* Forane Church, Thuruthy |
| | 04:00 pm | Felicitation: Mattam *Kudumbaygam* @ Ayarkunnam |
| 02-13 | | *Mar Thoma Sleeha Dayara*, Nallathanni |
| 08 | 02:30 pm | Inauguration: Forane *Mathru Veedi, Pithru Veedi, Vanitha Dinam* @ Pullinkunnu |
| 11 | 02:30 pm | Inauguration: Diamond Jubilee St. Nicholas' L.P. School @ Karumady |
| 15 | 07:15 am | Holy *Qurbana* @ Sacred Heart Karimpanakulam |
| 17 | 04:00 pm | *Ramsa* & Holy *Qurbana* @ St. Mary's Basilica, Champakulam – Kalloorkad |
| 18 | 06:15 am | Holy *Qurbana* @ Cheeramchira A.S.M.I. Generalate |
| 19 | 10:00 am | Holy *Qurbana* @ St. Joseph's Church, Kavalam |
| | 05:00 pm | Holy *Qurbana* @ St. Joseph's Pastoral Centre, Changanacherry |
| 20 | 06:30 am | Holy *Qurbana* @ *Beth Thoma Dayara*, Palamattom |
| 21 | 06:15 am | Holy *Qurbana* @ S.A.B.S, Vazhappally (S.H. Convent) |
| 22 | 06:45 am | Holy *Qurbana* @ St. Antony's Church, Perunna East |
| 25 | 06:30 am | *Diaconate* @ St. Mary's Metropolitan Church, Changanacherry |
| 27 | 06:30 am | Holy *Qurbana* @ *Beth Thoma Dayara*, Palamattom |
| 29 | 06:00 am | Holy *Qurbana* @ St. Xavier's Forane Church, Thrickodithanam |

**FR. SECRETARY- 9447507393**

❑

# മൂന്നാം ചരമവാർഷികം
(മാർച്ച് 18)

ഭാഗ്യസ്മരണാർഹനായ
**മാർ ജോസഫ് പവ്വത്തിൽപിതാവിന്**
അതിരൂപതാകുടുംബത്തിന്റെ
പ്രാർഥനാഞ്ജലികൾ...



# 26-ാം ചരമവാർഷികം
(മാർച്ച് 23)



അതിരൂപതയുടെ
മുൻ മെത്രാപ്പോലീത്തായും
സീറോമലബാർസഭയുടെ
പ്രഥമ മേജർ ആർച്ചുബിഷപ്പുമായ
**മാർ ആന്റണി പടിയറ**
പിതാവിന്റെ ഓർമയ്ക്കുമുമ്പിൽ
പ്രണാമം...

**VEDAPRACHARA MADHYASTAN VOL.98 No.09 2026 March**
Date of Publication: 28-02-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month
Rs 25/-




**തിരുസഭയുടെ സംരക്ഷകനും**
**അതിരൂപതയുടെ മധ്യസ്ഥനുമായ**
## മാർ യൗസേപ്പിതാവിന്റെ തിരുനാളാശംസകൾ

Estd. 1928
Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org